# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2020 നവംബർ 26 / ദീപം 53 / നാളം 29 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.org




# വളർച്ചയിലേക്ക് എത്ര ദൂരം?




റ്റി. സി. മാത്യു


ഒരു മഴയും തോരാതിരുന്നിട്ടില്ല. ഒരു രാത്രിയും ഉദയത്തിലേക്ക് എത്താതിരുന്നിട്ടില്ല. സാമ്പത്തികത്തളർച്ചയിൽ നിന്നു രാജ്യങ്ങൾ തിരിച്ചുകയറാതിരുന്നിട്ടുമില്ല.

ഇന്ത്യയിലും അങ്ങനെതന്നെ സംഭവിക്കും, തീർച്ച. സംഭവിക്കുകയും വേണം. തിരിച്ചുകയറ്റം ഇതിനകം തുടങ്ങിക്കഴിഞ്ഞു എന്നാണു സർക്കാർ അവകാശപ്പെടുന്നത്. അതിനു ചില കണക്കുകൾ അവതരിപ്പിക്കുന്നുമുണ്ട്. ഓഹരിവിപണിയുമായി ബന്ധപ്പെട്ടവരും ആവേശകരമായ ചിത്രം പങ്കുവയ്ക്കുന്നു.

സാമ്പത്തികത്തകർച്ചയിൽ നിന്നു കരകയറുക എന്നത് അനിവാര്യം. എത്രയും നേരത്തേ അതു നടക്കുക എന്നത് എല്ലാവർക്കും ആഗ്രഹമുള്ള കാര്യംതന്നെ. പക്ഷേ, അതു തുടങ്ങിയെന്നു വിശ്വസിക്കാൻ തക്ക കാര്യങ്ങൾ ആയിട്ടില്ല എന്നതാണു സത്യം.

**കണക്കുകൾ നിരുപദ്രവികൾ**

ഒക്ടോബർമാസത്തിലെ ജിഎസ്ടി പിരിവ് കൊവിഡിനു മുമ്പത്തെ ഒരു ലക്ഷം കോടി രൂപ നിലവാരത്തിലേക്ക് ഉയർന്നതു മുതൽ കമ്പനികളുടെ ലാഭം വർധിച്ചതുവരെയുള്ള കണക്കുകളാണു സർക്കാർ ഇതിനായി നിരത്തുന്നത്. ഈ കണക്കുകളൊന്നും തെറ്റല്ല, കൃത്രിമവുമല്ല. കണക്കുകൾ അതിൽത്തന്നെ നിരുപദ്രവികളാണ്. അവയെ വ്യാഖ്യാനിച്ചാണ് നല്ലതും ചീത്തയുമായ നിഗമനങ്ങളിൽ എത്തുന്നത്. സാമ്പത്തികരംഗത്തു തിരിച്ചു കയറ്റം തുടങ്ങി എന്നു സ്ഥാപിക്കാൻ ഉദ്ധരിക്കുന്ന കണക്കുകൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും.

**ഒക്ടോബറിലെ നികുതിപിരിവിൽ കണ്ടത് ഉണർവോ?**

ഒക്ടോബറിൽ ജിഎസ്ടി പിരിവ് ഒരു ലക്ഷം കോടി രൂപ കവിഞ്ഞു. തലേമാസത്തെ വില്പനയുടെ നികുതിയാണ് ഈ മാസം കിട്ടുക. അതായത് സെപ്റ്റംബറിലെ വ്യാപാരത്തിന്റെ നികുതിയാണ് ഒക്ടോബറിൽ കിട്ടുക. ഒക്ടോബർ - നവംബർ ഉത്സവസീസണാണ്. രാമനവമി, ദസറ, ദീപാവലി തുടങ്ങിയവ ഉൾപ്പെട്ട കാലം. സ്വാഭാവികമായും ഉത്സവസീസൺ കണക്കാക്കി വ്യാപാരികൾ കൂടുതൽ സാധനങ്ങൾ സ്റ്റോക്ക് ചെയ്യും. അതല്ലേ ജി എസ് ടി പിരിവിലെ വർധനയ്ക്കു കാരണമെന്നു ചിന്തിക്കുന്നതിൽ അപാകതയില്ല. കുറെ മാസങ്ങളായി ലോക്ഡൗണും മറ്റു തടസങ്ങളുംമൂലം നടക്കാതിരുന്ന വ്യാപാരം ഉത്സവ സീസണിൽ നടക്കുമെന്നു വ്യാപാരിസമൂഹം പ്രതീക്ഷിച്ചിരുന്നുതാനും. നവംബറിലെയും ഡിസംബറിലെയും നികുതിപിരിവുകൂടി കണ്ടാലേ യഥാർഥത്തിൽ വ്യാപാരം കൂടിയോ എന്നറിയൂ.



**വാഹനവില്പനയുടെ കണക്കുകൾ മനസിലാക്കാൻ ....**

സമീപമാസങ്ങളിൽ വാഹനവില്പന പൊടിപൊടിച്ചു നടക്കുകയാണെന്ന മട്ടിൽ വാർത്തകൾ വരുന്നുണ്ട്. വാഹനനിർമാണക്കമ്പനികൾ പുറത്തുവിടുന്ന കണക്ക് ഉദ്ധരിച്ചാണ് ഈ റിപ്പോർട്ടുകൾ.

ഈ കണക്കുകൾക്ക് ഒരു തകരാർ ഉണ്ട്. കമ്പനിയിൽനിന്ന് ഡീലർമാരുടെ അടുത്തേക്ക് അയച്ച വാഹനങ്ങളുടെ സംഖ്യയാണ് അതിലുള്ളത്. ഡീലറുടെ പക്കൽനിന്നു വിറ്റുപോയതിന്റെ കണക്കല്ല. അതുകൊണ്ടാണ് വാഹനവില്പനയിൽ നല്ല വർധന എന്ന റിപ്പോർട്ടുകൾ കാണുമ്പോഴും നിരത്തുകളിൽ പുതിയ വണ്ടികൾ അധികം കാണാത്തത്.

വാഹനരജിസ്ട്രേഷന്റെ കണക്കുകൾ വച്ച് വാഹനഡീലർമാരുടെ സംഘടന ചൂണ്ടിക്കാട്ടിയത് ഒക്ടോബറിൽ രാജ്യത്തെ വാഹനവില്പന കഴിഞ്ഞ വർഷം ഒക്ടോബറിനെ അപേക്ഷിച്ച് 20 ശതമാനം കുറവാണെന്നാണ്. അതാണു സത്യവും.

ശ്രദ്ധിക്കേണ്ട മറ്റൊന്നുകൂടി ഉണ്ട്. ഇരുചക്ര-മുച്ചക്രവാഹനങ്ങളുടെ വില്പനയാണ് കാറുകളുടെ വില്പനയേക്കാൾ താഴോട്ടുപോയത്.


12


# ആളൊരുങ്ങി അരങ്ങൊരുങ്ങി






ഇഗ്നേഷ്യസ് കലയന്താനി


കൊവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽ ഇത്തിരി വൈകിയാണെങ്കിലും സംസ്ഥാനത്ത് തദ്ദേശഭരണതിരഞ്ഞെടുപ്പിന് കളം ഒരുങ്ങി. ഡിസംബർ 8, 10, 14 തീയതികളിലാണ് വോട്ടെടുപ്പ്. കൊവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന ഈ തിരഞ്ഞെടുപ്പിൽ പത്രിക സമർപ്പണത്തിലും പ്രചാരണത്തിലും വോട്ടിംഗിലും കൊവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണമെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പിന് ആഴ്ചകൾ മാത്രം അവശേഷിക്കേ മൂന്നു മുന്നണികളും അരയും തലയും മുറുക്കി രംഗത്തിറങ്ങിക്കഴിഞ്ഞു. രാഷ്ട്രീയമുന്നണികളെക്കൂടാതെ പ്രാദേശികമായി രൂപംകൊണ്ട ജനകീയ കൂട്ടായ്മകളും ചിലയിടങ്ങളിൽ അങ്കത്തിനിറങ്ങിയിട്ടുണ്ട്. കിഴക്കമ്പലത്ത് ടന്റി 20. എറണാകുളത്ത് വി ഫോർ കൊച്ചി.

നിയമസഭാ തിരഞ്ഞെടുപ്പിനു മുന്നോടിയായുള്ള ഈ തിരഞ്ഞെടുപ്പ് അടുത്ത നിയമസഭ ആരു പിടിക്കുമെന്നുള്ളതിന്റെ ഒരു സൂചനകൂടിയായി മുന്നണികൾ കണക്കാക്കുന്നു. 2015 ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി വലിയ മുന്നേറ്റം ഉണ്ടാക്കുകയും തുടർന്നുവന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ആ വിജയം നിലനിർത്തുകയും ചെയ്തിരുന്നു.

കൊവിഡ്ഭീഷണിയിൽ കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വോട്ടുപിടിത്തത്തിന്റെ രൂപത്തിലും ഭാവത്തിലും ഇത്തവണ അടിമുടി മാറ്റം വന്നിട്ടുണ്ട്. പണ്ടത്തെപ്പോലെ കൂട്ടമായി നടന്നുള്ള ഭവനസന്ദർശനമോ കുടുംബയോഗങ്ങളോ പൊതുസമ്മേളനങ്ങളോ ശക്തിപ്രകടനമോ പാടില്ല. സ്ഥാനാർത്ഥികൾക്കൊപ്പം അഞ്ചു പേർ മാത്രമേ ഭവനസന്ദർശനത്തിനു പോകാവൂ. റോഡ് ഷോയ്ക്ക് മൂന്ന് വാഹനങ്ങളേ ഉപയോഗിക്കാവൂ. ജാഥകളും കൊട്ടിക്കലാശവും പറ്റില്ല. ഈ സാഹചര്യത്തിൽ സാമൂഹിക മാധ്യമങ്ങളാണ് ഇപ്പോൾ എല്ലാ പാർട്ടിക്കാരുടെയും പ്രധാന പ്രചാരണതട്ടകം.


10





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53-ാം വർഷം

# ആധുനികപാലായുടെ ആത്മീയതേജസ്സ്

## വിളക്കുമരം



ഡോ. സിറിയക് തോമസ്

**പാ**ലായുടെ പ്രഥമ ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ ഓർമ്മയായിട്ട് മൂന്നരപ്പതിറ്റാണ്ടാകുന്നു. നവംബർ 21 പിതാവിന്റെ ചരമവാർഷികദിനമാണ്. അക്ഷരാർത്ഥത്തിൽത്തന്നെ പാലായുടെ ആത്മീയാചാര്യനായിരുന്നു വയലിൽപിതാവ്. പാലാ വലിയപള്ളി ഇടവകയിൽപ്പെട്ട കുടുംബങ്ങളായിരുന്നു മൂലയിലും വയലിൽകളപ്പുരയും. ദത്താവകാശമുറയ്ക്ക് വയലിൽകളപ്പുര ത്രേസ്യാമ്മയെ മൂലയിൽ കുഞ്ഞുദേവസ്യാ വിവാഹം ചെയ്ത വകയിലാണ് അവരുടെ മകൻ വയലിൽകളപ്പുര വി.ഡി. മാണി ആയത്. പള്ളിപ്പേര് സെബാസ്റ്റ്യനും. എല്ലാവരും വാത്സല്യത്തോടെ വിളിച്ചത് മാണിക്കുട്ടി എന്നാണ്. വൈദികനായപ്പോൾ മാണിക്കുട്ടിയച്ചനായി. ബിഷപ്പായപ്പോൾ മാണി സെബാസ്റ്റ്യൻ വയലിലും. എല്ലാവരും സ്നേഹാദരവോടെ വയലിൽപിതാവെന്നു വിളിച്ചു. ഔദ്യോഗികരേഖകളിലെല്ലാം ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ എന്നായി.

പ്രാഥമികവിദ്യാഭ്യാസം കുടുംബവീടിനടുത്തുള്ള പാറപ്പള്ളി സർക്കാർ സ്കൂളിലായിരുന്നു. തുടർന്ന് പാലാ സെന്റ് തോമസ് സ്കൂളിലും ഹൈസ്കൂൾ പഠനം മാന്നാനം സെന്റ് എഫ്രേംസിലുമായി. ഇന്റർമീഡിയറ്റിനു ചേർന്നത് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ ആയിരുന്നെങ്കിലും 1924 ൽ തമിഴ്നാട്ടിൽ ഉണ്ടായ വലിയ പ്രളയവും തുടർന്നുണ്ടായ ആരോഗ്യപ്രശ്നങ്ങളും കാരണം അന്ന് ഒട്ടേറെ വിദ്യാർത്ഥികൾക്ക് ഇന്റർമീഡിയറ്റ് പഠനം മുടങ്ങി. പിന്നീട് ചങ്ങനാശ്ശേരി എസ്.ബി.കോളജിൽ ചേർന്ന് കോഴ്സ് പൂർത്തിയാക്കുകയായിരുന്നു. ഡിഗ്രി തിരുവനന്തപുരം ആർട്സ് കോളജിലായിരുന്നു. പ്രൊഫ. രംഗസ്വാമി അയ്യരും ഡോ.സി.വി. ചന്ദ്രശേഖരനുമൊക്കെയായിരുന്നു അധ്യാപകർ. 1928 ൽ ബി.എ. പാസ്സായി. മാന്നാനത്തും തൃശ്ശിനാപ്പള്ളിയിലും പഠിക്കുന്ന കാലത്തു കത്തോലിക്കാവിദ്യാർത്ഥി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു മദ്യവർജനരംഗത്തും മലബാർ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിലും സജീവമായിരുന്നു. ഏതാനും സതീർത്ഥ്യരുമൊത്ത് മീനച്ചിൽ താലൂക്ക് മദ്യവർജനസമിതി ഉണ്ടാക്കുക മാത്രമല്ല ആ വകയിൽ അക്കൊല്ലത്തെ താലൂക്ക് അബ്കാരി ലേലം ആളുകളെക്കൊണ്ടു ബഹിഷ്കരിപ്പിക്കുകയും ചെയ്തു. റീജന്റ് മഹാറാണിയുടെ ഭരണകാലമായിരുന്നു. അന്നത്തെ ദിവാൻ ഡബ്ളിയു. എ. വാട്സ് തന്നെ നേരിട്ട് പാലായിൽ വന്നു ക്യാമ്പുചെയ്താണ് രണ്ടാമതു ലേലം ഉറപ്പിച്ചത്. അതോടെ വി.ഡി. മാണി എന്ന വിദ്യാർത്ഥിനേതാവു നാട്ടിലും താരമായി.

ഡിഗ്രി കഴിഞ്ഞതോടെ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനാവാൻ സാദ്ധ്യത വന്നിട്ടും അതു വേണ്ടെന്നുവച്ചു വൈദികപഠനത്തിനു കോട്ടയം പെറ്റി സെമിനാരിയിലും തുടർന്ന് വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിലും ചേരുകയായിരുന്നു. എഴുത്തിലും വായനയിലും എന്നതുപോലെ തന്നെ വാഗ്മിത്വവൈഭവത്തിലും മാണിക്കുട്ടിയച്ചൻ സെമിനാരിക്കാലത്തുതന്നെ അധ്യാപകരുടെയും സതീർത്ഥ്യരുടെയും ശ്രദ്ധ നേടുകയുണ്ടായി. 1935 ഡിസംബർ 21 ന് ബിഷപ് മാർ ജെയിംസ് കാളാശ്ശേരിയിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് പാലാ വലിയ പള്ളിയിൽ അസിസ്റ്റന്റ് വികാരിയും പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനുമായി. സ്കൂളിന്റെ അസിസ്റ്റന്റ് മാനേജരും. ഏതാനും വർഷങ്ങൾക്കു ശേഷം തിരുവനന്തപുരം ഗവ. ട്രെയിനിംഗ് കോളജിൽനിന്ന് എൽ.ടി. ബിരുദവുമെടുത്തു. കാത്തലിക് ഹോസ്റ്റലിലായിരുന്നു താമസം. അവിടെ താമസിച്ചു ലോ കോളജിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ കെ.പി. ഹോർമീസ്, പി.ടി. ചാക്കോ, കെ.എം. ജോർജ് തുടങ്ങിയവരൊക്കെ പിതാവിനു സതീർത്ഥ്യരുമായി. എൽ.ടി. ബിരുദം കൂടി എടുത്തു തിരിയെ പാലായിൽ വന്ന് ഒരു വർഷത്തിനുള്ളിൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മാത്യു എം. കുഴിവേലി തിരുവിതാംകൂർ സർവകലാശാലയിലേക്ക് ഉദ്യോഗം മാറിയപ്പോൾ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർപദവിയിൽ നിയമിതനായത് മാണിക്കുട്ടിയച്ചനായിരുന്നു. വൈദികനായ ശേഷവും മാണിക്കുട്ടിയച്ചൻ ദേശീയവാദിയായും ഗാന്ധിഭക്തനായും തുടർന്നുവെന്നതാണു ശ്രദ്ധേയം.

സ്റ്റേറ്റ് കോൺഗ്രസിനെയും സ്വാതന്ത്ര്യസമരത്തെയും രഹസ്യമായും പരസ്യമായും പിന്തുണച്ചു. രാഷ്ട്രീയമായി ഗാന്ധി – നെഹ്റു സ്കൂളിനോടായിരുന്നു ഒരു ദേശീയവാദിയെന്ന നിലയിൽ മാണിക്കുട്ടിയച്ചന്റെ ആഭിമുഖ്യം. പാലാ കോളജിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ടു കമ്മിറ്റി രൂപീകരിച്ചപ്പോൾ ബിഷപ് മാർ കാളാശ്ശേരി അതിന്റെ പ്രസിഡന്റായി അന്നു നിയോഗിച്ചതും മാണിക്കുട്ടിയച്ചനെയാണ്. കോളജിന്റെ ഉദ്ഘാടനദിവസമായിരുന്ന 1950 ഓഗസ്റ്റ് ഏഴാം തീയതിതന്നെയാണ് ചങ്ങനാശ്ശേരി രൂപത വിഭജിച്ചും പാലാ രൂപത സ്ഥാപിച്ചും ഫാദർ മാണി സെബാസ്റ്റ്യൻ വയലിലിനെ ആദ്യബിഷപ്പായി നിയമിച്ചും റോമിൽനിന്നുള്ള കല്പന എത്തിയതും. വരാപ്പുഴ സെമിനാരിയിൽ സതീർത്ഥ്യനായിരുന്ന മാത്യു കാവുകാട്ടച്ചൻ കാലം ചെയ്ത കാളാശ്ശേരിപ്പിതാവിന്റെ പിൻഗാമിയായി ചങ്ങനാശ്ശേരിയിലും ബിഷപ്പായി. ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പൂക്കൾ എന്നായിരുന്നു പത്രങ്ങളെല്ലാം പുതിയ ബിഷപ്പുമാരെ വിശേഷിപ്പിച്ചത്.



മാർ സെബാസ്റ്റ്യൻ വയലിൽ

രണ്ടു ബിഷപ്പുമാരുടെയും മെത്രാഭിഷേകച്ചടങ്ങ് നവംബറിൽ റോമിലായിരുന്നു. നൂറു കാറുകളുടെ അകമ്പടിയോടെയാണ് റോമിൽനിന്നു തിരിച്ചെത്തിയ വയലിൽപിതാവിനെ കൊച്ചിയിൽനിന്ന് പാലായിലേക്ക് ആഘോഷമായി സ്വീകരിച്ചാനയിച്ചത്. 1951 ജനുവരി നാലാം തീയതി പാലാ വലിയ പള്ളിയിൽ നടന്ന സ്ഥാനാരോഹണച്ചടങ്ങിൽ മാർ സെബാസ്റ്റ്യൻ വയലിൽ പാലാ രൂപതയുടെ പ്രഥമ ബിഷപ്പായി ചുമതലയേറ്റു.

പൊതുവേ വയലിൽ പിതാവ് ഒരു യാഥാസ്ഥിതികനായിട്ടാണ് വിലയിരുത്തപ്പെട്ടതെങ്കിലും ചുമതലയേറ്റശേഷം പള്ളികളിൽ വായിക്കുന്നതിനായി പിതാവു പുറപ്പെടുവിച്ച രണ്ടു കല്പനകളും — ഇടയലേഖനങ്ങൾ — വലിയ വാർത്താപ്രാധാന്യം നേടിയെന്നു മാത്രമല്ല പൊതുസമൂഹത്തിലും പത്രങ്ങളിലും ചർച്ചയ്ക്കും വഴിവച്ചു. ആദ്യത്തേത് പള്ളിപ്പെരുന്നാളുകളോടനുബന്ധിച്ചു രാത്രി വളരെ വൈകി നടത്തപ്പെട്ടിരുന്ന വെടിക്കെട്ടുമത്സരങ്ങൾ നിരോധിച്ചുകൊണ്ടുള്ള കല്പനയായിരുന്നു. പള്ളിപ്പെരുന്നാളുകൾക്കു വെടിക്കെട്ട് ഒഴിവാക്കാനാവാത്ത ഒരു പതിവായി പരിഗണിക്കപ്പെട്ടിരുന്ന കാലത്താണ് പാലാ രൂപതയിലെ പള്ളികളിൽ വയലിൽപിതാവു വെടിക്കെട്ടു നിരോധിച്ചത്. വെടിക്കെട്ടുണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചു വിശദമായി പ്രതിപാദിച്ചുകൊണ്ടാണ് പിതാവു നിരോധനമേർപ്പെടുത്തിയത്. എന്നിട്ടും അതിനെതിരേ ശക്തമായ എതിർപ്പുണ്ടായി. ഒരു വിഭാഗം വൈദികർപോലും എതിർപ്പുയർത്തി. പക്ഷേ, പിതാവ് നിലപാടിലുറച്ചുനിന്നുവെന്നു മാത്രമല്ല, തന്റെ രണ്ടാമത്തെ കല്പനവഴി പെരുന്നാളുകളോടനുബന്ധിച്ചു പള്ളിമുറ്റത്തു പലപ്പോഴും രാത്രി വെളുക്കുവോളം നടന്നിരുന്ന നാടക-നൃത്തകലാപരിപാടികളും തടഞ്ഞു. തിരുനാളിന്റെ മറവിൽ പലപ്പോഴും സാമൂഹികവിരുദ്ധരുടെ സ്വതന്ത്രവിഹാരവും അസാന്മാർഗികളുടെ അഴിഞ്ഞാട്ടവുമാണ് അരങ്ങേറുന്നതെന്ന് ബിഷപ് തുറന്നടിച്ചു. ആത്മീയ ഇടയനെന്ന നിലയിൽ ഇത്തരം തെറ്റായ പ്രവണതകളെ എതിർക്കേണ്ടതും സാധ്യമായ നിലയിലെല്ലാം ചെറുക്കേണ്ടതും തന്റെ ധാർമ്മികമായ ചുമതലയും ഉത്തരവാദിത്വവുമാണെന്ന നിലപാടിൽ ബിഷപ് ഉറച്ചുനിന്നു.

ആദ്യത്തെ മൂന്നു വർഷം കൊണ്ടുതന്നെ രൂപതയിലെ എല്ലാ ഇടവകകളിലും നേരിൽ സന്ദർശിച്ച് ആത്മീയനിലവാരവും പള്ളികളുടെ സാമ്പത്തിക സാഹചര്യങ്ങളും വിലയിരുത്തി. ആവശ്യമായ പരിഹാര നടപടികളും നടപ്പാക്കി. 1953 ൽ കത്തീഡ്രൽപള്ളിക്കു കല്ലിട്ടെങ്കിലും പള്ളിപണിയും ബിഷപ്സ് ഹൗസ് പണിയും മാറ്റിവച്ചു കൊണ്ടാണ് മുൻഗണനാക്രമം മാറ്റി വയലിൽപിതാവ് ആദ്യം വൈദികപരിശീലനത്തിനുവേണ്ടി രൂപതാ സെമിനാരിയും തുടർന്ന് അധ്യാപകപരിശീലനത്തിന് ബി.എഡ്. കോളജും തുടങ്ങിയത്. പിതാവിന്റെ മനസ്സ് എന്നും ഒരു അധ്യാപകന്റേതായിരുന്നുവെന്നതാണ് സത്യം. യാഥാർത്ഥ്യവും. പാലാ സെന്റ് തോമസ് കോളജിനു പുറമേ, പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി പാലായിൽ അൽഫോൻസാ കോളജു തുടങ്ങിയതും പിതാവുതന്നെ. പിന്നീടു കുറവിലങ്ങാട് ദേവമാതാ കോളജിനും അരുവിത്തുറയിൽ സെന്റ് ജോർജ് കോളജിനും തുടക്കംകുറിച്ചു. പിതാവിന്റെ കാലത്തു സ്ഥാപിച്ച സ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും ഇതര സാങ്കേതികപരിശീലന കേന്ദ്രങ്ങൾക്കും കണക്കില്ല. പാലായെ കേരളത്തിലെ അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രമാക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും മറ്റാരെക്കാളും വയലിൽപിതാവിനു മാത്രമുള്ളതാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ആദ്യന്തം പങ്കെടുത്ത ബിഷപ് സെബാസ്റ്റ്യൻ വയലിൽ കൗൺസിൽ ഡിക്രികളുടെ ചൈതന്യത്തെയും സത്തയെയും പൂർണമായും ഉൾക്കൊണ്ടു. സഭയിലെ അല്മായപങ്കാളിത്തത്തെ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നുവെന്നു മാത്രമല്ല, സഭയെ അഭിഷിക്തരും അല്മായരും ചേർന്നുള്ള ഉത്തരവാദിത്വപൂർണ്ണമായ ഒരു പങ്കാളിത്തമായി – A Very Responsible Partnership – കാണാനും പിതാവ് തയ്യാറായി. അൻപതു വർഷം മുൻപ് വത്തിക്കാൻ കൗൺസിൽനിശ്ചയങ്ങളുടെ പശ്ചാത്തലത്തിൽ രൂപതകളിലെല്ലാം പാസ്റ്ററൽ കൗൺസിലുകൾ രൂപീകരിച്ചപ്പോൾ എല്ലായിടത്തും ബിഷപ്പുമാർ തന്നെയായിരുന്നു കൗൺസിൽ പ്രസിഡന്റുമാർ. എന്നാൽ, പാലായിൽ മാത്രം പ്രസിഡന്റിനു പുറമേ വയലിൽപിതാവ് ഒരു അല്മായനെ കൗൺസിൽ ചെയർമാനായിക്കൂടി നിയമിച്ചുകൊണ്ടാണ് സഭയിലെ അല്മായപങ്കാളിത്തത്തിന് അടിവരയിട്ടത്. പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന അഡ്വ. സി.എം. മാത്യു കുരീക്കാട്ടായിരുന്നു ആദ്യത്തെ ചെയർമാൻ. പിന്നീടു വന്ന എല്ലാ പിൻഗാമികളും ആദ്യ ബിഷപ്പിന്റെ മാതൃകതന്നെ പിൻതുടരാനുള്ള സന്മനസ്സു കാണിച്ചു. റോമൻ കത്തോലിക്കാസഭയിൽ പാലാ രൂപതയിൽ മാത്രമായിരിക്കും പാസ്റ്ററൽ കൗൺസിലിന് ഒരു അല്മായ ചെയർമാനുള്ളത്...

വയലിൽ പിതാവും എന്റെ പിതാവ് ആർ.വി. തോമസുമായി വളരെ ആഴമായ ഒരു ആത്മബന്ധമാണുണ്ടായിരുന്നത്. തൃശ്ശിനാപ്പള്ളി കോളജിൽ വയലിൽ പിതാവ് ഇന്റർമീഡിയറ്റുക്ലാസ്സിൽ ഒന്നാം വർഷം ചേരുമ്പോൾ ആർ.വി. തോമസ് ബി.എ.ഡിഗ്രിക്ക് അവസാനവർഷമായിരുന്നു. പ്രഫ. എം.പി. പോളും അലക്സാണ്ടർ പറമ്പിത്തറയും ആർച്ചുബിഷപ് ഡോ. ജോസഫ് അട്ടിപ്പേറ്റിയും ആന്ധ്രയിലെ ആദ്യകാലമിഷണറിമാരിലൊരാളായിരുന്ന ഫാദർ സെബാസ്റ്റ്യൻ പൂണ്ടിക്കുളവുമൊക്കെ അക്കാലത്ത് അവിടെ വിദ്യാർത്ഥികളായിരുന്നു. 1955 ൽ ഉ്ലാലം പുത്തൻ പള്ളിയിൽ എന്റെ പിതാവിന്റെ സംസ്കാരകർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു പ്രസംഗിക്കവേ വികാരഭരിതനായി വാക്കുകൾ മുറിഞ്ഞു ഗദ്ഗദകണ്ഠനായി ചരമപ്രസംഗം മുഴുമിപ്പിക്കാനാവാതെ പ്രാർത്ഥനയിലേക്കു മാറിയ ബിഷപ് വയലിലിനെക്കുറിച്ച് അന്നു പത്രങ്ങൾ വാർത്ത എഴുതിയിരുന്നു. അവസാനംവരെ ഞങ്ങളുടെ കുടുംബത്തോടും പിതാവു പ്രത്യേക വാൽസല്യവും കരുതലും കാട്ടി.

ശേഷം 12 - ാം പേജിൽ

# ചാട്ടവാറുകൾ കല്പിക്കുന്നത്



സിജോ പൈനാടത്ത്

വർഗീസ്ചേട്ടന്റെ ചായക്കടയിൽനിന്നു നോക്കിയാൽ ഗീവർഗീസ് പുണ്യാളന്റെ കപ്പേള കാണാം. ഓരോ ചായയും ഉയർത്തിയടിക്കുമ്പോൾ കപ്പിനും ഗ്ലാസിനുമിടയിലൂടെ വർഗീസ്ചേട്ടൻ കപ്പേളയിലേക്കൊന്നു നോക്കും, ഉള്ളിൽ പറയും; പുണ്യാളാ കാത്തോളണേ!

ലോട്ടറിയുമായി സ്ഥിരമെത്തുന്ന അന്തോണിയുടെ സ്നേഹനിർബന്ധത്തിനു വഴങ്ങി അന്ന് വർഗീസേട്ടൻ ബംപറെടുക്കാൻ തീരുമാനിച്ചു. ലോട്ടറിക്കെട്ടിൽനിന്നു ഭാഗ്യമുള്ളതെന്ന് ആരോ പറഞ്ഞ ചില നമ്പറുകൾ ഉൾപ്പെട്ട ലോട്ടറിയൊന്ന് വലിച്ചെടുത്തു. വികാരിയച്ചൻ കാസയെടുത്തുയർത്തുംപോലെയുള്ള ഭയഭക്തി ബഹുമാനത്തോടെ വർഗീസ് ഇരുകൈയിലുമായി ലോട്ടറി ഉയർത്തിപ്പിടിച്ചതു കപ്പേളയ്ക്കു നേരേയാണ്. ചില്ലിനപ്പുറത്തുള്ള രൂപത്തിലേക്കു നോക്കി ഇങ്ങനെ ഒരു ഓഫറും:

'ഇതടിച്ചാൽ പുണ്യാളാ, നിന്റെ കുന്തം ഞാൻ സ്വർണമാക്കും.'

ചായയുടെ കറയും പഴംപൊരിയുടെ എണ്ണച്ചൂരും പറ്റിപ്പിടിച്ചു പുതുഭാവമേറ്റ തോർത്തുമുണ്ടുകൊണ്ടു കടയിലെ കർത്താവിന്റെ രൂപമൊന്നു തുടച്ച്, അതിനു പിന്നിലേക്കു ലോട്ടറി തിരുകിവയ്ക്കുമ്പോഴും വർഗീസ് ഉള്ളിൽ പറഞ്ഞു.

'കർത്താവേ, കാത്തോളണേ!'

പിറ്റേന്നും വർഗീസ് ചൂടൻ ചായ ഉയരത്തിലടിക്കുന്നതു തുടർന്നു; ഉയർന്നുവീഴുന്ന ചായയുടെ പശ്ചാത്തലത്തിലൂടെ പുണ്യാളനിലേക്കു കണ്ണെറിയുന്നതും...

നാളുകൾക്കുശേഷം സൈക്കിളിൽ പാഞ്ഞെത്തിയ അന്തോണി ബംപറടിച്ചെന്നു പറഞ്ഞതും വർഗീസിന്റെ നോട്ടം പോയതു പുണ്യാളന്റെ കുന്തത്തിലേക്ക്.

ഏറെനേരം അതിലേക്കു നോക്കി നിന്നു. കണ്ണെടുക്കാതെതന്നെ വർഗീസ് പറഞ്ഞൊപ്പിച്ചു:

'അല്ലെങ്കിലും ഒരു കുന്തത്തിലെന്തിരിക്കുന്നു?

അതു സ്വർണമായാലും ഇരുമ്പായാലും പുണ്യാളന് പാമ്പിനെ കൊന്നാപ്പോരേ?!'

**ഉടൻ പണം**

പണത്തിൽ കേന്ദ്രീകരിക്കപ്പെട്ട ജീവിതക്രമത്തിലേക്ക്, ചില വേള ലാഭത്തിനെന്നോണം ദൈവത്തെയും ചേർത്തുനിർത്തുകയും തരംപോലെ മാറ്റിനിർത്തുകയും ചെയ്യുന്ന പ്രവണതയ്ക്കുനേരേ ചാട്ടവാറുയർത്തുന്ന ക്രിസ്തു, എല്ലാക്കാലത്തും ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. സൂക്ഷ്മവായനകളിലും വിശകലനങ്ങളിലും ആ ചാട്ടവാറടി ചെറുതായെങ്കിലുമേറ്റവരുമേറെ.

പഞ്ച് ഡയലോഗുകളും അത്യാവശ്യം ആക്ഷനുകളുമുള്ള ദേവാലയശുദ്ധീകരണം ചെറുപ്പത്തിൽ ബൈബിൾ ദൃശ്യാവതരണ, തെരുവുനാടകമത്സരങ്ങളിൽ വിഷയമാക്കാൻ ആവേശം കൂടുതലായിരുന്നു.

ചാട്ടവാറെടുക്കുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള പുതുകാലചർച്ചകളിൽ 'തരംപോലെ' എന്ന പ്രവണത പ്രകടമെന്നു പരിഭവിക്കുന്നവരുമുണ്ട്. ക്രിസ്തീയ സ്വാതന്ത്ര്യത്തിൽ ഉൾച്ചേർന്ന ഉദാരസമീപനങ്ങളുടെ ആനുകൂല്യവും ആഘോഷവും ഇപ്പോഴും എപ്പോഴും സമൃദ്ധമാണ്.

പണാഭിമുഖ്യങ്ങളിലേക്ക് ക്രിസ്തുവിനെയോ ക്രിസ്ത്വാഭിമുഖ്യങ്ങളിലേക്കു പണത്തെയോ ലയിപ്പിക്കാൻ നൈപുണ്യം പ്രകടമാക്കുന്നവരോട് ഇന്നത്തെ സുവിശേഷം കലഹിക്കുന്നുണ്ട്. കച്ചവടത്തിനിരിക്കുമ്പോൾ മാത്രമല്ല, എന്റർടെയ്ൻമെന്റിനിരിക്കുമ്പോഴും കിട്ടേണ്ടത് 'ഉടൻ പണം'കൂടിയാണെന്നു കുട്ടികളും ഏറ്റുപാടുന്ന കാലം.

ശുദ്ധീകരണപ്രക്രിയയിലെ ചാട്ടവാറുകൾ ആരെയെല്ലാം തേടുന്നു?

**ക്രിസ്തു ദേവാലയം**

തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ച്(2.21) കൃത്യമായി സൂചിപ്പിക്കുന്ന ക്രിസ്തു അതിലേക്കു കച്ചവടവും ദുഷ്പ്രവണതകളും കയറിവരരുതെന്നു ശക്തമായി ഓർമിപ്പിക്കുന്നു. തന്നെ അയച്ചവനെക്കുറിച്ച്, നിയോഗത്തെക്കുറിച്ച്, അതിന്റെ പൂർത്തീകരണത്തെക്കുറിച്ച് തെളിമയുള്ള കാഴ്ചപ്പാടുകൾ ക്രിസ്തുവിന്റെ വാക്കുകളിലുണ്ട്. സ്വയം നഷ്ടമാകുകയും അപരനു നേട്ടമുണ്ടാവുകയും ചെയ്യുന്ന തന്റെ നിയോഗവഴികളോടു പൊരുത്തപ്പെടാത്ത പ്രവണതകൾ ക്രിസ്തുവിനു സ്വീകാര്യമല്ല.

ക്രിസ്തു ആർക്കെങ്കിലും കച്ചവടച്ചരക്കാകുന്നുണ്ടോ? ഏതർഥത്തിലും അവനെ, അവന്റെ വാക്കുകളെ വിറ്റു കച്ചവടം ചെയ്യുന്നവരുണ്ടെങ്കിൽ അവർ ആലയത്തിൽനിന്നും അതിനാൽത്തന്നെ ക്രിസ്തുവിൽനിന്നും പുറത്താകേണ്ടവരാണ്. ജീവിതപരിസരങ്ങൾ ഉരുക്കിവാർത്ത്



ഉള്ളിൽ നിക്ഷേപിച്ച സുവിശേഷേതര ആശയങ്ങളുടെ ആവിഷ്കാരത്തിനായി ക്രിസ്തുവിനെ വളച്ചൊടിച്ചു വിളമ്പുന്നതിലും കച്ചവടമനസല്ലാതെ മറ്റെന്ത്?

'എന്റെ ഇഷ്ടത്തിന് ക്രിസ്തു' എന്നതിൽനിന്ന് 'ക്രിസ്തുവിന്റെ ഇഷ്ടത്തിനു ഞാൻ' എന്നതിലേക്കുള്ള ദൂരമാണ് സുവിശേഷം. മറിയം അതായിരുന്നല്ലോ. 'നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ'യന്നായിരുന്നു മരിയമൊഴി.

ക്രിസ്തുവിന്റെ ഇഷ്ടത്തിലേക്കു ഞാനൊന്നു പരുവപ്പെട്ടെങ്കിൽ!

**ആലയത്തോടുള്ള തീക്ഷ്ണത**

'അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു' എന്ന സങ്കീർത്തകന്റെ വരികൾ (69.9) ക്രിസ്തുവിനൊപ്പമുള്ള ശിഷ്യന്മാർ ഓർത്തെടുക്കുന്നുണ്ട്. 'അങ്ങയെ നിന്ദിക്കുന്നവരുടെ നിന്ദനം എന്റെമേൽ നിപതിച്ചു' എന്ന അടുത്ത വരിയിലും ആലയത്തോടും അയച്ചവനോടുമുള്ള തീക്ഷ്ണതയുടെ ആഴം വായിച്ചെടുക്കാം.

സൈന്യങ്ങളുടെ കർത്താവിന്റെ ആലയത്തിൽ ഒരു വ്യാപാരിയും ഉണ്ടായിരിക്കുകയില്ല (സഖറിയ. 14.21) എന്ന പഴയനിയമപശ്ചാത്തലത്തിലും ദേവാലയവിശുദ്ധിയെ വരച്ചിടുന്നു.

കാളയും ആടും പ്രാവും വിൽക്കുന്നവർ, നാണയം മാറ്റിക്കൊടുക്കുന്നവർ എന്നിവരെല്ലാം അനിവാര്യമായ ക്രിസ്തുവിന്റെ കലിപ്പിന് ഇരകളാകുന്നുണ്ട്. കാലങ്ങൾക്കിപ്പുറവും എന്റെ പിതാവിന്റെ ആലയം കച്ചവടസ്ഥലമാക്കരുതെന്ന (2.16) പഞ്ച് ഡയലോഗ് നമ്മുടെ പള്ളിപ്പരിസരങ്ങളിൽ മുഴങ്ങുന്നുണ്ടാവണം.

'നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്, നിന്റെ ചെരുപ്പുകൾ അഴിച്ചുമാറ്റുക' (പുറ. 3) എന്ന പഴയനിയമ വാക്യം, തിളങ്ങുന്ന ടൈൽ വരിച്ച വലിയ ദേവാലയകവാടങ്ങളിൽ എഴുതിവച്ച നമ്മൾ, എന്തുകൊണ്ടാണു 'ദേവാലയം കച്ചവടസ്ഥലമാക്കരുതെ'ന്ന പുതിയ നിയമ വചനം എഴുതിവയ്ക്കാൻ മറക്കുന്നത്? എഴുതിവച്ചില്ലെങ്കിലും ആ പഞ്ച് ഡയലോഗ് നമ്മുടെ പള്ളിപ്പരിസരങ്ങളിൽ മുഴങ്ങുന്നതു കാതോർത്താൽ കേൾക്കാം.

**ശുദ്ധീകരിക്കപ്പെടേണ്ട അകം**

അപരന്റെ അരുതുകളെ നോക്കി അവിടെ ക്രിസ്തു ചാട്ടവാറുമായി വരുമെന്നും സിനിമ സ്റ്റൈലിൽ അടിച്ചു പുറത്താക്കുമെന്നുമൊക്കെ പറയുന്നതിൽ നല്ല ആവേശമൊക്കെയുണ്ട്. അപരനിലേക്കു വാക്കുകളുടെ ചാട്ടയെറിയും മുമ്പ് നമ്മുടെ അകം പരിശോധിക്കാം. അകം വൃത്തിയായാലേ പുറത്തേക്കു വിളമ്പുന്നതിൽ ജീവനുണ്ടാകൂ. ദേവാലയത്തിന്റെ അകം വെടിപ്പാക്കുന്ന ക്രിസ്തു നമ്മുടെ അകങ്ങളിലെ അരുതുകൾക്കു നേരേയും ചാട്ടവാറെടുക്കില്ലേ?

നമ്മുടെ അകം ശുദ്ധീകരിക്കപ്പെട്ടതാണോ? അതോ ഒരു ശുദ്ധീകരണപ്രക്രിയയ്ക്കായി അകമൊന്നു തുറന്നുകൊടുക്കേണ്ടതാണോ? അപരനു നേരേ കൈചൂണ്ടും മുമ്പ് എന്റെ അകം ശുദ്ധിയാക്കാൻ എനിക്കായെങ്കിൽ!

**അധികാരത്തിന്റെ അടയാളം**

ആലയം ക്രിസ്തുവാകുമ്പോൾ ആലയത്തിലെ അരുതുകളോടു ക്രിസ്തു അരുതെന്നു പറയും. ദേവാലയത്തിൽ ചാട്ടവാറെടുക്കാനും അരുതുകളെ അടിച്ചോടിക്കാനുമുള്ള അധികാരത്തെക്കുറിച്ചും ആ അധികാരത്തിന്റെ അടയാളത്തെക്കുറിച്ചുമുള്ള (2.18) യഹൂദരുടെ ചോദ്യം സുവിശേഷത്തിൽ കാണുന്നുണ്ട്. സംഭവിക്കാനിരിക്കുന്ന മരണവും ഉത്ഥാനവുമെന്ന മഹത്തായ അടയാളമാണ് ക്രിസ്തുവിനു പങ്കുവയ്ക്കാനുള്ളത്.

അധികാരത്തിന്റെ ഉദാത്തമായ പ്രകാശനം സ്വയം ശൂന്യമാകുന്നിടത്തും, ഇല്ലാതാകുന്നിടത്തുമാണെന്നു പഠിപ്പിക്കുകയാണ് ക്രിസ്തു. ആയുധമേന്തുന്നതും വെട്ടിപ്പിടിക്കുന്നതും സ്വന്തമാക്കുന്നതും ഭീതിപ്പെടുത്തുന്നതും വരച്ച വരയിൽ നിർത്തുന്നതുമെല്ലാമാണ് അധികാരത്തിന്റെ അടയാളങ്ങളെന്നു നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് ആരാണ്?

രാജത്വത്തിരുനാളിലേക്കാണു വരുംദിനങ്ങളിൽ നമ്മുടെ സഞ്ചാരം. കുരിശായിരുന്നു ക്രിസ്തുവിന്റെ ഏറ്റവും വലിയ അധികാരാലങ്കാരം. തലപ്പൊക്കമുള്ള കസേരയും ചുറ്റും ഉപജാപകവൃന്ദങ്ങളും ആർഭാടപ്പെരുമയും കുതന്ത്രപാടവവുമൊക്കെ അധികാരത്തിന്റെ തൊങ്ങലുകളായി ആസ്വദിക്കുന്നവർക്ക് ഇണങ്ങാത്തതും വഴങ്ങാത്തതും ക്രിസ്തു മാത്രമായിരിക്കും.

■

**കുറുങ്കവിതകൾ**

**പുത്തൻവേലിക്കര സുകുമാരൻ**


## മഴത്തുള്ളി

മുറ്റത്തിറവിട്ടുതിരുന്നൂ മണി-
മുത്തഴകൊത്ത മഴത്തുള്ളി
വാനിലെ മുകിലും വാർമഴവില്ലും
വിതറും പുതിയ മഴത്തുള്ളി
കൊടിയൊരു മേടച്ചൂടിൽ പച്ച-
ക്കുട നീർത്തുന്ന മഴത്തുള്ളി
കരളിലെയോമൽക്കനവുകളെ-
ത്തൊട്ടുണർത്തിടുന്ന മഴത്തുള്ളി!

## പൂക്കൈത

വെട്ടം നീർത്തിയ കുടപോലുണ്ടേ
തോട്ടരികത്തൊരു പൂക്കൈത
നെഞ്ചിൽ വിരിഞ്ഞൊരു കവിതയ്ക്കൊപ്പം
പുഞ്ചിരിതൂകും പൂക്കൈത
എണ്ണമിനുപ്പും മുള്ളും മുനയും
കണ്ണിനു കുളിരിപ്പൂക്കൈത
വാളുകണക്കെ പച്ചത്തഴകൾ
കാറ്റിലിളക്കും പൂക്കൈത!

# ചരിത്രത്തെ മാറ്റിയെഴുതാൻ പുതിയ താരോദയം



തോമസ് കുഴിഞ്ഞാലിൽ

“ഡാഡ്, അങ്ങ് തളർന്നുപോകരുതേ! നഷ്ടധൈര്യനാകാതെ ശക്തി സംഭരിക്കുക. അങ്ങ് എനിക്കും നാടിനും അഭിമാനമാകണം.”

അമേരിക്കയുടെ 46-ാമത്തെ പ്രസിഡന്റാകുന്ന ജോ ബൈഡന്റെ കാതിൽ പുത്രനായ ബോ എല്ലാ ദിവസവും മന്ത്രിച്ചിരുന്ന വാക്കുകളാണിവ. ധമനിവീക്കം പിടിപെട്ട് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയവേ മകൻ കാതിൽ മന്ത്രിച്ച ആശ്വാസവാക്കുകൾ ജോ ബൈഡനു മറക്കാൻ കഴിയുകയില്ല. ഓരോ തിരഞ്ഞെടുപ്പുവിജയത്തിലും ബൈഡൻ ബോയെ സ്മരിക്കും. ദുരന്തങ്ങളുടെ കാലത്തും രാഷ്ട്രീയത്തിൽ തുടരാൻ ജോയ്ക്ക് കരുത്തു പകർന്നുനല്കിയതും ബോയാണ്.

**കളിക്കളത്തിൽ തുടക്കം**

യു.എസിലേക്കു കുടിയേറിയ ഐറിഷ് വംശജരായ മാതാപിതാക്കളുടെ മകനായി 1942 ലായിരുന്നു ജോയുടെ ജനനം. യൂസ്ഡ് കാറുകളുടെ സെയിൽസ്മാനായിരുന്ന പിതാവ് തുച്ഛവരുമാനംകൊണ്ട് കുടുംബം പുലർത്താൻ ബുദ്ധിമുട്ടിയതിനാൽ മുത്തച്ഛനാണ് ജോയെ വളർത്തിയതും പഠിപ്പിച്ചതും. ഫുട്ബോളിലും ബേസ്ബോളിലും കമ്പമുണ്ടായിരുന്നു. സ്കൂൾപഠനകാലത്തെ അവസാനവർഷം ക്ലാസ്‌ലീഡറുമായി. ആസ്ത്മയുടെ അസുഖം ശല്യം ചെയ്തിരുന്നതിനാൽ സൈനികസേവത്തിൽനിന്ന് ഒഴിവായി കോളജ് പഠനത്തിന് അവസരമൊരുങ്ങി. ഇംഗ്ലീഷിലും പൊളിറ്റിക്സിലും ബിരുദം നേടിയെങ്കിലും സ്വന്തമായ സമ്പാദ്യമൊന്നും ഇല്ലാതിരുന്നതിനാൽ നിയമബിരുദമെടുത്ത് വക്കീലായി. രണ്ടുവർഷമായി പ്രണയത്തിലായിരുന്ന നെയ്‌ല ഹൻടറെ 1968 ൽ വിവാഹം ചെയ്തു. ജോ നെയ്‌ല ദമ്പതികൾക്ക് മൂന്നുമക്കൾ: ബോ, ഹൻടർ, നവോമി.

1971 ലെ തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മത്സരിച്ച് സെനറ്റിലേക്കു തിരഞ്ഞെടുക്കപ്പെടുമ്പോൾ ജോ ബൈഡന് 29 വയസ്സേ ഉണ്ടായിരുന്നുള്ളൂ. സെനറ്റിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗങ്ങളിൽ ഒരാൾ എന്ന നിലയിൽ ജോ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തു.

**തീരാദുഃഖം സമ്മാനിച്ച ദുരന്തങ്ങൾ**

സെനറ്ററായി തിരഞ്ഞെടുക്കപ്പെട്ട സന്തോഷം പങ്കുവയ്ക്കുന്നതിനിടെയാണ് ഒരു വലിയ ദുരന്തം ജോ ബൈഡനെ തേടിയെത്തിയത്. ക്രിസ്മസ്ഷോപ്പിംഗിനിറങ്ങിയ നെയ്‌ലയും മക്കളും ബൈക്കപകടത്തിൽപ്പെട്ടു. നെയ്‌ലയും മകൾ നവോമിയും മരിച്ചു. ബോയും ഹൻടറും ഗുരുതരപരിക്കുകളോടെ ആശുപത്രിയിലുമായി. മക്കളുടെ ആശുപത്രിക്കിടക്കയ്ക്കരികിൽനിന്നാണ് ജോ സെനറ്ററായി ചുമതലയേറ്റത്. മക്കളെ പരിചരിക്കാൻ ആശുപത്രിയിൽ തങ്ങുകയും സെനറ്റിൽ സംബന്ധിക്കാൻ ദിവസവും മണിക്കൂറുകൾ നീണ്ട യാത്ര ചെയ്യുകയും ചെയ്തു. മക്കളുടെ ചികിത്സയ്ക്കുവേണ്ടി സെനറ്റംഗത്വം രാജിവയ്ക്കാനുള്ള ആലോചനയിൽനിന്ന് ജോയെ പിന്തിരിപ്പിച്ചതും ബോ ആയിരുന്നു.

ധമനിവീക്കത്തെത്തുടർന്ന് ജോ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ കഴിഞ്ഞ ഒരവസരം. മരണം അടുത്തെത്തിയെന്ന് ജോയ്ക്കു തോന്നിയതിനാൽ വൈദികനെ വരുത്തി രോഗീലേപനവും സ്വീകരിച്ചു. തുടർന്ന്, ബോയുടെ സഹായത്തോടെ മാതാപിതാക്കളെയും ഭാര്യയെയും മകളെയും സംസ്കരിച്ച സെമിത്തേരിയിലെത്തി. എന്നാൽ, തന്റെ പിതാവ് പരാജിതനാകരുതെന്ന് ബോയ്ക്ക് നിർബന്ധമുണ്ടായിരുന്നു. ആത്മവിശ്വാസം കൈവിടരുതെന്ന ബോയുടെ കരുത്തു പകരുന്ന വാക്കുകളാണ് ജോ ബൈഡനെ ജീവിതത്തിലേക്കു തിരികെയെത്തിച്ചത്. ഇറാക്ക് യുദ്ധത്തിൽ പങ്കെടുക്കുകയും പിന്നീട് രാഷ്ട്രീയത്തിൽ ചുവടുവയ്ക്കുകയും ചെയ്ത ബോ, തലച്ചോറിലുണ്ടായ ട്യൂമറിനെത്തുടർന്ന് 2015 ൽ 46-ാമത്തെ വയസ്സിൽ മരണത്തിനു കീഴടങ്ങുകയായിരുന്നു.

**പ്രസിഡന്റ് സ്ഥാനത്തേക്കുള്ള പടികയറ്റം**

1988-ലെ പ്രസിഡന്റുതിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയാകാനുള്ള മോഹം പരസ്യമാക്കിയെങ്കിലും പാർട്ടിയിലെ ശക്തമായ എതിർപ്പുമൂലം നടക്കാതെപോയി. 2008 ലും ഇതുതന്നെ ആവർത്തിച്ചു. ബറാക് ഒബാമയോടൊപ്പം 2008 മുതലുള്ള എട്ടു വർഷം വൈസ് പ്രസിഡന്റ് പദവിയിലിരുന്ന ഭരണപരിചയം ജോ ബൈഡനുണ്ട്. മുൻ യു.എസ്. പ്രസിഡന്റുമാരിൽ ഒരാൾക്കുപോലും അവകാശപ്പെടാനാവാത്ത അരനൂറ്റാണ്ടുകാലത്തെ രാഷ്ട്രീയപാരമ്പര്യവും ജോ ബൈഡനു സ്വന്തം. ഇതുവരെയുള്ള അമേരിക്കൻ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന സ്ഥാനാർത്ഥിയും അദ്ദേഹമാണ്, ഏഴു കോടി നാല്പതുലക്ഷം വോട്ടുകൾ (7.40 ദശലക്ഷം). ഏതാനും സംസ്ഥാനങ്ങളിലെ ലീഡ് കണ്ടപ്പോൾ തന്റെ വിജയം ഉറപ്പാണെന്നു വീമ്പിളിക്കിയ ഡൊണാൾഡ് ട്രംപിൽനിന്നു വ്യത്യസ്തനായി എളിമയോടും വിവേകത്തോടുംകൂടി പ്രസിഡന്റുപദം ഉറപ്പായശേഷം മാത്രം ജനങ്ങൾക്കു നന്ദി പറഞ്ഞ് ജോ ബൈഡൻ നടത്തിയ പ്രസംഗവും ശ്രദ്ധേയമായി. അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളുടെ രത്നച്ചുരുക്കം ഇങ്ങനെ:

“ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകി ഞങ്ങളെ അധികാരത്തിലേറ്റിയ അമേരിക്കൻ ജനതയ്ക്കു നന്ദി പറയുന്നു. ലോകജനതയ്ക്കിടയിൽ നമ്മുടെ രാജ്യത്തിന്റെ നഷ്ടപ്പെട്ട അഭിമാനം തിരിച്ചുപിടിക്കാനുള്ള ദൗത്യം ഞങ്ങൾ ഏറ്റെടുക്കുന്നു. ജനാധിപത്യത്തിന്റെ മാന്യതയും അന്തസ്സും നിലനിർത്തും. മുൻഭരണസംവിധാനങ്ങൾ ഇല്ലാതാക്കിയ ലോകനേതൃപദവി വീണ്ടെടുക്കും. കൊവിഡ് മഹാമാരിയെ എത്രയുംവേഗം നിയന്ത്രണവിധേയമാക്കും. വംശീയത നീക്കി ഒന്നായി മുൻപോട്ടു നീങ്ങേണ്ട സമയമാണിത്. നമ്മുടെ സഹോദരങ്ങളായ ആഫ്രോ - അമേരിക്കൻ, ഏഷ്യൻ - അമേരിക്കൻ വംശജർക്കും നന്ദി.”

രാജ്യത്തെ പ്രഥമ വനിതയാകുന്ന ജിൽ ജേക്കബ്സാണ് ജോ ബൈഡന് താങ്ങും തണലുമായി ഒപ്പമുള്ളത്. 1977 ൽ വിവാഹിതരായ ഈ ദമ്പതികൾക്ക് ആഷ്‌ലി എന്നു പേരുള്ള ഒരു മകളുണ്ട്.

**കമലാ ഹാരിസ്**

ലോകത്തെ ഏറ്റവും ശക്തമായ രാജ്യത്തെ രണ്ടാമത്തെ അധികാരകേന്ദ്രമായി ഇന്ത്യൻ വേരുകളുള്ള കമല ഹാരിസ് എന്ന ‘ട്രോജൻ കുതിര’ എത്തുന്നു. തീവ്ര ഇടതുപക്ഷ ചായ്‌വുള്ള കമലയ്ക്ക് ട്രംപുപക്ഷം നൽകിയ വിശേഷണമാണ് ‘ട്രോജൻ കുതിര’ എന്നത്. ബൈഡനെക്കാൾ ഭരണപക്ഷം ഭയപ്പെട്ടിരുന്നതും വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്ന കമലയെയാണ്.



അമേരിക്കൻചരിത്രത്തിലെ ആദ്യത്തെ വനിതാ വൈസ് പ്രസിഡന്റാണ് കമല ഹാരിസ്; ആദ്യത്തെ ആഫ്രോ - ഏഷ്യൻ വംശജയും. കാലിഫോർണിയയിൽനിന്നുള്ള ഈ അഭിഭാഷിക, 2003 ൽ സാൻഫ്രാൻസിസ്കോയുടെ ജില്ലാ അറ്റോർണിയും, 2011 ൽ കാലിഫോർണിയ സംസ്ഥാനത്തിന്റെ അറ്റോർണി ജനറലുമായി. രാജ്യത്തെ ഏറ്റവും മികച്ച അറ്റോർണി ജനറലെന്നാണ് മുൻ യു.എസ്. പ്രസിഡന്റ് ബറാക് ഒബാമ, കമലയെ വിശേഷിപ്പിച്ചത്. 2016 ൽ യു.എസ്. സെനറ്റിലേക്കു കാലിഫോർണിയയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട കമലയ്ക്ക് അഭിഭാഷകവൃത്തിയിലെ പരിചയസമ്പത്ത് വലിയ മുതൽക്കൂട്ടായി. ട്രംപ് ഭരണകൂടത്തെ അവർ ഇഴകീറി വിമർശിച്ചു. 2018 ആയപ്പോഴേക്കും ‘ഭാവി അമേരിക്കൻ പ്രസിഡന്റ്’ എന്ന വിശേഷണത്തിന് കമല പാത്രമായി. 2019 ൽ തന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിത്വം കമല പ്രഖ്യാപിച്ചെങ്കിലും സ്ഥാനാർത്ഥിനിർണയത്തിൽ ജോ ബൈഡനു മുൻതൂക്കം ലഭിച്ചു.

**കമലയുടെ വേരുകൾ ഇന്ത്യയിലും**

യു.എസിലേക്കു കുടിയേറിയ ജമൈക്കൻ വംശജനും സാമ്പത്തികശാസ്ത്രജ്ഞനുമായ പ്രഫ. ഡൊണാൾഡ് ഹാരിസിന്റെയും തമിഴ്നാടു സ്വദേശിനിയായ ശ്യാമളഗോപാലന്റെയും മകളായി 1964 ലായിരുന്നു കമലയുടെ ജനനം. ബെർക്‌ലി സർവകലാശാലയിൽവച്ചു കണ്ടുമുട്ടിയ ഇരുവരും വിവാഹിതരാവുകയായിരുന്നു. ഒരേസമയം പള്ളിയിലും ക്ഷേത്രത്തിലും വിശ്വസിക്കുന്ന മതേതരവാദിയായിട്ടാണ് കമല വളർന്നുവന്നത്. വിദ്യാർത്ഥിനിയായിരിക്കേ, വിയറ്റ്നാംയുദ്ധത്തിൽനിന്നു പിന്തിരിയണമെന്നാവശ്യപ്പെട്ട് അന്നത്തെ യു.എസ്. പ്രസിഡന്റ് റിച്ചാർഡ് നിക്സന് കത്തയച്ച ചരിത്രവും കമലയ്ക്കുണ്ട്. ‘നമ്മൾ പുലർത്തുന്ന സത്യങ്ങൾ’ എന്ന ആത്മകഥ കഴിഞ്ഞവർഷം പുറത്തിറക്കി. ജൂതവംശജനും അഭിഭാഷകനും വിവാഹമോചിതനുമായ ഡഗ്ലസ് എംഹോഫാണ് കമലയുടെ ഭർത്താവ്. ആദ്യവിവാഹത്തിൽ എംഹോഫിന് രണ്ടു മക്കളുണ്ട്. രണ്ടു വളർത്തുമക്കളുമുണ്ട് കമലയ്ക്ക്. കോൾ, എംഹോഫ് എന്നിവർ.

**കമലയ്ക്ക് വൈറ്റ്ഹൗസ് അകലെയല്ല**

സംഭവബഹുലമായ ജീവിതത്തിനുടമയായ കമലയ്ക്ക് വൈറ്റ് ഹൗസ് അത്ര അകലത്തിലല്ലെന്നാണ് രാഷ്ട്രീയനിരീക്ഷകരുടെ അഭിപ്രായം. ജോ ബൈഡന്റെ ഏറ്റവും വലിയ വിമർശകയെന്ന നിലയിൽനിന്നാണ് അദ്ദേഹത്തിന്റെ ഏറ്റവും വിശ്വസ്തയായ അനുയായി എന്ന നിലയിലേക്കുള്ള കമലയുടെ വളർച്ച. 78 കാരനായ ബൈഡന് ഏതെങ്കിലും കാരണവശാൽ കാലാവധി പൂർത്തിയാക്കാൻ കഴിയാതെവന്നാൽ, സ്വാഭാവികമായും കമലയാവും പ്രസിഡന്റ്. ഗർഭച്ഛിദ്രം, തോക്കുനിരോധനം, ലൈംഗികത്തൊഴിൽ, നികുതിപരിഷ്കരണം, മയക്കുമരുന്നു വ്യാപനം തുടങ്ങിയ വിഷയങ്ങളിൽ പുരോഗമനപരമെന്നു വിശേഷിപ്പിക്കപ്പെടുന്ന നിലപാടുകളാണ് കമലയുടേത്. മധ്യവർത്തിയായ ജോ ബൈഡനെക്കാൾ തീവ്രനിലപാടുകാരിയായ കമലയെയാണ് റിപ്പബ്ലിക്കൻ പാർട്ടിക്കു ഭയം. തിരഞ്ഞെടുപ്പുവിജയത്തിനുശേഷം നടത്തിയ പ്രസംഗത്തിൽ കമല പറഞ്ഞു: വലിയ ഭൂരിപക്ഷം നൽകി ഞങ്ങളെ വിജയിപ്പിച്ചതിനു നന്ദി. ഇത് ഞങ്ങളുടെ വിജയമല്ല, മറിച്ച്; അമേരിക്കൻജനതയുടെ വിജയമാണ്. ചരിത്രം തിരുത്തിയെഴുതപ്പെടുന്ന മുഹൂർത്തമാണിത്. നിങ്ങളുടെ മനസ്സിനേറ്റ മുറിവ് ഉണക്കും, മാന്യത കാത്തുസൂക്ഷിക്കും. വംശീയത വച്ചുപൊറുപ്പിക്കില്ല, മനുഷ്യരെല്ലാം തുല്യരാണ്. അമേരിക്കൻ ചരിത്രത്തിലെ ആദ്യത്തെ വനിതാ വൈസ് പ്രസിഡന്റായി നിങ്ങൾ എന്നെ തിരഞ്ഞെടുത്തെങ്കിലും ഞാൻ അവസാനത്തെയാളല്ല.”

■

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

സർവശക്തനായ കർത്താവു കനിഞ്ഞാൽ ജ്ഞാനത്തിന്റെ ചൈതന്യം അവനിൽ നിറയും; വിജ്ഞാനവചസ്സുകൾ പൊഴിഞ്ഞ് പ്രാർഥനാപൂർവം അവൻ കർത്താവിനു നന്ദി പറയും. പ്രഭാഷകൻ 39 : 6

**എഡിറ്റോറിയൽ**

# ഭീകരതയുടെ വേരറുക്കണം

മതമൗലികവാദവും ഭീകരതയും തഴച്ചുവളരുന്ന ഒരു ഭരണവ്യവസ്ഥിതിയുടെ നാലതിരുകൾക്കുള്ളിൽ ഭയന്നുവിറച്ചു കഴിയേണ്ട ഗതികേടിലാണ് ലോകമാകെയുള്ള ജനസമൂഹം. മതവിശ്വാസത്തിന്റെ വേരറുക്കാൻ തക്കം പാർത്തിരിക്കുന്ന ഛിദ്രശക്തികളുടെ സൈ്വരവിഹാരഭൂമിയായി അധഃപതിക്കുകയാണോ നമ്മുടെ നാട്? മതങ്ങളും മതാചാര്യന്മാരും കാലങ്ങളായി പഠിപ്പിച്ചുപോന്ന വിശ്വസാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും പരിശുദ്ധപാഠങ്ങളിൽ, ഹിംസയുടെ പ്രത്യയശാസ്ത്രങ്ങൾ ചോര വീഴ്ത്തിയപ്പോൾ, വെറുപ്പിന്റെ രാഷ്ട്രീയം അക്രമം അഴിച്ചുവിട്ടപ്പോൾ, അക്ഷരാർത്ഥത്തിൽ ക്രമം തെറ്റിയത് ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള ബന്ധങ്ങൾക്കാണ്.

ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ അക്രമങ്ങളും രക്തച്ചൊരിച്ചിലുകളും നടത്തുന്നത് ദൈവത്തിന്റെ ഛായയിൽ മെനഞ്ഞെടുക്കപ്പെട്ട ഒരു മനുഷ്യനും സ്വീകാര്യമല്ല. ലോകാ സമസ്താ സുഖിനോ ഭവന്തു - പ്രാചീനകാലംമുതൽ ലോകജനത ഒരമ്മപെറ്റ മക്കളെപ്പോലെ ഹൃദയത്തിൽ മന്ത്രിച്ചുകൊണ്ടു നടന്നത് ലോകം മുഴുവനിലുമുള്ള സകല ജനതതിയുടെയും ക്ഷേമവും ഐശ്വര്യവുമാണ്. ജാതിക്കും മതത്തിനും വർണ്ണത്തിനും വർഗ്ഗത്തിനുമെല്ലാമതീതമായി എല്ലാവരും പുലരണമെന്ന ശാന്തിമന്ത്രമാണ് പ്രാർത്ഥനയെന്നോണം അവന്റെ ഉള്ളിൽ ഉറഞ്ഞുകൂടിയിരുന്നത്. ആ ദിവ്യമന്ത്രധ്വനികൾക്ക് എവിടെയൊക്കെയോ താളഭ്രംശം സംഭവിച്ചിരിക്കുന്നു! വ്യാകരണം നഷ്ടപ്പെട്ടുപോയിരിക്കുന്നു! ദൈവഭാഷ മരിച്ചുകൊണ്ടിരിക്കുന്നു!

ഭീകരവാദത്തിനെതിരേ യൂറോപ്യൻ യൂണിയനിലെ പ്രമുഖരാഷ്ട്രങ്ങളുടെ തലവന്മാർ കഴിഞ്ഞദിവസം നടത്തിയ ചർച്ചകൾ ലോകം ശ്രദ്ധിക്കുകയുണ്ടായി. ജർമൻ ചാൻസലർ ആംഗല മെർക്കൽ, ഓസ്ട്രിയൻ ചാൻസലർ സെബാസ്റ്റ്യൻ കുർട്സ്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, നെതർലൻഡ്സ് പ്രധാനമന്ത്രി മാർക്ക് റുട്ടെ മുതലായവർ നടത്തിയ ചർച്ച യൂറോപ്പ് നേരിടുന്ന വലിയ വെല്ലുവിളിയായ ഇസ്ലാമികഭീകരതയെ എങ്ങനെ അമർച്ചചെയ്യാം എന്നതായിരുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ എണ്ണിയാലൊടുങ്ങാത്ത അക്രമപരമ്പരകളാണ് വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ അരങ്ങേറിയത്. ഇസ്ലാമിക ഭീകരതയുടെ ഇരകളായി ദാരുണമായി കൊലചെയ്യപ്പെട്ടവരിലധികവും ഫ്രാൻസിലാണ്. ഫ്രാൻസിലെ 6.7 കോടി ജനങ്ങളിൽ അഞ്ചു ശതമാനമേ മുസ്ലീങ്ങളുള്ളൂവെങ്കിലും അവരിലെ ന്യൂനപക്ഷമായ ഭീകരപ്രവർത്തകർക്ക് രാജ്യത്ത് അക്രമം അഴിച്ചുവിടാൻ കഴിഞ്ഞിരിക്കുന്നു എന്നതാണ് ക്രൂരമായ സത്യം. മുസ്ലീം സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സമാധാനപ്രിയർക്കുപോലും സുരക്ഷിതത്വം നഷ്ടപ്പെട്ടിരിക്കുന്നു. അക്രമത്തിനെതിരേ സംസാരിക്കുന്ന ഇമാമുമാർക്കുവരെ പൊലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.

ഫ്രാൻസിലെ നീസ് നഗരത്തിലെ വിഖ്യാതമായ നോത്രദാം ബസിലിക്കയിൽ വി. കുർബാനയ്ക്കെത്തിയ മൂന്നുപേരെ കഴുത്തറുത്തും കുത്തിയും കൊലപ്പെടുത്തിയത് ലോകമനസ്സാക്ഷിയെ ഞെട്ടിച്ചു. സാമുവൽ പാറ്റി എന്ന അദ്ധ്യാപകനെ അതിക്രൂരമായി കഴുത്തറുത്തു കൊന്നതിന്റെ ഭീതി മാറുംമുമ്പാണ് ക്രൈസ്തവദൈവാലയത്തിൽ കടന്നുകയറിയുള്ള ഭീകരാക്രമണം. അഭിപ്രായസ്വാതന്ത്ര്യത്തെ വിശുദ്ധമായ പൗരാവകാശമായി ഫ്രഞ്ചുജനത കാണുമ്പോഴും പ്രസിദ്ധ കാർട്ടൂണിസ്റ്റ് ഷാർലി ഹെബ്ദോയുടെ പ്രവാചകനെക്കുറിച്ചുള്ള ഒരു കാർട്ടൂണിന്റെ പേരിൽ അരങ്ങേറിയ കൊലപാതകപരമ്പരകൾക്കു കയ്യും കണക്കുമില്ല.

ഫ്രാൻസിലെ 150 സ്ഥലങ്ങളിൽ സമൂഹജീവിതം നിയന്ത്രിക്കുന്നത് തീവ്രവാദികളാണെന്ന് ഇസ്ലാമോളജി വിദഗ്ദ്ധനായ ബർനാർഡ് റൂഷി വിലയിരുത്തുന്നു. അവിടങ്ങളിൽ പൗരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്കു പുറത്തിറങ്ങാൻ അനുവാദമില്ല. കുട്ടികൾക്കു പൊതുവിദ്യാലയങ്ങളിൽ പോകാനാവില്ല.

ഇസ്ലാമിക മതനിയമങ്ങൾ നിയന്ത്രണങ്ങളും വിലക്കുകളും കല്പിച്ചിരിക്കുന്നുവെന്നു ചുരുക്കം. അനിസ്ലാമികമായ സകലതിനോടും വെറുപ്പിന്റെ രാഷ്ട്രീയം പ്രസംഗിക്കപ്പെടുന്നു. ഇത്തരം ഗെറ്റോകൾ യൂറോപ്യൻ രാജ്യങ്ങളിൽ പലയിടങ്ങളിലുമുണ്ടെന്നാണ് ബർനാർഡ് റൂഷി അഭിപ്രായപ്പെടുന്നത്. തീവ്രവാദികൾ പിറക്കുന്നതും വളരുന്നതും ലോകമാസകലം പടർന്നുപന്തലിക്കുന്നതും ഇത്തരം കേന്ദ്രങ്ങളിൽനിന്നാണെന്നാണ് റിപ്പോർട്ടുകൾ.

സമൂഹജീവിതത്തിന്റെ വിവിധ മേഖലകളിൽ ഭീകര ഇസ്ലാമിസ്റ്റുകൾ നുഴഞ്ഞുകയറി സ്വാധീനമുറപ്പിക്കുന്നതിന്റെ വാർത്ത കഴിഞ്ഞ ദിവസങ്ങളിൽ യൂറോപ്യൻ ദിനപത്രങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. തീവ്രവാദം വളരുന്നിടത്ത് അന്തശ്ഛിദ്രങ്ങളും അരാജകത്വങ്ങളും പെരുകും. ഭീകരതയ്ക്കു മുമ്പിൽ രാജ്യം മുട്ടുമടക്കുകയില്ലെന്നും വിദ്വേഷത്തിന്റെ ശക്തികളെ ചെറുത്തുതോല്പിക്കുമെന്നുമുള്ള ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണിന്റെ പരസ്യപ്രഖ്യാപനം ഫ്രാൻസ് മാത്രമല്ല, ലോകജനതയാകെ ആശ്വാസത്തോടെ കേട്ടു. എല്ലാ രാഷ്ട്രത്തലവന്മാരും ഭരണകൂടങ്ങളും ഒരേ മനസ്സോടെ ഭീകരതയ്ക്കെതിരേ അണിചേരേണ്ട സമയമാണിത്. മതമൈത്രിക്കും വിശ്വസമാധാനത്തിനുംവേണ്ടിയുള്ള നിലയ്ക്കാത്ത നിലവിളികളാവണം പ്രാർത്ഥനാമന്ത്രങ്ങളായി നാമോരുത്തരുടെയും ഹൃദന്തത്തിൽനിന്നുയരേണ്ടത്. 'എല്ലാവരും സഹോദരർ' (ഫ്രത്തേലി തൂത്തി) എന്ന ശീർഷകത്തോടെ ഈയിടെ പുറത്തിറങ്ങിയ ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനം ഇത്തരുണത്തിൽ പുതുവായനയ്ക്കും പഠനത്തിനും പ്രേരകമാകട്ടെ. □



## പ്രതികരണം

# ജനിച്ച മണ്ണിനെ മറക്കാത്ത മനുഷ്യൻ

നവംബർ 5 ദീപനാളം ഒന്നാംപേജിൽ, 'മറക്കില്ല ഞാൻ മതനിരപേക്ഷതയുടെ മണ്ണിനെ' എന്ന ഏഴാച്ചേരി രാമചന്ദ്രന്റെ ലേഖനം ശ്രദ്ധേയമായിരുന്നു. ജനിച്ച മണ്ണിനെ മറക്കാത്ത വലിയ മനുഷ്യനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ എളിമ ഈ ലേഖനത്തിലൂടെ മനസ്സിലാക്കാം. പാലായുടെ അഭിമാനമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഉയർച്ച മീനച്ചിലിന്റെയും ഉയർച്ചയാണ്. പ്രശസ്തവാഗ്മിയായിരുന്ന പീറ്റർ റെഡ്ഡിയെപ്പറ്റി അദ്ദേഹം പറഞ്ഞത് ഇന്ന് പലർക്കും അറിയാത്ത കാര്യമാണ്. താടിയും മുടിയും വളർത്തി മുതുകിൽ മാറാപ്പും തൂക്കി മുഷിഞ്ഞ വേഷത്തിൽ ഒരു മനുഷ്യൻ. സ്കൂളിലും പള്ളിയിലുമൊക്കെ പ്രസംഗിക്കുമായിരുന്നു. പലർക്കും അബദ്ധം പറ്റിയ കൂട്ടത്തിൽ എനിക്കും ഒരബദ്ധം പറ്റി. ഞാൻ പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ പഠിക്കുന്ന കാലം. ഒരുദിവസം ഉച്ചകഴിഞ്ഞ് രണ്ടുമണിമുതൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഒരു പ്രഭാഷണം ഉണ്ടെന്നറിയിച്ചിരുന്നു. ഉച്ചയ്ക്കു സ്കൂൾ വിട്ടസമയം. പീറ്റർ റെഡ്ഡി ഒരു കടത്തിണ്ണയിൽ നിൽക്കുന്നു. ഞങ്ങൾ ഏതാനുംപേർ ചുറ്റുംകൂടി. അദ്ദേഹത്തിന്റെ വേഷമൊക്കെ കണ്ട ഞങ്ങൾ കൂകിവിളിച്ചു. എല്ലാവരും പിരിഞ്ഞുപോയി. രണ്ടു മണിയായപ്പോൾ യോഗം ആരംഭിച്ചു. സ്റ്റേജിലേക്കു വന്നത് ഞങ്ങൾ കൂകിവിളിച്ച പീറ്റർ റെഡ്ഡി. അപ്പോഴാണു ഞങ്ങൾക്കു പറ്റിയ അബദ്ധം മനസ്സിലായത്. അദ്ദേഹത്തിന്റെ ഉജ്വലപ്രസംഗം കേട്ട് സദസ് അന്തംവിട്ടുപോയി. അദ്ദേഹത്തെ ഓർമ്മിച്ച് ചിന്ത പങ്കുവച്ച ഏഴാച്ചേരി രാമചന്ദ്രനെ അഭിനന്ദിക്കുന്നു.

**അഗസ്റ്റിൻ കുറുമണ്ണ്**
**ഇടുക്കി**

# യൂറോപ്പേ, ഉണരുക

യൂറോപ്പ് ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സാമുദായികതീവ്രവാദവും മതഭീകരതയും യൂറോപ്പിന്റെ അന്തരീക്ഷം വിഷലിപ്തമാക്കും. മാനവികതയും സഹതാപവും ക്ഷമയും സഹിഷ്ണുതയും പരസഹായചിന്തകളുമാണ് യൂറോപ്പ് അഭയാർത്ഥികളെ സ്വീകരിക്കാൻ കാരണമായത്. ഈ നന്മയ്ക്കുള്ള പ്രതിഫലം തിന്മയായി, ഭീഷണിയായി, അക്രമമായി, ക്രൂരതയായി തിരിച്ചടിക്കുകയാണ്. ഓരോ ദിവസവും ഓരോ ജിഹാദി അക്രമങ്ങൾ യൂറോപ്പിൽ നടക്കുമ്പോഴും നടുക്കം പ്രകടിപ്പിച്ചിരുന്നാൽ പോരാ എന്ന് യൂറോപ്പറിയണം. രാഷ്ട്രീയാധികാരികളും മതാധികാരികളും വളരെ കരുതലോടെ കാര്യങ്ങൾ നീക്കാൻ പഠിക്കണം. അഭയാർത്ഥികളെ തിരിച്ചയയ്ക്കണം. അവരെക്കൊണ്ടു പണി ചെയ്യിപ്പിച്ചിട്ടുവേണം പണം കൊടുക്കാൻ. യൂറോപ്പിന്റെ ക്രൈസ്തവസംസ്കാരത്തിനു നിരക്കാത്തത് അവരെക്കൊണ്ട് ഒഴിവാക്കിപ്പിക്കണം. ഇസ്ലാമികരാജ്യങ്ങളിൽ അമുസ്ലീങ്ങൾക്കു ലഭിക്കാത്ത സ്വാതന്ത്ര്യവും അവകാശങ്ങളും അവർ എന്തിന് ക്രൈസ്തവരാജ്യങ്ങളിൽ അവകാശപ്പെടുന്നു? മതേതരത്വവും മതസ്വാതന്ത്ര്യവും ഒരു കൂട്ടർക്കുമാത്രം പോരല്ലോ. യൂറോപ്പിൽ മോസ്ക് വച്ചാൽ സൗദിയിൽ എന്തുകൊണ്ട് പള്ളി വയ്ക്കാനാവില്ല? വത്തിക്കാനിൽ മോസ്ക് വയ്ക്കുന്നവർ തുർക്കിയിൽ എന്തുകൊണ്ട് പള്ളി മോസ്കാക്കുന്നു?

ഇങ്ങ് കേരളത്തിലേക്കു വന്നാൽ, ഒറ്റയ്ക്കു വളരുകയും ഒന്നിച്ചു തളരുകയും ചെയ്യുന്ന സഭയാണ് കേരളസഭ. രാഷ്ട്രീയമായോ സാമൂഹികമായോ പ്രതികരിക്കുമ്പോൾ ലത്തീൻ, മലബാർ - മലങ്കര ശബ്ദങ്ങൾ കേരള ജനത കേൾക്കരുത്. കേരളക്രൈസ്തവർ എന്നാണ് നാം പറയേണ്ടത്. ഒറ്റക്കെട്ടായി നില്ക്കാത്തതിന്റെയും ഒന്നിച്ചു പോരാടാത്തതിന്റെയും ഫലം കഴിഞ്ഞ 20-25 വർഷങ്ങളിൽ ഉണ്ടായ നഷ്ടത്തിനും കോട്ടത്തിനും കാരണമായിട്ടുണ്ട്. സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയെങ്കിലും ക്രൈസ്തവവിശ്വാസിയെന്ന നിലയിലും ക്രൈസ്തവസമൂഹമെന്നനിലയിലും നാം ഒറ്റക്കെട്ടായി പോരാടണം; പ്രതിരോധിക്കണം; ചെറുത്തുനില്ക്കണം. ഒന്നിച്ചുനിന്നാൽ നാം ജയിക്കും. ഭിന്നിച്ചുനിന്നാൽ പരാജയപ്പെടും എന്ന തത്ത്വം കേരളത്തിലെ മുഴുവൻ ക്രൈസ്തവർക്കും ഉണ്ടാകണം.


**ഫാ. ലൂക്ക് പൂതൃക്കയിൽ**

## സ്മരണാഞ്ജലി



ദീപനാളത്തിന്റെ സ്ഥാപകപിതാവും പാലാ രൂപതയുടെ പ്രഥമാദ്ധ്യക്ഷനുമായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ദിവംഗതനായിട്ട് നവംബർ 21ന് 34 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ ആദരപൂർവമായ കൂപ്പുകൈ!

# മായാത്ത ഓർമ്മകളുമായി തൂത്തൻഖാമൻ



ചരിത്രവും സംസ്കാരവും 8



പ്രഫ. ചാണ്ടി സഖറിയാസ്

**കൗമാരത്തിൽ ജീവിതത്തിനു തിരശീല വീണ ഒരു ഫറവോയുടെ കഥ**

എട്ടാമത്തെ വയസ്സിൽ ലോകത്തിൽ ഏറ്റവും മഹിമയേറിയ സിംഹാസനത്തിൽ ആരൂഢനായ തൂത്തൻഖാമനെയാണ് ലോകം കാണുന്നത്. പിതാവിന്റെ മരണശേഷം ഹ്രസ്വകാലത്തേക്ക് ഒരു രാജ്ഞിയോ ഭരണാധിപനോ സിംഹാസനം അലങ്കരിച്ചിരുന്നിരിക്കാം. വളരെ ചെറുപ്പത്തിൽ അധികാരത്തിൽ എത്തിയതുകൊണ്ട് അദ്ദേഹം തീർച്ചയായും ശക്തരായ ഉപദേശകരാൽ വലയം ചെയ്യപ്പെട്ടിരിക്കാം. അദ്ദേഹത്തിന്റെ കരങ്ങളെ നിയന്ത്രിച്ചിരുന്ന ബലിഷ്ഠഹസ്തങ്ങൾ കർട്ടനു പിന്നിൽ ഉണ്ടായിരിക്കാം. അദ്ദേഹത്തിന്റെ പിതാവ് അക്കനേറ്റന്റെ വിപ്ലവകരമായ മതപരിഷ്കാരങ്ങൾക്കു യാഥാസ്ഥിതികവിഭാഗത്തിനു കടുത്ത എതിർപ്പുണ്ടായിരിക്കാം. അതുകൊണ്ട് തൂത്തൻഖാമൻ പിതാവിന്റെ നടപടികളെ തിരുത്തി കാര്യങ്ങൾ പൂർവ്വസ്ഥിതിയിലേക്കു കൊണ്ടുവരാൻ ശ്രമിച്ചു. അമനായിൽനിന്നു തലസ്ഥാനം മതപരമായ പ്രാധാന്യമുള്ള തെബിസിലേക്കു തിരികെക്കൊണ്ടുവന്നു. അടഞ്ഞുകിടന്നിരുന്ന ക്ഷേത്രവാതിലുകൾ തുറന്നു. മന്ത്രധ്വനികളും പെരുമ്പറകളും വീണ്ടും ക്ഷേത്രങ്ങളിൽ മുഴങ്ങി. ക്ഷേത്രാചാരങ്ങളും ചടങ്ങുകളും പ്രദക്ഷിണങ്ങളും വീണ്ടുമാരംഭിച്ചു. പഴയ ദേവന്മാരിൽ പ്രമുഖനായ അമൻ വീണ്ടും തിരിച്ചുവന്നു. സിറിയയിലേക്കു സൈന്യത്തെ അയച്ചതും ക്ഷേത്രങ്ങളുടെ സംരക്ഷണ ജോലികൾ ചെയ്തതും പഴയ മതാചാരങ്ങൾ തിരികെക്കൊണ്ടുവന്നതും ഒഴികെ കുമാരനായ ഈ ഫറവോ മറ്റൊന്നും കാര്യമായി ചെയ്തില്ല.

പിന്നീടു നാം കാണുന്നത് രോഗമോ അപകടമോ നിമിത്തം മരണമടയുന്ന ഫറവോയെയാണ്. രാജാക്കന്മാരുടെ താഴ്‌വരയിൽ അധികമാരും അറിയാതെ പ്രായേണ ചെറിയ ഒരു ശവകുടീരത്തിൽ അദ്ദേഹത്തിന്റെ മമ്മിയാക്കിയ ഭൗതികശരീരം സംസ്കരിക്കപ്പെട്ടു. അതിനുമുകളിൽ പിരമിഡോ, സ്മാരകമോ ഉയർന്നില്ല. പെട്ടെന്നുള്ള മരണംമൂലം ശവസംസ്കാരത്തോടനുബന്ധിച്ചുള്ള കാര്യങ്ങളും വലിയ ആർഭാടമില്ലാതെയാണ് നടത്തപ്പെട്ടത്. എംബാമിംഗും മമ്മിയാക്കലും ശരിയായ രീതിയിലല്ല നടത്തിയത് എന്നു കരുതാവുന്നതാണ്. ഇതുമൂലം ശരീരത്തിനു കേടുസംഭവിച്ചിരുന്നു. നൂറു വർഷംകൊണ്ട് തൂത്തൻഖാമനെ അടക്കം ചെയ്ത സ്ഥലം പോലും വിസ്മരിക്കപ്പെട്ടു. പിതാവിന്റെ പേരിലുണ്ടായ പാഷണ്ഡതമൂലം അദ്ദേഹം രാജാക്കന്മാരുടെ ലിസ്റ്റിൽനിന്നു പുറത്തായി, ഇങ്ങനെയുള്ള ലിസ്റ്റുകൾ ക്ഷേത്രഭിത്തികളിലും പാപ്പിറസിലും രേഖപ്പെടുത്തിയിരുന്നു. പക്ഷേ, ഈ അവഗണന ഉർവ്വശീശാപം ഉപകാരം എന്നതുപോലെയായി. ആരുംതന്നെ അറിയപ്പെടാതിരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ശവക്കല്ലറ കൊള്ളക്കാരാൽ ആക്രമിക്കപ്പെട്ടുള്ളൂ. ശവകുടീരവും അനുബന്ധവസ്തുക്കളും സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടു. പിന്നീട് സമസ്തലോകത്തിന്റെയും ഭാവനയുണർത്തി ആ ശവകുടീരം ഈജിപ്റ്റോളജിക്ക് പുത്തനുണർവ്വും താത്പര്യവും ഉണ്ടാക്കി നൂതനാദ്ധ്യായങ്ങൾ രചിച്ചു.



തൂത്തൻഖാമന്റെ ശവകുടീരത്തിന്റെ മുൻഭാഗം



തൂത്തൻഖാമന്റെ ശവകുടീരത്തിൽ നിന്നുംകിട്ടിയ ഐവറി ബോക്സ്

**എംബാമിംഗ്**

ഫറവോമാരുടെയും ഉന്നതരുടെയും ശരീരത്തിലെ ആന്തരാവയവങ്ങൾ എടുത്തുമാറ്റി എംബാം ചെയ്തു മമ്മിയാക്കി സൂക്ഷിക്കുകയെന്നുള്ളത് പുരാതന ഈജിപ്തിലെ സമ്പ്രദായമായിരുന്നു. മരണം ആകസ്മികമായിരുന്നതുകൊണ്ട് തൂത്തൻഖാമന്റെ ശരീരത്തിന്റെ എംബാമിംഗും മമ്മിയാക്കലും വേഗത്തിൽ ചെയ്യേണ്ടിവന്നിരിക്കാം. ഇതിനുപയോഗിച്ച രാസവസ്തുക്കളുടെ ആധിക്യം ശരീരത്തിൽ വളരെ ജീർണ്ണത വരുത്തിയിരുന്നു. അതുകൊണ്ട് ആദ്യകാലപരിശോധനകൾ ബുദ്ധിമുട്ടായിരുന്നു. ശരീരത്തിൽ പല പാളികളായി ചുറ്റിയിരുന്ന ലിനൻതുണികൾ ഓയിലിൽ മുങ്ങിയിരുന്നു. ഏതാണെങ്കിലും മമ്മിയാക്കുന്ന പ്രക്രിയയിലെ ശാസ്ത്രസാങ്കേതികവിദ്യകൾ ഇന്നും ലോകത്തിനു പൂർണമായി മനസ്സിലായിട്ടില്ല.

**തൂത്തൻഖാമന്റെ കുടുംബം: ആധുനികപരിശോധനഫലങ്ങൾ**

ആദ്യകാലങ്ങളിൽ മൃതദേഹങ്ങൾ കീറിമുറിച്ചു പരിശോധന നടത്തിക്കൊണ്ടിരുന്ന രീതി മമ്മിക്കുള്ളിലെ ശവശരീരങ്ങൾക്കു കേടുവരുത്തിയിരുന്നു. തൂത്തൻഖാമന്റെ കുടുംബത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് മാതാപിതാക്കൾ, ഭാര്യ, സന്താനങ്ങൾ ഇവരെ സംബന്ധിച്ച് പതിറ്റാണ്ടുകൾ നീണ്ട പരിശോധനഫലങ്ങളും പഠനങ്ങളും കണ്ടെത്തലുകളും നടന്നു.

എക്സ്റേയും, സി.റ്റി. സ്കാൻ, ഡിഎൻഎ ടെസ്റ്റുപോലുള്ള മാർഗ്ഗങ്ങൾ പ്രചാരത്തിലായതുമുതൽ മൃതദേഹങ്ങൾക്കു യാതൊരു പരിക്കുമേല്ക്കാതെ മമ്മികളിൽ പരിശോധന നടത്താമെന്നായി. 2001 മുതൽ നാഷണൽ ജിയോഗ്രാഫിക് സൊസൈറ്റിയുടെ പിന്തുണയും സഹകരണവും ഈജിപ്തിലെ പൗരാണികപര്യവേക്ഷണങ്ങൾക്കുണ്ടായിരുന്നു. 2005 ൽ കെയ്റോ യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി ഓഫ് മെഡിസിനും അന്താരാഷ്ട്രതലത്തിലുള്ള വിദഗ്ധരും ചേർന്നു പത്തോളം മമ്മികളിൽ നടത്തിയ ഡിഎൻഎ പരിശോധനകളും, സി.റ്റി. സ്കാനിംഗുകളും, തൂത്തൻഖാമന്റെ കുടുംബത്തെ സംബന്ധിച്ച് ഒരു ഏകദേശചിത്രം നമുക്കു നല്കുകയുണ്ടായി.

അതിലെ കണ്ടെത്തലുകൾ ഇങ്ങനെയായിരുന്നു: തൂത്തൻഖാമന്റെ സ്വർണ്ണപേടകത്തിൽ കണ്ടെത്തിയ അല്പം കേടുവന്ന മമ്മിയാക്കിയ ശവശരീരം അദ്ദേഹത്തിന്റെതന്നെ ആയിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ പിതാവിന്റെയും ഭാര്യയുടെയും, ജനനത്തോടുകൂടി മരണമടഞ്ഞ രണ്ടു കുട്ടികളുടെയും മമ്മികൾ സംശയാതീതമായി സ്ഥിരീകരിക്കുവാൻ സാധിച്ചിട്ടില്ല. ഗവേഷകർ കണ്ടെത്തിയ യംഗർലേഡി എന്നു പേരിട്ട മമ്മി അദ്ദേഹത്തിന്റെ ഭാര്യയുടെയും എൽഡർ ലേഡി മാതാവിന്റെതുമാണെന്നു കരുതുന്നു.

തൂത്തൻഖാമൻ മക്കളെ അവശേഷിപ്പിക്കാതെ മരിച്ചതുകൊണ്ടും മറ്റാരും രാജവംശത്തിൽ അർഹരായി ഇല്ലാതിരുന്നതുകൊണ്ടും ആ രാജകുടുംബം അതോടുകൂടി അവസാനിക്കുകയായിരുന്നു. രക്തബന്ധത്തിൽപ്പെട്ടവർ തമ്മിൽ നടന്ന വിവാഹത്തിലുള്ള സന്താനമായിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം കാലിനും മറ്റും വൈകല്യമുള്ളവനായി ജനിച്ചതും സന്താനഭാഗ്യമില്ലാതെ ലോകത്തോടു വിടപറയേണ്ടിവന്നതുമെന്നും കരുതുന്നുവരുണ്ട്. ■

കവിത

ജോർജുകുട്ടി താവളം

## ഒരു നീണ്ട യാത്ര



ഒരു നീണ്ട യാത്രയാം ജീവിതത്തെ
കരുതലോടെപ്പൊഴും കണ്ടിടേണം
വഴികളങ്ങോളം സുഗമമാകാ
കുഴികളും കല്ലുകളൊക്കെയുണ്ടാം

അവികലമാർഗ്ഗം ഗ്രഹിച്ചു മാത്രം
ചുവടുകളോരോന്നും വച്ചുവെന്നാൽ
കടമ്പകളൊക്കെക്കടന്നു നീങ്ങാം
തടസ്സങ്ങളില്ലാതെ സഞ്ചരിക്കാം

സരണികൾ മുന്നിൽപ്പലതുകണ്ടാൽ
ചരണങ്ങൾ ശ്രദ്ധിച്ചു വച്ചിടേണം
ശരിയായ മാർഗ്ഗം തിരഞ്ഞെടുത്താൽ
ദുരിതങ്ങളെല്ലാമകന്നു പോകും

അതിനായ് മിഴികളും കാതുകളും
അതിയായ ശ്രദ്ധ പുലർത്തിടേണം
അകക്കണ്ണുകൾകൊണ്ടു ശ്രദ്ധയോടെ
അകലത്തേക്കെപ്പൊഴും നോക്കിടേണം

അവിടെയുണ്ടാവാം ചതിക്കുഴികൾ
അവയിൽ വീഴാതെ കടന്നുപോണം
അതിനുള്ള ശക്തി ലഭിച്ചിടാനായ്
അഖിലേശനെപ്പൊഴും കൂടെവേണം


ശരിയായ പാതയിൽ സഞ്ചരിപ്പോർ
ധരയിലെ ജീവിതം ധന്യമാക്കും
ക്ഷിതി വിട്ടകന്നുവെന്നാകിലുമാ
പഥികനെ മാനുഷരോർത്തിരിക്കും






ഡോ. കുര്യാസ് കുമ്പളക്കുഴി

# അമേരിക്കൻ പ്രസിഡന്റുമാർക്കു വയസ്സാകുന്നു!



**അ**മേരിക്കൻജനത തിരഞ്ഞെടുത്ത ഒരു പ്രസിഡന്റ്, ലോകജനതയ്ക്കു മുന്നിൽ അവരെ നാണം കെടുത്തുകയാണ്. അതു മറ്റാരുമല്ല, ഇപ്പോൾ അവർ തന്നെ വോട്ടുചെയ്തു പുറത്താക്കിയിരിക്കുന്ന റൊണാൾഡ് ട്രംപാണ്.

2017 ൽ എതിർസ്ഥാനാർത്ഥി ഹിലരി ക്ലിന്റൺ ജനകീയവോട്ടുകളുടെ കാര്യത്തിൽ ട്രംപിനെക്കാൾ ബഹുദൂരം മുന്നിലായിരുന്നെങ്കിലും ഇലക്ടറൽ വോട്ടുകളുടെ പിൻബലത്തിൽ പ്രസിഡന്റാവാൻ ഭാഗ്യം ലഭിച്ചത് ട്രംപിനായിരുന്നു. ഇപ്പോൾ സാഹചര്യം വ്യത്യസ്തമാണ്. ട്രംപിനു ലഭിച്ച ജനകീയവോട്ടു 47.6 ശതമാനം മാത്രമാണ്. എതിർസ്ഥാനാർത്ഥി ജോ ബൈഡനു ലഭിച്ചത് 50.6 ശതമാനം. ട്രംപിന് 214 ഇലക്ടറൽ വോട്ടുകൾ മാത്രം കിട്ടിയപ്പോൾ ബൈഡൻ സ്വന്തമാക്കിയത് 290 വോട്ട്.

ജോ ബൈഡനു ജനങ്ങൾ സമ്മാനിച്ചിരിക്കുന്നതു സമ്പൂർണ്ണ വിജയമാണ്. പക്ഷേ, ട്രംപ് സമ്മതിക്കാൻ തയ്യാറില്ല! വോട്ടിംഗിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിരിക്കുന്നു എന്നാണദ്ദേഹത്തിന്റെ ആരോപണം, വോട്ടു കുറയുന്നവർ പൊതുവേ ഉന്നയിക്കാറുള്ള വിലകുറഞ്ഞ മറുവാദം മാത്രം!

രാജ്യത്തെ കോടതികളിൽ ട്രംപ് തിരഞ്ഞെടുപ്പുകേസുകൾ സമർപ്പിക്കാൻ ഒരുങ്ങുകയാണത്രേ. കോടതികളുടെ സമയം ദുരുപയോഗം ചെയ്യാനുള്ള പാഴ്വേലയെന്നേ ഇതേക്കുറിച്ചു പറയേണ്ടൂ. അധികാരക്കസേരയിൽ ഇരുന്നു ഹരം പിടിച്ചുപോയതിന്റെ അനന്തരഫലം!

അടുത്ത പ്രസിഡന്റ് താൻ തന്നെയായിരിക്കുമെന്ന് ട്രംപ് നേരത്തേ പ്രഖ്യാപിച്ചിരുന്നു. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ നേരിയ ലീഡുണ്ടായപ്പോൾ താൻ വിജയിച്ചതായി സ്വയം പ്രഖ്യാപിക്കാനും ഇനി വോട്ടെണ്ണൽ നിർത്തിവയ്ക്കണം എന്നാവശ്യപ്പെടാനും അദ്ദേഹത്തിനു യാതൊരു ജാള്യവും ഉണ്ടായിരുന്നില്ല. ഇങ്ങനെയും ഒരു പ്രസിഡണ്ട്!

ഇത് അത്യപൂർവസംഭവമാണ്. ഊർജ്ജസ്വലമായ അമേരിക്കൻ ജനാധിപത്യത്തിന് എന്തുപറ്റി? അതിനു വയസ്സാവുകയാണോ? അതോ പ്രസിഡണ്ടുമാർക്കാണോ വയസ്സാവുന്നത്?

ഭാരതീയദർശനമനുസരിച്ചു ചാപല്യങ്ങൾ യൗവനഘട്ടത്തിന്റെ സവിശേഷതകളാണ്. പക്വതയും വിവേകവും വാർധക്യത്തിന്റേതും. 'ഹിതോപദേശം' ഈ വസ്തുത ഇങ്ങനെ ഉപദേശിക്കുന്നു: "യൗവനം, സമ്പത്ത്, അധികാരം, അവിവേകം. ഇവയിലൊന്നുപോലും ആപത്കാരിയാണ്. അവ നാലുംകൂടി ഒന്നിച്ചുവന്നാൽ പിന്നെ പറയേണ്ടതുണ്ടോ?"

യൗവനത്തിനുപകരം വാർധക്യം വച്ചാൽ ഈ മുന്നറിയിപ്പ് ട്രംപിന്റെ കാര്യത്തിൽ അന്വർത്ഥമായിരിക്കുകയാണെന്നു പറയാം. അധികാരം പോയാൽ താൻ ആകെ തകർന്നുപോയേക്കാമെന്ന് അദ്ദേഹം ഭയപ്പെടുന്നുണ്ടാകാം. അദ്ദേഹം കൂടെക്കൊണ്ടുനടക്കുന്ന ഒരു സുന്ദരിപ്പെണ്ണുണ്ടല്ലോ, അമ്പതുകാരി മെലാനിയ. ട്രംപ് വൈറ്റ്ഹൗസിൽനിന്നിറങ്ങുന്നതു കാത്തിരിക്കുകയാണത്രേ, അവരും വിടപറയാൻ!

പൊതുവേ ചെറുപ്പക്കാരെ രാഷ്ട്രത്തലവന്മാരായി തിരഞ്ഞെടുക്കുന്ന പാരമ്പര്യമാണ് അമേരിക്കയുടേത്. ആദ്യപ്രസിഡന്റ് ജോർജ് വാഷിംഗ്ടൺ 1789 ൽ സ്ഥാനമേല്ക്കുമ്പോൾ 57 വയസ്സായിരുന്നു. സ്ഥാനമൊഴിഞ്ഞു രണ്ടുവർഷം കഴിഞ്ഞപ്പോൾ, 67-ാം വയസ്സിൽ അദ്ദേഹം മരണമടയുകയും ചെയ്തു. രണ്ടാം പ്രസിഡണ്ട് തോമസ് ജഫേഴ്സൺ 54-ാം വയസ്സിലാണു സ്ഥാനമേറ്റത്.

ഈ പാരമ്പര്യം ഏറെക്കാലം തുടർന്നുപോന്നു. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും ജനപ്രിയ പ്രസിഡണ്ട് ജോൺ കെന്നഡി 1961 ൽ തിരഞ്ഞെടുക്കപ്പെട്ടത് 43-ാം വയസ്സിലാണ്. തുടർന്നുള്ള പത്തു പ്രസിഡണ്ടുമാരുടെ പ്രായം ഇങ്ങനെ: ലിൻഡൻ ജോൺസൺ (55), റിച്ചാർഡ് നിക്സൺ (56), ജറാൾഡ് ഫോൾഡ്(61), ജിമ്മി കാർട്ടർ (53), റൊണാൾഡ് റീഗൺ (70), ജോർജ് ബുഷ് സീനിയർ (65), ബിൽ ക്ലിന്റൺ (47), ജോർജ് ബുഷ് ജൂനിയർ (55), ബറാക് ഒബാമ (43), ഡൊണാൾഡ് ട്രംപ്(71).

ട്രംപിലെത്തുമ്പോൾ പ്രായം എഴുപതു കടക്കുന്നു. അന്നത്തെ എതിർസ്ഥാനാർത്ഥി ഹിലരി ക്ലിന്റണും പ്രായം 70 തികഞ്ഞിരുന്നു. ഇപ്പോൾ പ്രായം സർവകാല റിക്കാർഡിലെത്തുന്നു. ജോ ബൈഡൻ 78 കാരനാണ് (ജനനം 1942 ൽ). കൗതുകകരമായ മറ്റൊരു വസ്തുതകൂടി ഇതോടൊത്തു വായിക്കാനുണ്ട്. ബൈഡന്റെ സത്യപ്രതിജ്ഞാച്ചടങ്ങിൽ മുഖ്യാതിഥി മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗായിരിക്കുമത്രേ. അങ്ങനെയെങ്കിൽ, പ്രായത്തിനും അനുഭവജ്ഞാനത്തിനും ബൈഡൻ നല്കുന്ന അംഗീകാരമായിരിക്കും അത്.

പ്രായത്തിന്റെ കാര്യത്തിൽ റിക്കാർഡു സ്ഥാപിച്ച ബൈഡൻ മറ്റൊരു റിക്കാർഡിന്റെകൂടി ഉടമയാണ്. വൈസ് പ്രസിഡന്റുസ്ഥാനത്തേക്ക് ഒരു വനിതയെ കൈപിടിച്ചുയർത്തിയിരിക്കുന്നു. രണ്ടേകാൽ നൂറ്റാണ്ടു പിന്നിട്ട അമേരിക്കൻ ജനാധിപത്യചരിത്രത്തിലെ സുപ്രധാനസംഭവം. ആദ്യവനിതാ വൈസ് പ്രസിഡന്റ്.

2016 ൽ മത്സരരംഗത്ത് ട്രംപിനെ നേരിട്ടത് ഒരു വനിതയായിരുന്നല്ലോ, ഹിലരി ക്ലിന്റൺ. അമേരിക്കയുടെ ചരിത്രത്തിൽ ആദ്യത്തെ വനിതാപ്രസിഡന്റ് എന്ന റിക്കാർഡ് ഹിലരി സ്ഥാപിക്കുമെന്നു പൊതുവെ കണക്കാക്കപ്പെട്ടിരുന്നു. പക്ഷേ, ജനവിധി മറിച്ചായിപ്പോയി. ഇനി ഒരുപക്ഷേ, 2024 ൽ ആ റിക്കാർഡു കുറിക്കാനുള്ള നിയോഗം കമല ഹാരിസിന് ഏറ്റെടുക്കേണ്ടിവന്നേക്കാം. എങ്കിൽ നമുക്കും അഭിമാനിക്കാം. അവർ ഇന്ത്യൻ വംശജയാണല്ലോ.

ട്രംപിന്റെ വാർധക്യചാപല്യങ്ങൾ ഇനി എന്തൊക്കെ പ്രശ്നങ്ങളാവും സൃഷ്ടിക്കുക എന്നു പറയാനാവില്ല. ജനുവരി 19 വരെ പ്രസിഡന്റിന്റെ കസേരയിലിരിക്കാൻ സാങ്കേതികമായി അദ്ദേഹത്തിന് അവകാശമുണ്ട്. പക്ഷേ, ഏതെല്ലാം കോടതികളിൽ കയറിയിറങ്ങിയാലും ജനവിധി മാനിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിയുകയില്ല.

എങ്കിലും കുറെ ബഹളങ്ങളൊക്കെ സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കാം. ഭാര്യയും സീനിയർ ഉപദേഷ്ടാവായ പുത്രീഭർത്താവ് ജാരേദ് കുഷ്നറും ജനവിധി അംഗീകരിക്കാൻ അദ്ദേഹത്തെ ഉപദേശിച്ചുകഴിഞ്ഞെന്നാണു വാർത്ത. വിനാശകാലേ വിപരീതബുദ്ധി എന്നുണ്ടല്ലോ. അതുകൊണ്ട് അതിനൊന്നും ചെവികൊടുക്കാനുള്ള സന്മനസ്സും സമചിത്തതയും ട്രംപ് പ്രകടിപ്പിക്കുമെന്നു പ്രതീക്ഷിക്കേണ്ട.

ഇത്തവണത്തെ അമേരിക്കൻ തിരഞ്ഞെടുപ്പിനു മറ്റൊരു പ്രത്യേകതകൂടിയുണ്ട്. ഉയർന്ന പോളിംഗ്. 66.9 ശതമാനം ജനങ്ങൾ ഇക്കുറി വോട്ടു രേഖപ്പെടുത്തി. 1900 ൽ തിയഡോർ റൂസ്‌വെൽറ്റിന്റെ തിരഞ്ഞെടുപ്പിൽ 73.7 ശതമാനംപേർ സമ്മതിദാനാവകാശം വിനിയോഗിച്ചിരുന്നു. അതിനുശേഷം ഇപ്പോഴാണ് ഇത്രയും ഉയർന്ന പോളിംഗ് നടക്കുന്നത്. 2016 ൽ ഇത് 56 ശതമാനം മാത്രമായിരുന്നു. അതിനു മുമ്പ് ബറാക് ഒബാമ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ 58 ശതമാനവും.

ട്രംപിനെ പ്രസിഡന്റുസ്ഥാനത്തുനിന്ന് പുറത്താക്കി അമേരിക്കയുടെ ലോകമേധാവിത്വം വീണ്ടെടുക്കണമെന്ന് അമേരിക്കൻജനത കരുതിയിരിക്കാം. അതിന്റെ സൂചനയായി, ഉയർന്ന പോളിംഗ് ശതമാനത്തെ കണക്കാക്കാം. അത് ട്രംപിനു മനസ്സിലായിട്ടില്ല.

അതെന്തായാലും, പരാജയം സമ്മതിക്കാതെയും മുൻഗാമികൾ ചെയ്തിരുന്നതുപോലെ വിജയിയെ വൈറ്റ്ഹൗസിലേക്കു ക്ഷണിക്കാതെയും നിയുക്തപ്രസിഡണ്ടിനു നയപരമായ പുതിയ നിലപാടുകൾ സ്വീകരിക്കാൻ സൗകര്യം ഒരുക്കാതെയും, ബൈഡന്റെ വൈറ്റ് ഹൗസിലേക്കുള്ള വഴിയിൽ വിലങ്ങിനില്ക്കുകയാണ് ട്രംപ്. സ്വന്തം യശസ്സിനോടൊപ്പം രാഷ്ട്രത്തിന്റെ യശസ്സും നഷ്ടപ്പെടുത്താനാവും അദ്ദേഹത്തിന്റെ പുറപ്പാട്! ■

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര

## മഞ്ഞനദി ഹുയാങ് ഹോ



**ചൈ**നയുടെ മഞ്ഞനദിയാണ് ഹുയാങ് ഹോ. ഇതിന്റെ തീരത്താണ് ചൈനീസ്സംസ്കാരം രൂപംകൊണ്ടത്. പുരാതന ചൈനയിലെ ഏറ്റവും സമ്പൽസമൃദ്ധമായ പ്രദേശം ഇതായിരുന്നു. 'ലോകത്തിലെ ഏറ്റവും ചെളിനിറഞ്ഞ നദി' - ഹുയാങ് ഹോ അങ്ങനെ അറിയപ്പെടുന്നു. ലോസ് എന്നറിയപ്പെടുന്ന മഞ്ഞനിറമാർന്ന പൊടിമണ്ണിലൂടെ അഥവാ ചെളിയിലൂടെ ഒഴുകുന്നതിനാലാണ് മഞ്ഞനിറം കൈവരിക. ഈ മഞ്ഞനിറമാണ് ഇതിനെ മഞ്ഞനദി എന്നു വിളിക്കാൻ കാരണം. കുത്തൊഴുക്കിൽ കണ്ടമാനം മണ്ണുവന്നടിഞ്ഞ് പലപ്പോഴും ഗതിമാറിയൊഴുകിയിട്ടുണ്ട് ഈ നദി.

വെള്ളപ്പൊക്കത്തിനു കുപ്രസിദ്ധി ഉണ്ടാക്കിയിട്ടുള്ളതാണ് ഹുയാങ് ഹോ. ലക്ഷക്കണക്കിനാളുകൾ ഈ നദിയിലെ വെള്ളപ്പൊക്കത്തിൽ മരണമടഞ്ഞിട്ടുണ്ട്. പ്രളയത്താൽ ചൈനക്കാരെ എമ്പാടും കഷ്ടപ്പെടുത്തുന്നതിനാൽ മഞ്ഞനദിയെ 'ചൈനയുടെ ദുഃഖം' എന്നു വിശേഷിപ്പിക്കാറുണ്ട്. ഏകദേശം 752500 ചതുരശ്ര കിലോമീറ്റർ നദീതടമുണ്ട് ഹുയാങ് ഹോയ്ക്ക്. ഈ നദിയെ യാങ്സി നദിയുമായി ബന്ധിപ്പിക്കുന്ന ഗ്രാൻഡ് കനാൽ നൂറോളം വർഷംകൊണ്ടാണ് പണിതീർത്തത്. ബി.സി. 500 ലായിരുന്നു തുടക്കം. യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട നിർമ്മിതിയാണിത്.

'ചൈനീസ് സംസ്കാരത്തിന്റെ കളിത്തൊട്ടിൽ' എന്ന വിശേഷണമുള്ള മഞ്ഞനദിക്ക് നീളത്തിൽ ചൈനയിൽ രണ്ടാം സ്ഥാനവും ലോകത്ത് ആറാം സ്ഥാനവും ഉണ്ട്. നീളം 5464 കിലോമീറ്റർ. പടിഞ്ഞാറൻ ചൈനയിലെ ബായൻ ഹാർ പർവതനിരയിൽനിന്നാണ് ഉദ്ഭവിക്കുക. വടക്കോട്ടൊഴുകുന്ന ഈ നദി ചൈനയിലെ കർഷകരുടെ ഉറ്റമിത്രമാണ്. പല കാർഷികവിളകളുടെയും ഉത്പാദനത്തിൽ ചൈനയെ മുന്നിലെത്തിച്ചതിനു മഞ്ഞനദിക്കു വലിയ പങ്കുണ്ട്. ഈ നദി ബഹായ് കടലിൽ പതിക്കുന്നു.

# മെഡിക്കൽ രംഗത്ത് പുതിയ സാധ്യതകളൊരുക്കി റേഡിയോളജി



**നാ**മെല്ലാവരും ജീവിതത്തിലൊരിക്കലെങ്കിലും എക്സ്-റേ എടുത്തിട്ടുള്ളവരാണ്. റേഡിയോളജി വൈദ്യശാസ്ത്രത്തിൽ എത്രമാത്രം വിപ്ലവം സൃഷ്ടിച്ചെന്നും രോഗനിർണയ, ചികിത്സാപ്രക്രിയകളെ മുമ്പത്തെക്കാൾ എത്രമാത്രം എളുപ്പവും വേദനരഹിതവുമാക്കിയെന്നും നാം പലപ്പോഴും ഓർമ്മിക്കാറില്ല. ഇന്ന് ഏതു ചികിത്സയ്ക്കും മുന്നോടിയായി ഡോക്ടർമാർ എക്സ്-റേ നിർദ്ദേശിക്കുന്നു. ഒടിഞ്ഞ അസ്ഥി കണ്ടെത്തുന്നതു മുതൽ സ്തനാർബുദത്തിന്റെ സ്ക്രീനിംഗ് രീതിയായ മാമ്മോഗ്രാഫിക്കു വരെ എക്സ്-റേ ഉപയോഗിക്കുന്നു.

1895 നവംബർ 8 ന്, വിൽഹെം റോന്റ്ജെൻ എക്സ്- റേ കിരണങ്ങൾ കണ്ടെത്തിയതിന്റെ വാർഷികമാണ് അന്താരാഷ്ട്ര റേഡിയോളജിദിനം (IDOR). രോഗികളുടെ സുരക്ഷിതമായ പരിചരണത്തിന് റേഡിയോളജി നൽകുന്ന മൂല്യത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുക, ആരോഗ്യപരിപാലന രംഗത്ത് റേഡിയോളജിസ്റ്റുകളും റേഡിയോഗ്രാഫർമാരും വഹിക്കുന്ന പ്രധാന പങ്കിനെക്കുറിച്ച് പൊതുജനധാരണ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് ഈ ദിനം ആഘോഷിക്കുന്നത്. ബവേറിയയിലെ വുർസ്ബർഗിലെ ഭൗതികശാസ്ത്ര പ്രൊഫസറായ വിൽഹെം റോന്റ്ജെൻ 1895-ൽ കാഥോഡ് കിരണങ്ങൾ ഗ്ലാസിലൂടെ കടന്നുപോകുമോ എന്നു പരിശോധിക്കുന്നതിനിടയിൽ ആകസ്മികമായി എക്സ്- കിരണങ്ങൾ കണ്ടെത്തി. അദ്ദേഹത്തിന്റെ കാഥോഡ് ട്യൂബ് കറുത്ത കടലാസിൽ പൊതിഞ്ഞിരുന്നു. അതിനാൽ പച്ചനിറമുള്ള വെളിച്ചം അടുത്തുള്ള ഫ്ളൂറസെന്റ് സ്ക്രീനിൽ തട്ടിയപ്പോൾ അദ്ദേഹം അദ്ഭുതപ്പെട്ടു. ഈ പ്രകാശം മിക്കവസ്തുക്കളിലൂടെയും കടന്നുപോകുമെങ്കിലും ഖരവസ്തുക്കളുടെ നിഴലുകൾ അവശേഷിക്കുമെന്ന് പരീക്ഷണത്തിലൂടെ അദ്ദേഹം കണ്ടെത്തി. കിരണങ്ങൾ എന്താണെന്നറിയാത്തതിനാൽ, അദ്ദേഹം അവയ്ക്ക് 'എക്സ്' എന്ന് പേരിട്ടു.

എക്സ്-കിരണങ്ങൾ മനുഷ്യശരീരത്തിലൂടെ അസ്ഥികളെയും ടിഷ്യുവിനെയും ദൃശ്യമാക്കി കടന്നുപോകുമെന്ന് റോന്റ്ജെൻ കണ്ടെത്തി. ഒരു വർഷത്തിനുള്ളിൽ യൂറോപ്പിലെയും അമേരിക്കയിലെയും ഡോക്ടർമാർ ബുള്ളറ്റ് ഷോട്ടുകൾ, അസ്ഥിഒടിവുകൾ, വൃക്കയിലെ കല്ലുകൾ, വിഴുങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്താൻ എക്സ്-റേ ഉപയോഗിച്ചുതുടങ്ങി. 1901-ൽ ഭൗതികശാസ്ത്രത്തിനുള്ള ആദ്യത്തെ നൊബേൽ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. റേഡിയേഷൻ എക്സ്പോഷറിൽനിന്നുള്ള പാർശ്വഫലങ്ങളെക്കുറിച്ച് കാര്യമായ പരിഗണന നൽകാതെ എക്സ്-റേയുടെ ക്ലിനിക്കൽ ഉപയോഗം അഭിവൃദ്ധിപ്പെട്ടു.

എക്സ്-റേ റേഡിയേഷനുമായി ബന്ധപ്പെട്ട അപകടസാധ്യതകളെക്കുറിച്ച് നമുക്കിപ്പോൾ നല്ല ധാരണയുണ്ടെന്നു മാത്രമല്ല അനാവശ്യമായ എക്സ്പോഷർ കുറയ്ക്കുന്നതിന് പ്രോട്ടോക്കോളുകളും നിലവിലുണ്ട്. പുതിയ സാങ്കേതികവിദ്യകളും മികച്ച സമ്പ്രദായങ്ങളും റേഡിയോളജിയെ കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമാക്കി. എക്സ്-റേ ആധുനികവൈദ്യശാസ്ത്രത്തിന്റെ ഒരു മൂലക്കല്ലായിത്തുടരുമ്പോൾ, മാഗ്നെറ്റിക് റെസൊണൻസ് ഇമേജിംഗ് (എംആർഐ), കംപ്യൂട്ടഡ് ടോമോഗ്രഫി (സിടി), അൾട്രാസൗണ്ട് തുടങ്ങി നിരവധി ഇമേജിംഗ് ടെക്നിക്കുകളുടെ വികാസത്തിന് ഈ കണ്ടെത്തൽ വഴിയൊരുക്കി. അവയിൽ ചിലത് റേഡിയേഷൻ പൂർണ്ണമായും ഒഴിവാക്കുന്നു.

**എക്സ്പ്ലോറേറ്ററി സർജറിക്ക് പകരം ഇമേജിംഗ്ടെസ്റ്റുകൾ**

ചില ഇമേജിംഗ് പ്രോസിജിയറുകൾക്ക് അതിന്റേതായ റിസ്കുകൾ ഉണ്ടെങ്കിലും അവർക്ക് പലപ്പോഴും ശസ്ത്രക്രിയയെക്കാൾ മുൻതൂക്കം ലഭിക്കാറുണ്ട്. ഇമേജിംഗ് സാങ്കേതികവിദ്യയുടെ പുരോഗതി കാരണം കഴിഞ്ഞ 15 വർഷത്തിനിടയിൽ ഇൻവേസീവ് ശസ്ത്രക്രിയയുടെ നിരക്ക് 95% കുറഞ്ഞു എന്നത് ശ്രദ്ധേയമായ നേട്ടമാണ്. സി.ടി. സ്കാനുകൾ, എംആർഐ സ്കാനുകൾ, അൾട്രാസൗണ്ട് എന്നിവ രോഗനിർണ്ണയം കൂടുതൽ സുരക്ഷിതമാക്കി. പെറ്റ്സ്കാനുകളിലൂടെ ക്യാൻസറിനെ കണ്ടെത്തി ചികിത്സിക്കാൻ പോലും ഇമേജിംഗ് ഇന്നുപയോഗിക്കുന്നു.

**റേഡിയേഷൻ ഡോസ് റിഡക്ഷൻ**

അമിതമായ റേഡിയേഷൻ എക്സ്പോഷറിന്റെ അപകടങ്ങൾ ഏവർക്കും അറിയാവുന്നതാണ്. അതുകൊണ്ടുതന്നെ റേഡിയേഷന്റെ അളവു കുറയ്ക്കാൻ മെഡിക്കൽസമൂഹം നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ലെഡ്എപ്രിനുകൾ, മരുന്നുകൾ, രോഗിനിൽക്കുന്ന സ്ഥാനം എന്നിവ സ്കാനിങ്ങിന്റെ സമയത്തെ രോഗിയുടെ എകസ്പോഷർ കുറയ്ക്കുകയും പല തവണ സ്കാൻ ചെയ്യേണ്ട അവസ്ഥ ഒഴിവാക്കുകയും ചെയ്യും.

**അൾട്രാസൗണ്ട്**

ഗർഭാവസ്ഥയെ നിരീക്ഷിക്കാൻ മാത്രമല്ല, എക്കോ കാർഡിയോഗ്രാം, ഗൈഡഡ് നീഡിൽ പ്ലേസ്മെന്റ്, അബ്ഡോമിനൽ ഇമേജിംഗ് എന്നിവയ്ക്കും അൾട്രാസൗണ്ട് ഉപയോഗിക്കുന്നു. ഇത് ഏറ്റവും സുരക്ഷിതവും താരതമ്യേന ചെലവു കുറഞ്ഞതുമായ ഇമേജിംഗ് പ്രോസിജിയറുകളിൽ ഒന്നാണ്. കൂടാതെ, ടെലിസോണോഗ്രാഫി ഉപയോഗിച്ച് മൊബൈൽ മെഷീനുകൾ ആശുപത്രിയിലുട നീളവും വിദൂരസ്ഥലങ്ങളിൽനിന്നും എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുമെന്ന പ്രത്യേകതയുമുണ്ട്. ഈ പുതിയ സാങ്കേതികവിദ്യ രോഗികളുടെ ചികിത്സാചെലവും കാത്തിരിപ്പുസമയവും ഗണ്യമായി കുറയ്ക്കുന്നു. ഏറ്റവും പുതിയ സംവിധാനങ്ങൾക്ക് സ്തനാർബുദം കണ്ടെത്താനും പ്രോസ്റ്റേറ്റ്, കരൾ, വൃക്ക, പാൻക്രിയാറ്റിക്, മൂത്രസഞ്ചി തുടങ്ങിയ ആന്തരികാവയവങ്ങളുടെ പരിശോധന നടത്താനും കഴിയും.

**സിടി ആൻജിയോഗ്രാഫി**

ആൻജിയോഗ്രാഫിയിലെ പുരോഗതി ഈ പ്രക്രിയയെ വളരെ വേഗമുള്ളതും സുരക്ഷിതവും ചെലവു കുറഞ്ഞതുമാക്കി മാറ്റി. സിടി ആൻജിയോഗ്രാം ഉപയോഗിച്ച് യാതൊരു റിസ്കും കൂടാതെ 10–25 മിനിറ്റിനുള്ളിൽ ഫലം കണ്ടെത്താം.

**ഡിജിറ്റൽ മാമോഗ്രാഫി**

സ്തനങ്ങളുടെ എക്സ്റേ ചിത്രമാണ് ഡിജിറ്റൽ മാമ്മോഗ്രാഫി. ഇവ സ്തനാർബുദം കണ്ടെത്തുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗമാണ്. കൂടുതൽ കൃത്യതയുള്ള രോഗനിർണയം സാധ്യമാക്കുന്നതിനും മാമ്മോഗ്രാഫി സഹായിക്കുന്നു.

**പെറ്റ്സ്കാൻ**

ഗ്ലൂക്കോസിന്റെ ഓട്ടോറേഡിയോഗ്രാഫിയും സി.ടി. സ്കാനിങ്ങിന്റെ കംപ്യൂട്ടർ അപഗ്രഥനവും സംയോജിപ്പിച്ചുകൊണ്ടുള്ള പോസിട്രോൺ എമിഷൻ ടോമോഗ്രഫി (PET-scan), ശരീരത്തിൽ സംഭവിക്കുന്ന ഉപാപചയമാറ്റങ്ങൾ കണ്ടെത്തി എന്താണു സംഭവിക്കുന്നതെന്നും എങ്ങനെ ശരിയായി ചികിത്സിക്കണം എന്നതിനെക്കുറിച്ചും ഡോക്ടർമാർക്ക് മികച്ച ധാരണ നൽകുന്നു. പെറ്റ്സ്കാൻ ശരീരത്തിലെ ക്യാൻസറിന്റെ വ്യാപനം തിരിച്ചറിയാനും കീമോതെറാപ്പി നിരീക്ഷിക്കാനും ഉപയോഗിച്ചുവരുന്നു.

**റിമോട്ട് വ്യൂവിങ് സിസ്റ്റംസ്**

1895 ൽ എക്സ് - കിരണങ്ങൾ കണ്ടെത്തിയതു മുതൽ റേഡിയോളജി മേഖല വളരെയധികം മുന്നേറി. അതിൽ ഒരു പടിയാണ് ടെലിമെഡിസിൻ. ചെലവുകളും കാത്തിരിപ്പുസമയവും കുറയ്ക്കുകയും കൃത്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്ന പ്രത്യേകത ഈ സംവിധാനത്തിനുണ്ട്. ലോകമെമ്പാടും ചിത്രങ്ങളും റിപ്പോർട്ടുകളും അയയ്ക്കാനും അവ ഫലപ്രദമായി ഉപയോഗിക്കാനും വെബ് അധിഷ്ഠിത സംവിധാനങ്ങൾ ഡോക്ടർമാരെ സഹായിക്കുന്നു.

രോഗീപരിചരണത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഏറ്റവും മികച്ച രീതിയിൽ കൃത്യമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുക എന്നതാണ് ഈ വർഷത്തെ റേഡിയോഗ്രഫിദിനസന്ദേശം. ലോകമാകമാനം ഭീതിയോടെ നോക്കിക്കാണുന്ന കൊറോണ വൈറസിനെതിരായ പോരാട്ടത്തിൽ ആദ്യം പ്രതികരിച്ചവരിൽ റേഡിയോളജിസ്റ്റുകളും ഉൾപ്പെടുന്നു എന്ന വസ്തുത ഈ സന്ദേശത്തിന് ആക്കം കൂട്ടുന്നു. കൊവിഡ് 19 രോഗികളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കും ഒഴിച്ചുകൂടാനാവാത്ത സംഭാവന റേഡിയോളോജിസ്റ്റുകളും റേഡിയോഗ്രാഫർമാരും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നു.


**ഡോ. രാജേഷ് ആന്റണി** (സീനിയർ കൺസൾട്ടന്റ് - ഇന്റർവെൻഷണൽ റേഡിയോളജി),
**ഡോ. രചന ജോർജ്** (സീനിയർ കൺസൾട്ടന്റ്)
**ഡോ. പീറ്റർ പോൾ** (കൺസൾട്ടന്റ്)
**ഡോ. വിഷ്ണുദേവ് എ** (റേഡിയോളജിസ്റ്റ്)
**ഡോ. ജോസഫ് ചെറിയാൻ** (റേഡിയോളജിസ്റ്റ്),
**ഡോ. താരാ ജോസഫ്** (റേഡിയോളജിസ്റ്റ്)

*പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഇന്റർവൻഷണൽ റേഡിയോളജി ആൻഡ് റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ് വിഭാഗം പ്രസിദ്ധീകരിക്കുന്നത്*

**കാർഷികം**

**ജോഷി മുഞ്ഞനാട്ട്**

# മുതിര



**പ**യർവർഗങ്ങളിൽ മുതിര ഗുണങ്ങളാൽ പ്രസിദ്ധമാണ്. പോഷകങ്ങളുടെ കലവറയായ മുതിരയിൽ ധാന്യവിളകളെക്കാൾ ഇരട്ടിയളവിൽ പ്രോട്ടീൻ അടങ്ങിയിരിക്കുന്നു. കാൽസ്യം, പൊട്ടാസ്യം, അയൺ തുടങ്ങിയവും നല്ല തോതിൽ മുതിരയിൽ അടങ്ങിയിട്ടുണ്ട്. പയർവർഗങ്ങളിൽ കാൽസ്യത്തിന്റെ അളവ് കൂടുതലായി കാണപ്പെടുന്നതും മുതിരയിലാണ്.

പ്രമേഹരോഗികൾ, അമിതവണ്ണമുള്ളവർ തുടങ്ങിയവർക്ക് മുതിര ഏറെ ഉത്തമം.

ഹൃദ്രോഗം, ആസ്ത്മ, ബ്രോങ്കൈറ്റിസ്, മൂത്രാശയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രതിവിധിയായി മുതിര ഉപയോഗിക്കുന്നു. കൂടാതെ പനി, ജലദോഷം, ചുമ തുടങ്ങിയ രോഗങ്ങൾ തടയാനും പ്രതിരോധശക്തി വർദ്ധിപ്പിക്കാനും മുതിര ഫലപ്രദമാണ്. മുതിരയുടെ ഔഷധശക്തിയെക്കുറിച്ച് ആയുർവേദത്തിലും പരാമർശിക്കുന്നുണ്ട്.

ഒട്ടേറെ ആന്റി ഓക്സിഡന്റുകൾ അടങ്ങിയിട്ടുള്ളതിനാൽ മുതിര യുവത്വവും ചർമ്മത്തിന്റെ സ്വാഭാവികത്തിളക്കവും നിലനിർത്തുവാൻ സഹായിക്കുന്നു. നാരിന്റെ അംശം കൂടുതലുള്ളതിനാൽ നല്ല ദഹനത്തിനും ഇവ ഉത്തമം.

വാതം, വിരശല്യം, ചെങ്കണ്ണ്, മൂലക്കുരു, കൊളസ്ട്രോൾ തുടങ്ങി ഒട്ടനവധി രോഗങ്ങൾക്കും പ്രതിവിധിയാണ് മുതിര. കാലിത്തീറ്റയായും ഇവ ഉപയോഗിച്ചുവരുന്നു.

# ജയിക്കാനായി ജനിച്ചവൻ

നാവികസേനയിലെ ഉന്നത ഉദ്യോഗത്തിൽനിന്നു മലയാളസിനിമയുടെ പൗരുഷമുള്ള താരമായി മാറിയ ജയൻ എന്ന കൃഷ്ണൻനായർ ഇന്നും മലയാളസിനിമയിൽ മരിക്കാത്ത ഓർമയാണ്. എഴുപതുകളിലെ യുവത്വത്തിന്റെ പ്രതീകമായിരുന്നു ജയൻ എന്ന അതുല്യ നടൻ. വേഷത്തിലും ഭാവത്തിലും പ്രേക്ഷകരെ ഇത്രത്തോളം സ്വാധീനിച്ച മറ്റൊരു നടനുണ്ടാകില്ല.

ആക്ഷൻഹീറോ കഥാപാത്രങ്ങളുടെ തുടക്കം ജയനിലൂടെയായിരുന്നു. ഒരുകാലത്ത് അദ്ദേഹത്തിന്റെ ബെൽബോട്ടം പാന്റും കൂളിംഗ് ഗ്ലാസും ഹെയർ സ്റ്റൈലും കേരളത്തിലെ ചെറുപ്പക്കാരുടെ ഹരമായിരുന്നു. ശരപഞ്ജരം, കഴുകൻ, മീൻ, അങ്ങാടി, കാന്തവലയം, നായാട്ട്, കരിമ്പന എന്നി സിനിമകളിലൂടെ മലയാളിയുടെ മനസ്സിലെ നായകസങ്കല്പങ്ങളെ പൊളിച്ചെഴുതിയ ജയൻ പുതിയൊരു യുഗം തുടങ്ങിവച്ചു. 1974 മുതൽ 80 വരെ കേവലം ആറു വർഷംകൊണ്ട് പൂട്ടാത്ത പൂട്ടുകൾ എന്ന തമിഴ്ചിത്രമുൾപ്പെടെ നൂറ്റിപ്പതിനാറ് ചിത്രങ്ങളിൽ അദ്ദേഹം വേഷമിട്ടു.കൊട്ടാരക്കര മാധവൻപിള്ളയുടെയും ഓലയിൽ ഭാരതിയമ്മയുടേയും മകനായി 1939 ജൂലൈ 25ന് കൊല്ലം ജില്ലയിലെ തേവള്ളിയിലാണ് ജയൻ ജനിച്ചത്.

1974ൽ ശാപമോക്ഷം എന്ന ചിത്രത്തിലൂടെയാണ് ജയൻ വെള്ളിത്തിരയിൽ എത്തിയത്. അഭിനയത്തിലെ പ്രത്യേക ശൈലികൊണ്ട് കഥാപാത്രങ്ങളെ ശ്രദ്ധേയമാക്കുവാൻ ജയനു കഴിഞ്ഞു. ഭാവാഭിനയത്തിനൊപ്പംതന്നെ ശരീരത്തിന്റെ കരുത്തും വഴക്കവും അഭിനയത്തിനു മുതൽക്കൂട്ടായി. അതുകൊണ്ടുതന്നെ അവതരിപ്പിച്ച കഥാപാത്രങ്ങളെ പ്രേക്ഷകർ ആവേശപൂർവ്വം നെഞ്ചിലേറ്റി. ജയന്റെ മനസ്സിലെ സാഹസികതയോടുള്ള അഭിനിവേശം തുടക്കത്തിൽത്തന്നെ തിരിച്ചറിഞ്ഞ സംവിധായകർ അദ്ദേഹത്തിനുവേണ്ടി അതുവരെയുണ്ടായിരുന്ന മലയാളസിനിമയുടെ കഥാഗതിയെപ്പോലും മാറ്റിയെഴുതി.

ചെറിയ വില്ലൻവേഷങ്ങളിൽനിന്നു പ്രധാന വില്ലൻവേഷങ്ങളിലേക്കും ഉപനായകവേഷങ്ങളിലേക്കും അവിടെനിന്ന് നായകവേഷങ്ങളിലേക്കുമുള്ള ജയന്റെ വളർച്ച വളരെ പെട്ടെന്നായിരുന്നു. ഹരിഹരൻ സംവിധാനം ചെയ്ത ശരപഞ്ജരമാണ് നായകനായെത്തിയ ആദ്യചിത്രം.

അങ്ങാടി ആയിരുന്നു ജയനെ ജനകീയനടനാക്കിത്തീർത്ത ചിത്രം. അങ്ങാടിയിലെ ഒരു അഭ്യസ്തവിദ്യനായ ചുമട്ടുതൊഴിലാളിയുടെ വേഷം അദ്ദേഹം തന്മയത്വത്തോടെ കൈകാര്യം ചെയ്തു. ഇംഗ്ലീഷ് ഡയലോഗുകൾ പറയുമ്പോൾ ഏവരും കോരിത്തരിപ്പോടുകൂടി കയ്യടിച്ചു. സാഹസികത ഒരുപാട് ഇഷ്ടപ്പെട്ടിരുന്ന ആളായിരുന്നു ജയൻ. മറ്റു നടന്മാർ ഫൈറ്റ് സീനുകൾക്കുവേണ്ടി ഡ്യൂപ്പുകളെ ഉപയോഗിച്ചപ്പോൾ ജയൻ അത് സ്വന്തമായി ചെയ്യുകയായിരുന്നു. കോളിളക്കം എന്ന സിനിമയുടെ ഷൂട്ടിംഗിനിടെ 1980 നവംബർ 16നായിരുന്നു അദ്ദേഹം അകാലത്തിൽ പൊലിഞ്ഞത്. ഹെലിക്കോപ്റ്ററിൽ വച്ചുള്ള ഷൂട്ടിംഗിനിടെ സംഭവിച്ച അപകടത്തിൽ മരണം സംഭവിക്കുകയായിരുന്നു.

ആരാധകരുടെ മനസിൽ കോളിളക്കം സൃഷ്ടിച്ച് അനന്തതയിലേക്കു മറഞ്ഞ അതുല്യനടൻ ജയനെക്കുറിച്ചുള്ള ഓർമ്മകൾ ദീപനാളത്തിന്റെ വായനക്കാർക്കായി പങ്കുവയ്ക്കുകയാണ് ജയന്റെ സുഹൃത്തും ബഹുമുഖപ്രതിഭയുമായ ശ്രീകുമാരൻ തമ്പി:

തയ്യാറാക്കിയത്: കെ.ജി. രഞ്ജിത്ത്

**മലയാളസിനിമയിൽ ആണഴകിന്റെ പ്രതിരൂപമായിരുന്ന ഇതിഹാസനടൻ ജയൻ ഓർമ്മയായിട്ട് നാല്പതു വർഷം. കവിയും ഗാനരചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പി അനശ്വരനടൻ ജയനെ അനുസ്മരിക്കുന്നു:**



ശ്രീകുമാരൻ തമ്പി

സുഹൃത്ബന്ധങ്ങൾക്കു മൂല്യം കല്പിക്കുന്ന ആളായിരുന്നു ജയൻ. ജാടയില്ലാത്ത ഒരു പച്ചയായ മനുഷ്യൻ. സഹപ്രവർത്തകരോടും പരിചയക്കാരോടുമെല്ലാം സൗമ്യമായി ഇടപെടുന്ന അയാൾ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു, എനിക്കും. എന്നെക്കാൾ ഒരു വയസിന് മൂത്തത് ജയനായിരുന്നെങ്കിലും ഒരു ജ്യേഷ്ഠന്റെസ്ഥാനം എനിക്കു തന്നിരുന്നു. എന്നെ തമ്പിച്ചേട്ടനെന്നു വിളിക്കുന്നതായിരുന്നു അദ്ദേഹത്തിനിഷ്ടം. സാർ എന്ന വിളിയിൽ ഒരു അകൽച്ച ഒളിച്ചിരുപ്പുണ്ടെന്നും, പേരെടുത്തു വിളിച്ചാൽ ബഹുമാനക്കുറവ് ഫീൽ ചെയ്യുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ കമന്റ്. ഞങ്ങൾ പരസ്പരം വിശേഷങ്ങൾ പങ്കുവയ്ക്കുകയും കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്യുമായിരുന്നു. നേരിൽ കാണുമ്പോൾ ഒരുപാട് സംസാരിക്കും, കൂടുതൽ ചർച്ചകളും സിനിമയെക്കുറിച്ചായിരുന്നു.



ഒരു ഗായകന്റെ വേഷത്തിലാണ് ജയനെ ഞാൻ ആദ്യം കാണുന്നത്. ജീവിതത്തിലല്ല കേട്ടോ... എന്റെ സുഹൃത്തും ചെറുകഥാകൃത്തുമായ ജേസി കുറ്റിക്കാടൻ സംവിധാനം ചെയ്ത ശാപമോക്ഷം എന്ന സിനിമയിൽ ഒരു ഗായകനായി വന്ന നടനായിരുന്നു അത്. ആദ്യകാഴ്ചയിൽത്തന്നെ വ്യത്യസ്തനായ അയാൾ എന്നെ വല്ലാതെ ആകർഷിച്ചു. അന്വേഷിച്ചപ്പോൾ നേവി ഉദ്യോഗസ്ഥനായിരുന്നെന്നും ഇപ്പോൾ സിനിമയിൽ ചെറിയ വേഷങ്ങളൊക്കെ ചെയ്യുന്നുവെന്നും അറിയാൻ കഴിഞ്ഞു. നടൻ ജോസ് പ്രകാശിന്റെ മകന്റെ സുഹൃത്തു കൂടിയാണ് ജയനെന്ന് എഴുത്തുകാരനായ ജെ.സി കുറ്റിക്കാട്ടാണ് എന്നോട് ആദ്യം പറയുന്നത്.

ജയനെന്ന നടനെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞ് അവസാനിപ്പിക്കാനാവില്ല. ചെയ്യുന്ന ജോലിയോടു വളരെ ആത്മാർത്ഥത കാട്ടുന്ന ചുരുക്കം ചില അഭിനേതാക്കളിൽ ഒരാളായിരുന്നു ജയൻ. സിനിമയോടുള്ള അമിതാവേശവും ആഗ്രഹവുമാണ് അദ്ദേഹത്തെ ഒരു നടനാക്കി മാറ്റിയത്. കഠിനാദ്ധ്വാനം ഒന്നുമാത്രമാണ് വില്ലനായി സിനിമയിലെത്തിയ ജയനെ നായകനടനാക്കി മാറ്റിയത്. സാഹസികതയെ ഏറ്റവും ഇഷ്ടപ്പെടുന്ന ഒരാളായിരുന്നു അദ്ദേഹം. ചെയ്യുന്ന പ്രവൃത്തിക്ക് ഏറ്റവും നല്ല റിസൽട്ട് ലഭിക്കാൻ ഏതറ്റം വരെയും പോകുന്ന പ്രകൃതം. അപകടം പിടിച്ച പണിയാണെന്നറിഞ്ഞുകൊണ്ടായിരുന്നു അയാൾ അതിനു മുതിരുന്നതും.

ഒരിക്കൽ എനിക്ക് ജയനോട് അല്പം കയർത്തു സംസാരിക്കേണ്ടതായി വന്നിട്ടുണ്ട്. പുതിയ വെളിച്ചം എന്ന എന്റെ സിനിമയുടെ ചിത്രീകരണത്തിനിടയിലാരുന്നു അത്. ഒരു വലിയ കെട്ടിടത്തിന്റെ മുകളിൽനിന്ന് ഓടിവന്ന് ഗുഡ്സ് ട്രെയിനു മുകളിലേക്കു ചാടുന്ന സീൻ ഉണ്ട്. ഡ്യൂപ്പിനെ ഉപയോഗിച്ച് ചിത്രീകരണം നടത്താനായിരുന്നു എന്റെ തീരുമാനം. ഇതിനായി മികച്ച ഡ്യൂപ്പുകളെ അണിനിരത്തുകയും ചെയ്തിരുന്നു. ഇതിനിടയിലാണ് ജയൻ ഡ്യൂപ്പ് ഇല്ലാതെ ചെയ്യാമെന്നും തമ്പിച്ചേട്ടൻ അറിയേണ്ടന്നും സ്റ്റണ്ട് ഡയറക്ടറോടു പറഞ്ഞത്. സംഭവമറിഞ്ഞ ഞാൻ ജയനോടു വല്ലാതെ ദേഷ്യപ്പെട്ടു. എന്റെ സിനിമ എങ്ങനെ ചിത്രീകരിക്കണമെന്നും ആര് എന്തൊക്കെ ചെയ്യണമെന്നും തീരുമാനിക്കുന്നത് ഞാനാണെന്നും ഞാൻ ജയനോടു പറഞ്ഞു. കൂടാതെ, എന്റെ ലോക്കേഷനിൽ ഓവർസ്മാർട്ട് കാണിക്കരുതെന്നും ഞാൻ ക്ഷുഭിതനായി അയാളോടു പറഞ്ഞു. എല്ലാം കേട്ട് ശാന്തനായി നിന്ന ജയനെ ഞാൻ ഇന്നും ഓർക്കുന്നു.

എന്റെ സംവിധാനജീവിതത്തിൽ ജയനെന്ന നടന്റെ സ്വാധീനം വളരെ വലുതാണ്. മികച്ച കഥകൾ തിരഞ്ഞെടുത്ത് കുടുംബചിത്രങ്ങളായി ഇറക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം. കുടുംബസദസുകൾക്കു കാണാനും ആസ്വദിക്കാനുമാകുന്ന കലാമൂല്യമുള്ള നല്ല ചിത്രങ്ങൾ മാത്രമാണ് എന്റെ മനസിലുണ്ടായിരുന്നത്. അടി, ഇടി, വെടിവയ്പ്പ് തുടങ്ങിയ ആക്ഷൻ ചിത്രങ്ങളോട് തീരെ താത്പര്യമില്ലാതിരുന്ന കാലം. ജയനാകട്ടെ അക്കാലത്ത് ആക്ഷൻ ഹീറോയായി ജനഹൃദയങ്ങൾ കീഴടക്കിയ സമയവും. അങ്ങനെയിരിക്കെ ജയൻ എന്നോടു പറയുകയുണ്ടായി, തമ്പിച്ചേട്ടൻ ഇടയ്ക്കൊക്കെ ആക്ഷൻ ചിത്രങ്ങളും കൂടി എടുക്കണം. എന്തിനെന്ന എന്റെ ചോദ്യത്തിന് തെല്ലും അമാന്തിക്കാതെ ജയന്റെ മറുപടിയെത്തി: ചേട്ടൻ ആക്ഷൻ ചിത്രങ്ങൾ ചെയ്തങ്കിലല്ലേ എനിക്കു കൂടി അഭിനയിക്കാനാവൂ.

ജയിക്കാനായി ജനിച്ചവനെന്ന എന്റെ ആദ്യ കളർസിനിമയുടെ ചിത്രീകരണവേളയിൽ നടൻ പ്രേംനസീറാണ് ജയനെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള ശിപാർശയുമായെത്തിയത്. ചിത്രത്തിന്റെ സംവിധായകൻ ശശികുമാർ സാറിന്റെ അഭിപ്രായംകൂടി കണക്കിലെടുത്ത് ജയനെ ചിത്രത്തിലെ പ്രധാന വില്ലനാക്കാൻ ഞങ്ങൾ തീരുമാനിക്കുകയായിരുന്നു. വിവരമറിഞ്ഞ ജയൻ പ്രതിഫലം പോലും ചോദിക്കാതെ അഭിനയിക്കാൻ തയ്യാറായി. എങ്കിലും അന്നത്തെ താരമൂല്യമനുസരിച്ച് മാന്യമായ പ്രതിഫലം നൽകിയാണ് അദ്ദേഹത്തെ മടക്കിയയച്ചത്. അന്നുമുതൽ എന്റെ സിനിമകളിൽ അയാൾക്കായി ഞാൻ അവസരങ്ങൾ മാറ്റി വയ്ക്കുമായിരുന്നു.

ഒരിക്കൽ ജയൻ എന്നോടു പറഞ്ഞു:

തമ്പിച്ചേട്ടാ എനിക്ക് ഒരു നായകനാകണം. നന്മമാത്രമുള്ള നായകൻ. സിനിമയിലെ ക്രൂരനായി അഭിനയിച്ച് ഞാൻ നാട്ടുകാരുടെ മനസിൽ ശരിക്കുമൊരു വില്ലനായി മാറിയോ എന്നൊരു തോന്നൽ. വളരെ ആത്മാർത്ഥമായി ജയൻ പറഞ്ഞ വാക്കുകൾ..

ആ വാക്കുകൾ എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ 'ഏതോ ഒരു സ്വപ്നം' എന്ന സിനിമയുടെ ചർച്ചകൾ നടക്കവേ ജയനെക്കുറിച്ച് ഞാൻ ഓർത്തു. ആ സിനിമയിൽ രണ്ടു നായകന്മാരാണ് ഉള്ളത്. അതിൽ പ്രണയനൈരാശ്യംമൂലം സന്ന്യാസിയായി ജീവിതം കഴിച്ചുകൂട്ടേണ്ടി വരുന്ന വി.വി സ്വാമിയെന്ന മികച്ച കാരക്ടർ റോൾ ഞാൻ ജയനുവേണ്ടി മാറ്റിവയ്ക്കുകയായിരുന്നു. ചിത്രം വലിയ നേട്ടമൊന്നും സമ്മാനിച്ചില്ലെങ്കിലും മനോഹരമായ അതിലെ പാട്ടുകൾ ജനമനസുകളിൽ ഇടം പിടിച്ചു.

ഏതോ ഒരു സ്വപ്നം, പുതിയ വെളിച്ചം, വേനലിൽ ഒരു മഴ, നായാട്ട്, ഇടിമുഴക്കം, എന്നു തുടങ്ങി ജയനെ അഭിനയിപ്പിച്ച് ഞാൻ പുറത്തിറക്കിയ ചിത്രങ്ങളെല്ലാം ജനപ്രീതി നേടിയിരുന്നു. ഞാൻ കഥയെഴുതി സംവിധാനവും നിർമ്മാണവും നടത്തിയ ആക്രമണം എന്ന ചിത്രം പൂർത്തിയാക്കുംമുൻപേയായിരുന്നു ജയന്റെ വേർപാട്. മികച്ച കഥയുടെ പിൻബലത്തിൽ ചിത്രീകരണം പുരോഗമിക്കവേ ജയന്റെ മരണം ആ സിനിമയെ വലിയ തോതിൽ ദോഷകരമായി ബാധിച്ചു. ജയൻ മുഴുവൻ രംഗങ്ങളിലും അഭിനയിച്ചിരുന്നെങ്കിൽ സൂപ്പർ ഹിറ്റായി മാറേണ്ടിയിരുന്ന ചിത്രമായിരുന്നു അത്. ജയന്റെ മരണാനന്തരം മറ്റു മാർഗ്ഗമില്ലാതെ കഥതന്നെ മാറ്റിയെഴുതാൻ ഞാൻ നിർബന്ധിതനാകുകയായിരുന്നു. ആദ്യ പകുതിക്കുമുമ്പേ ജയന്റെ കഥാപാത്രം മരണപ്പെടുന്നതായി കഥ മാറ്റിയെഴുതി. അതോടെ ആ കഥയുടെ മൂല്യം നഷ്ടമാകുകയും പടം പൂർണ്ണതയില്ലാതെ അവസാനിക്കുകയും ചെയ്തു. വൻ സാമ്പത്തികനഷ്ടമാണ് എനിക്ക് ആ ചിത്രത്തിലൂടെ ഉണ്ടായത്. ജയനെന്ന നടനു പകരം വയ്ക്കാൻ മറ്റാരുമില്ലെന്ന സത്യം ഞാനും മനസിലാക്കിയ നിമിഷം.

ജയന്റെ മരണവാർത്ത വലിയ ഞെട്ടലോടെയാണ് ഞാൻ കേട്ടത്. അവിശ്വസനീയമായിരുന്നു. മരിച്ചെന്നു വിശ്വസിക്കാൻ മനസ് അനുവദിച്ചില്ല. പക്ഷേ, ഒടുവിൽ ആ സത്യം അംഗീകരിക്കേണ്ടി വന്നു. സാഹസികത നിറഞ്ഞ അഭിനയമുഹൂർത്തങ്ങളോട് ജയനു വലിയ താത്പര്യമായിരുന്നു. അതിരുകടന്ന സാഹസികതതന്നെയാണ് ഒടുവിൽ ജയന്റെ ജീവനെടുത്തത്. ഇന്ന് അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ മലയാളവും കടന്ന് അന്യഭാഷകളിലും താരമായേനേ. വിധി, ഈശ്വരൻ അയാൾക്ക് അത്ര ആയുസേ കൊടുത്തുള്ളു... നിത്യശാന്തിക്കായി പ്രാർത്ഥിക്കാം. പറഞ്ഞുതീരുമ്പോൾ ജയൻ ഏട്ടന്റെ സ്ഥാനം നൽകി ബഹുമാനിച്ച ശ്രീകുമാരൻതമ്പിയുടെ കണ്ഠം ഇടറുന്നുണ്ടായിരുന്നു. ■

# ആളൊരുങ്ങി അരങ്ങൊരുങ്ങി

1-ാം പേജ് തുടർച്ച

സ്ഥാനാർത്ഥികളുടെ ഫോട്ടോ വച്ചുള്ള വോട്ട് അഭ്യർത്ഥനയും കുറിപ്പുകളും വീഡിയോകളും ഗാനങ്ങളുമൊക്കെയായി സോഷ്യൽ മീഡിയയിൽ ഇലക്ഷൻ പ്രചാരണം ചൂടുപിടിച്ചു കഴിഞ്ഞു. വെർചൽ റാലിയും വാട്സാപ്പ് കുടുംബയോഗങ്ങളുമെല്ലാം പാർട്ടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇലക്ഷൻ പ്രചാരണത്തിനായി മാത്രം ഫേസ്ബുക്കിൽ പ്രത്യേക ഗ്രൂപ്പുകളും പേജുകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതു കൈകാര്യം ചെയ്യാൻ അഡ്മിനുകളെയും പാർട്ടികൾ നിയമിച്ചുകഴിഞ്ഞു. എന്തായാലും ട്രോളുകളും ക്യാപ്സ്യൂളുകളുമൊക്കെയായി ഇത്തവണത്തെ ഇലക്ഷൻ പ്രചാരണം സൈബർ ഇടങ്ങളിൽ മിന്നുന്ന പോരാട്ടമായി മാറുമെന്നതിൽ സംശയം വേണ്ട.

ചുവരെഴുത്തും നോട്ടീസ് വിതരണവുമായി താഴത്തട്ടിലുള്ള പാർട്ടിപ്രവർത്തകരും ഗ്രാമങ്ങളിൽ സജീവമായി ഉണ്ട്. ഫ്ളെക്സ് നിരോധിച്ചതിനാൽ തുണികളിലാണ് ഇത്തവണ സ്ഥാനാർത്ഥികളുടെ സിനിമാസ്കോപ്പ് ചിരി വിരിയുക.

നേരിട്ടു കണ്ടും ഫോണിൽ വിളിച്ചും സ്ഥാനാർത്ഥികൾ പ്രചാരണം ഊർജ്ജിതമാക്കിക്കഴിഞ്ഞു. സ്ഥാനാർത്ഥികളുടെ ചിത്രങ്ങൾ പതിച്ച പോസ്റ്ററുകൾ വഴിയോരങ്ങളിലെല്ലാം നിരന്നു. വരുംദിവസങ്ങളിൽ സ്ക്വാഡ് വർക്കും മൈക്ക് അനൗൺസ്മെന്റും ഊർജ്ജിതമാകും.

സിറ്റിംഗ് സീറ്റുകൾ നഷ്ടപ്പെടാതിരിക്കാനും എതിരാളിയുടെ സീറ്റുകൾ പിടിച്ചെടുക്കാനുമുള്ള അടവുകളും തന്ത്രങ്ങളും മെനയുന്ന തിരക്കിലാണ് മൂന്നു മുന്നണികളും. സ്വർണക്കടത്തുകേസും കള്ളപ്പണം വെളുപ്പിക്കലും മയക്കുമരുന്ന് കച്ചവടവും കേന്ദ്ര ഏജൻസികളുടെ കേസ് അന്വേഷണവുമെല്ലാം ഇനി നാട്ടിലെങ്ങും ചൂടേറിയ ചർച്ചയാകും. ഇടതുമുന്നണിയിൽ കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗവും എൻ ഡി എയിൽ ബി.ഡി.ജെ.എസും കൂടെയുണ്ടെന്നതാണ് ഈ തിരഞ്ഞെടുപ്പിന്റെ മറ്റൊരു പ്രത്യേകത.

സംസ്ഥാനത്ത് സമീപകാലത്തുണ്ടായ രാഷ്ട്രീയവിവാദങ്ങളും അഴിമതി ആരോപണങ്ങളും കേന്ദ്രഅന്വേഷണ ഏജൻസികളുടെ ഇടപെടലും പ്രാദേശിക പ്രശ്നങ്ങളുമെല്ലാം ഈ തിരഞ്ഞെടുപ്പിൽ സജീവ ചർച്ചയാകുമെന്നതിൽ തർക്കമില്ല. സ്പ്രിങ്ക്ളർ, പമ്പാ മണൽക്കടത്ത്, സ്വർണക്കടത്ത്, സിപിഎം സംസ്ഥാന സെക്രട്ടറിയായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനീഷ് കോടിയേരിയുടെ മയക്കുമരുന്ന് കേസ്, വാളയാർ പെൺകുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട കേസ് തുടങ്ങിയവയെല്ലാം ഉയർത്തിക്കാട്ടി പ്രതിപക്ഷം ഭരണകക്ഷികൾക്കെതിരേ ആഞ്ഞടിക്കുമെന്നുറപ്പാണ്. ഈ ആക്രമണത്തെ പ്രതിരോധിച്ച്, വിശ്വസനീയമായ മറുപടി നൽകി ജനങ്ങളെ ഒപ്പം നിറുത്തുക എന്ന വലിയ വെല്ലുവിളിയാണ് ഇടതുപക്ഷത്തിന്റെ മുൻപിലുള്ളത്.

ഇതുപോലൊരു പ്രതിസന്ധിയിൽ ഇടതുമുന്നണി മുൻപൊരിക്കലും ഒരു തിരഞ്ഞെടുപ്പിനെ നേരിട്ടിട്ടില്ല. മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശിവശങ്കറിനെ സ്വർണ്ണക്കടത്തുകേസിൽ അറസ്റ്റുചെയ്തതും മുഖ്യമന്ത്രിയുടെ ഓഫീസിനെതിരേ ഉയർന്ന അഴിമതി ആരോപണങ്ങളും വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് നിർമ്മാണത്തിലെ ക്രമക്കേടും മന്ത്രി കെ ടി ജലീലിനെ കേന്ദ്ര അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്തതുമെല്ലാം സർക്കാരിന്റെ പ്രതിച്ഛായയ്ക്കു മങ്ങലേൽപ്പിച്ചു എന്ന് പാർട്ടി അണികൾപോലും അടക്കം പറയുന്നുണ്ട്. ഇതിനെ അതിജീവിക്കാൻ തന്ത്രങ്ങൾ മെനയുന്ന തിരക്കിലാണ് ഇടതുനേതാക്കൾ.

സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും അക്കമിട്ടു നിരത്തി വോട്ടർമാരെ വശീകരിച്ചു വിജയം കൊയ്യാം എന്ന പ്രതീക്ഷയിലാണ് ഇടതുമുന്നണി. സ്വർണ്ണക്കടത്ത്, ലൈഫ് മിഷൻ കേസുകളിൽ ശിവശങ്കറിനെ അറസ്റ്റുചെയ്തതോടെ ആ വിവാദം അവസാനിച്ചെന്നും മുഖ്യമന്ത്രിയെ പ്രതിക്കൂട്ടിൽ നിറുത്തി പ്രതിപക്ഷപാർട്ടികൾ ഇപ്പോൾ നടത്തുന്ന ആക്രമണങ്ങൾ രാഷ്ട്രീയപ്രേരിതമാണെന്നും സിപിഎം പറയുന്നു. കോടിയേരി ബാലകൃഷ്ണൻ പാർട്ടി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞതോടെ അദ്ദേഹത്തിന്റെ മകനെതിരേ ഉയർന്നുവന്ന ആരോപണങ്ങൾ ഇനി പാർട്ടിയെ ബാധിക്കില്ലെന്ന് സിപിഎം കരുതുന്നു. ബിനീഷിനെ ന്യായീകരിക്കാൻ പാർട്ടി ശ്രമിച്ചിട്ടില്ല എന്നും അവർ ചൂണ്ടിക്കാട്ടുന്നു.

കൊവിഡിനെ പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളും മറ്റ് വികസന പ്രവർത്തനങ്ങളും ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾ ഉൾക്കൊള്ളും എന്നാണ് ഇടതുമുന്നണിയുടെ വിശ്വാസം. ലോക്ഡൗണിൽ നടപ്പാക്കിയ സമൂഹഅടുക്കളയും മാസംതോറും നൽകുന്ന സൗജന്യഭക്ഷ്യക്കിറ്റും വർധിപ്പിച്ച ക്ഷേമപെൻഷനും ഇടതുമുന്നണിക്ക് വോട്ട് നേടിക്കൊടുക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഇലക്ഷൻ മുന്നിൽകണ്ട് ആസൂത്രണം ചെയ്ത 'നൂറുദിനം നൂറു പദ്ധതി' ഇടതുമുന്നണിയുടെ ജനപ്രീതി വർധിപ്പിച്ചുവെന്നും അവർ അവകാശപ്പെടുന്നു.

ജുവലറി കേസിൽ മുസ്ലിം ലീഗ് എം.എൽ.എ കമറുദ്ദീനെ അറസ്റ്റ് ചെയ്തതും കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ലീഗ് എം.എൽ.എ വി.കെ. ഇബ്രാഹിം കുഞ്ഞിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തതും കെ.എം. ഷാജിയുടെ കോഴക്കേസുമെല്ലാം ഇടതുമുന്നണിയുടെ പ്രചാരണ ആയുധമാണ്. ഇതിനെ പ്രതിരോധിക്കാൻ യുഡിഎഫിനും വിയർപ്പൊഴുക്കേണ്ടി വരും.

കേരളാ കോൺഗ്രസിലെ പിളർപ്പും ജോസ് കെ മാണിയുടെ മുന്നണിമാറ്റവും സ്ഥാനാർത്ഥികളുടെ ജയപരാജയങ്ങളെ സ്വാധീനിക്കും എന്നതിൽ തർക്കമില്ല. കേരളാ കോൺഗ്രസ് ജോസ് വിഭാഗത്തിന്റെ വരവോടെ മദ്ധ്യതിരുവിതാംകൂറിൽ ഇടതുമുന്നണിക്ക് നേട്ടമുണ്ടാക്കാനാകുമെന്നാണ് സിപിഎമ്മിന്റെ കണക്കുകൂട്ടൽ. നിലവിൽ സി.പി.എമ്മും സി.പി.ഐയും മറ്റു ഘടകകക്ഷികളും മത്സരിച്ചിരുന്ന ചില സീറ്റുകളെങ്കിലും കേരളാ കോൺഗ്രസ് ജോസ് വിഭാഗത്തിന് വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്. ഇതിൽ ചില ഘടകകക്ഷികൾക്കു നീരസമുണ്ടെങ്കിലും അതൊക്കെ മറന്ന് ഒറ്റക്കെട്ടായി മുന്നണിയെ വിജയിപ്പിക്കുമെന്ന് സിപിഎം നേതൃത്വം പറയുന്നു.

അതേസമയം, യു.ഡി.എഫ് പ്രവർത്തകർ വലിയ ആവേശത്തിലാണ് ഈ തിരഞ്ഞെടുപ്പിനെ നേരിടുന്നത്. ഇത്രയും അനുകൂലമായ ഒരു സാഹചര്യം മുൻപ് ഉണ്ടായിട്ടില്ലെന്ന് അവർ വിലയിരുത്തുന്നു. ഇടതുസർക്കാരിന്റെ അഴിമതിയിൽ രോഷം പൂണ്ട, കക്ഷിരാഷ്ട്രീയമില്ലാത്ത ജനങ്ങൾ ഒന്നടങ്കം യുഡിഎഫ് സ്ഥാനാർത്ഥികൾക്കു വോട്ട് ചെയ്ത് അവരുടെ പ്രതിഷേധം പ്രകടിപ്പിക്കുമെന്ന് യുഡിഫ് നേതൃത്വം കണക്കുകൂട്ടുന്നു. എൽ ഡി എഫ് വരും എല്ലാം ശരിയാകും എന്ന മുദ്രാവാക്യത്തിൽ വിശ്വസിച്ചു ഇടതുമുന്നണിക്ക് വോട്ടുചെയ്തവർ ഇപ്പോൾ കടുത്ത ദേഷ്യത്തിലാണെന്നും അവർ നിരീക്ഷിക്കുന്നു. കേരളാ കോൺഗ്രസിലെ ജോസ് കെ മാണി വിഭാഗം ഇടതുമുന്നണിയിലേക്കു ചേക്കേറിയെങ്കിലും യുഡിഎഫിന്റെ വിജയത്തെ അത് ബാധിക്കില്ലെന്നാണ് അവരുടെ വാദം. പ്രവർത്തകർ അധികവും പി. ജെ. ജോസഫിന്റെ പാർട്ടിയിലാണെന്ന് അവർ അവകാശപ്പെടുന്നു.

മുൻപത്തേക്കാളേറെ ആവേശത്തോടെയാണ് ബി.ജെ.പി. നേതൃത്വം നൽകുന്ന എൻ.ഡി.എ.യും ഈ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. ഇടതു വലതുമുന്നണികളിലെ നേതാക്കന്മാരുടെ അഴിമതികൾ തുറന്നുകാട്ടിയും മന്ത്രി ജലീലിന്റെ ഖുർആൻ ഇറക്കുമതി ചർച്ചയാക്കിയും കേന്ദ്രത്തിൽ മോദി സർക്കാരിന്റെ തുടർഭരണം ചൂണ്ടിക്കാട്ടിയും ബീഹാറിലെ വിജയം ഉയർത്തിക്കാട്ടിയും സാമുദായിക ധ്രുവീകരണം ഉണ്ടാക്കിയും കൂടുതൽ സീറ്റുകൾ പിടിച്ചെടുക്കാമെന്ന് അവർ കണക്കുകൂട്ടുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പിടിക്കുക, മറ്റ് സ്ഥലങ്ങളിൽ കൂടുതൽ സീറ്റുകൾ നേടുക എന്നതാണ് ബിജെപിയുടെ ലക്ഷ്യം.

ഇത്തവണ മൂന്നു ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ്. ഒന്നാം ഘട്ടത്തിൽ ഡിസംബർ 8 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലും രണ്ടാം ഘട്ടത്തിൽ ഡിസംബർ 10 ന് കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലും മൂന്നാം ഘട്ടത്തിൽ ഡിസംബർ 14 ന് കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലും ആണ് തിരഞ്ഞെടുപ്പ് നടക്കുക.

രാവിലെ ഏഴുമുതൽ വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്. ബൂത്തിനു പുറത്ത് വെള്ളവും സോപ്പും ബൂത്തിനകത്ത് സാനിറ്റൈസറും കരുതണമെന്ന് ഇലക്ഷൻ കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. ഒരേസമയം മൂന്നു വോട്ടർമാർക്ക് മാത്രമാണ് ബൂത്തിനകത്തു പ്രവേശനം അനുവദിച്ചിട്ടുള്ളത്. പോളിംഗ് ഉദ്യോഗസ്ഥർക്ക് ഫെയ്സ് ഷീൽഡും കയ്യുറയും നിർബന്ധം. വോട്ടർമാർ മാസ്ക് ധരിച്ചിരിക്കണം. കൊവിഡ് രോഗികൾക്കും, നിരീക്ഷണത്തിലുള്ളവർക്കും തപാൽ വോട്ട് അനുവദിക്കും. നിരീക്ഷണത്തിലുള്ളവർക്ക് പി.പി.ഇ. കിറ്റ് ധരിച്ചുകൊണ്ട് വന്നും വോട്ടുചെയ്യാനുള്ള അവസരമുണ്ടാകും.

■

പ്രണയപാഠാവലി (62)



ഡോ. ആന്റണി ജോസ്

# ഒന്നെങ്കിലാശാന്റെ നെഞ്ചത്ത്



**വി**ഭജനം എന്ന പ്രതിരോധതന്ത്രത്തിന് രണ്ടു നിലപാടേ ഉള്ളൂ. ഒന്നുകിൽ സ്വീകരിക്കും, അല്ലെങ്കിൽ തള്ളിക്കളയും. ഇതിനിടയ്ക്കുള്ള സമവായങ്ങൾ അവർക്കു വശമല്ല. അതായത്, ഒന്നെങ്കിലാശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കു പുറത്ത്, അത്രതന്നെ.

വിഭജനസ്വഭാവമുള്ള ഭർത്താവിന്റെ പെരുമാറ്റം ഒന്നുനോക്കാം. പെട്ടെന്നദ്ദേഹത്തിനു തോന്നുകയാണ്, ഭരണങ്ങാനത്തിനൊന്നു പൊയ്ക്കളയാം. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കാനാണ്. ക്ഷണനേരത്തിനുള്ളിൽ കുളിച്ചു റെഡിയായി, ഭാര്യയോട് ഒരു ചോദ്യം: "നീ വരുന്നോ?"

അത്ര പെട്ടെന്ന് ഇറങ്ങിപ്പോരാൻ സാധിക്കുന്ന അവസ്ഥയല്ല അവളുടേത്. വീട്ടുജോലിയെല്ലാം പാതിവഴിയാകും. മാത്രവുമല്ല, ഇന്ന് ഒരു യാത്രയ്ക്കുള്ള മൂഡുമില്ല. അടുത്ത ദിവസമായാലോ? അവൾ ചെറിയൊരു നിർദേശം വയ്ക്കുന്നു.

'നാളത്തേതൊന്നും നടക്കുകേല. വരുന്നുണ്ടെങ്കിൽ ഇപ്പോ വേണം." അദ്ദേഹത്തിന്റെ കർക്കശനിലപാട് വന്നു കഴിഞ്ഞു. പുള്ളിക്കറിയേണ്ടത് വരുന്നുണ്ടോ, ഇല്ലയോ എന്നാണ്. മറുപടി എന്തായാലും കക്ഷി പോയിരിക്കും.

ഭാര്യയ്ക്ക് ആ ട്രിപ്പ് വളരെ ഇഷ്ടപ്പെട്ടു. പക്ഷേ, ഇപ്പോഴുള്ള യാത്ര ഒട്ടും പ്രായോഗികമല്ല. അതിനവൾക്ക് കൃത്യമായ ന്യായീകരണവുമുണ്ട്. തൊട്ടടുത്ത ദിവസം പോകാമല്ലോ. അതാണവളുടെ ചിന്ത.

ഇവിടെ ഭർത്താവ് ഒരു ഒത്തുതീർപ്പിന് തയ്യാറല്ല. രണ്ടിലൊന്ന് നടപ്പാക്കുകയാണ് അയാളുടെ തീരുമാനം. സമവായമില്ലാത്ത കുടുംബജീവിതം സ്വേച്ഛാധിപത്യത്തിന്റെ കരിനിഴലിലാകുന്നു.

എന്നാൽ. വിഭജനവാദികൾ തങ്ങളുടെ നിർബന്ധബുദ്ധികളെ അപൂർവ്വത്തിൽ അപൂർവ്വമായി കാണുന്നു, അവതരിപ്പിക്കുന്നു. ഒരു തീരുമാനമെടുത്താൽ, അതിൽനിന്ന് പിന്നോട്ടു പോകരുത് - എന്നൊക്കെ അവർ ഉപദേശിച്ചെന്നുമിരിക്കും.

ഇവിടെ ആ വീട്ടമ്മ എങ്ങനെ പെരുമാറണമായിരുന്നു? പണിയെല്ലാമിട്ടെറിഞ്ഞ് അയാൾക്കൊപ്പം പോകേണ്ടിയിരുന്നോ? ശരീരക്ഷീണവും അവഗണിച്ച്? അങ്ങനെയുള്ള ധൃടുതിയിൽനിന്നും എന്ത് ആനന്ദമാണുണ്ടാവുക? നിലപാടുകളിൽനിന്നും കരുണ അന്യമാകുന്ന കാഴ്ചകൾ?

വിഭജനതന്ത്രം അഡ്ജസ്റ്റ്മെന്റുകൾക്കു തയ്യാറാകാത്തവരുടെയാണ്. പങ്കാളിയുടെ പ്രശ്നങ്ങൾ തന്റേതുകൂടിയായി അവർ കാണുന്നില്ല. അവരെ സംബന്ധിച്ച്, പങ്കാളി ഒരു അടിമയ്ക്കപ്പുറം ഒന്നുമല്ല. സമവായത്തിന് ക്ഷമ, സഹനം, ത്യാഗം ഇതൊക്കെ ഒഴിച്ചുകൂടാനാവാത്തതാണ്. ഇക്കൂട്ടർക്ക് താങ്ങാനാവുന്നതല്ലല്ലോ, ഈ പുണ്യങ്ങൾ. അവർ കാർക്കശ്യക്കാരായി വീണ്ടും വീണ്ടും അവതരിച്ചുകൊണ്ടിരിക്കും. കരുതലോ, അംഗീകാരമോ ഇല്ലാതെ പ്രണയം വാടിക്കരിയുകയും ചെയ്യും.



നോവൽ

ജോർജ് പുളിങ്കാട്

# ഇടം

## അദ്ധ്യായം 13

“ആരാ ഈ നമ്പറിൽ വിളിച്ചെ?

“ഞാൻ മീരാ. പുഴക്കരേലെ വക്കച്ചന്റെ മകളാ.”

“ഓ. മനസ്സിലായി. ആദ്യം വിളിച്ചപ്പോ, ഡിസ്കണക്റ്റാക്കിയതിന് സോറി കേട്ടോ. അല്പം തിരക്കിലായിരുന്നു.”

“എങ്ങനെയാ വിളിക്കേണ്ടതെന്നെനിക്കറിയില്ല. സാറെന്നോ? കളക്ടറെന്നോ?”

“എന്നെ സലോമീന്നു വിളിക്കുന്നതാ ഏറ്റവും ഇഷ്ടം.”

“എനിക്കും അങ്ങനെ വിളിക്കാനാ ഇഷ്ടം. ഒരു കൂട്ടുകാരിയെ വിളിക്കുംപോലെ.”

“ഞാൻ കഴിഞ്ഞ ദിവസം വീട്ടിൽ വന്നിരുന്നു. മീരയുടെ പപ്പാ വീട്ടിലേക്കു കയറാൻ ക്ഷണിച്ചില്ല. അതുകൊണ്ടു പുറത്തുനിന്നു കാര്യം പറഞ്ഞ് പോരുകയായിരുന്നു.”

“ഞാനെല്ലാമറിഞ്ഞു. പപ്പാ പിന്നെ മീരയ്ക്കും എസ്.പി.ക്കുമെതിരേ എന്നെ ബന്ധിപ്പിച്ച് കേസുകൊടുക്കുകയും ചെയ്തല്ലോ.”

“മീര സത്യത്തിനൊപ്പം നിന്നതുകൊണ്ട് കേസ് ഒഴിവായി. നന്ദിയൊണ്ട്.”



“ഞാനും സലോമിയെപ്പോലെ ഒരു ഐ.എ.എസ്സുകാരിയാകാനാഗ്രഹിച്ചു. ആഗ്രഹങ്ങൾ ഒന്നും നടക്കാത്ത ഒരു പെണ്ണായി ജീവിക്കാനായിരുന്നു ദൈവവിധി. എന്റെ സിറ്റ്വേഷൻ സലോമിക്കറിയോ?”

“അറിയാം. അതു കൂടി സൂചിപ്പിച്ചായിരുന്നല്ലോ പപ്പാ ഐ.ജി.ക്കും മറ്റും പരാതിക്കൊടുത്തത്. ട്രീറ്റ്മെന്റ് വല്ലതുമുണ്ടോ മീരാ.”

“ഇല്ല. മെഡിക്കൽസയൻസിന് എന്നെ ഒരു തരത്തിലും രക്ഷിക്കാനാവില്ല, സലോമി. മദ്യബിസിനസ്സും റിയൽ എസ്റ്റേറ്റുമൊക്കെയായി നടന്ന കാലത്ത് പപ്പാ അരുതാത്തതു പലതും ചെയ്തു. ചെയ്യിച്ചു. അതിന്റെയൊക്കെയൊരു റിയാക്ഷനാകാം ഞാനിങ്ങനെയായത്. എന്റനുജൻ റിനോ പത്താംക്ലാസിൽ പഠിക്കുമ്പോൾ മരിച്ചുപോയതും സലോമി കേട്ടിട്ടുണ്ടാകും.”

“നാട്ടിലെ കാര്യങ്ങൾ മിക്കതും എനിക്കറിയില്ല. ഞാൻ വളർന്നത് കോൺവെന്റിലെ ഓർഫനേജിലാണല്ലോ. പഠിപ്പിച്ചതും വഴി കാട്ടിയതുമൊക്കെ സിസ്റ്റർമാരാ.”

“എനിക്ക് സലോമിയെ വന്നു കാണാൻ കഴിയാഞ്ഞിട്ടാണ് ഫോൺ വിളിച്ചത്. തന്നെയുമല്ല, പപ്പാ അറിയാതെയുമാണിപ്പോൾ വിളിക്കുന്നത്.”

“മീര കാര്യം പറഞ്ഞോളൂ.”

“കായൽത്തീരത്തുള്ള ഞങ്ങളുടെയീ വീടും ചുറ്റുപാടുകളും എനിക്കൊരിക്കിലും മടുക്കാത്ത കാഴ്ചകളാണ്. എന്റെ സന്തോഷത്തിനുവേണ്ടിയാ പപ്പാ ഇവിടെയീ വീടുവച്ചത്. എന്തെങ്കിലും തരത്തിൽ വീട് പൊളിക്കാതിരിക്കാമോയെന്ന് സലോമി ആലോചിക്കണം. പപ്പാ വാക്കിലും പ്രവൃത്തിയിലും അഹങ്കാരം കാട്ടിയിട്ടുണ്ടാവും. അതു ക്ഷമിക്കണം. ഒരനുജത്തിയുടെ അപേക്ഷയായി കരുതണം.”

“മീര പഠിച്ചവളാണല്ലോ. പപ്പായ്ക്കും നിയമമൊക്കെയറിയാം. കോടതി നിങ്ങളുടെ വീടൊഴിപ്പിക്കണമെന്ന് കർശനമായ ഉത്തവിട്ടിരിക്കയാ. കളക്ടറെന്ന നിലയിൽ ഞാനതു നടപ്പാക്കിയേ പറ്റൂ. വീടുപണിതിരിക്കുന്ന സ്ഥലം കയ്യേറ്റഭൂമിയാണെന്ന് കൃത്യമായി തീർപ്പായിരിക്കുന്നതാണ്.”

ഏതാനും നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷമാണ് മീര പ്രതികരിച്ചത്.

“സലോമീ ഞാനതു മനസ്സിലാക്കുന്നു. ഞങ്ങൾ വീടൊഴിഞ്ഞു പോകും, വലിയ സങ്കടത്തോടെയാണെങ്കിലും. സലോമിക്ക് എന്റെ എല്ലാ അഭിനന്ദനങ്ങളും. ജോലിയിൽ തിളങ്ങണം. നിർത്തുകാ.”

“താങ്ക്യൂ മീരാ.” സലോമി കോൾ കട്ടാക്കി.

മീരയുടെ ഫോൺ കോൾ സലോമിയുടെ മനസ്സിൽ പോറലുണ്ടാക്കി. ദുഷ്ടതയുടെയും ക്രൂരതയുടെയും പ്രതിരൂപമായ പുഴക്കരവക്കച്ചന്റെ മകൾ എത്ര നല്ലവളാണ്! വീട് സംരക്ഷിക്കണമെന്നവൾക്ക് അതിയായ ആഗ്രഹമുണ്ട്. താൻ വസ്തുത പറഞ്ഞപ്പോൾ അവൾക്കതു മനസ്സിലാക്കാൻ കഴിഞ്ഞു. വക്കച്ചൻ ചെയ്യുന്ന സകലതിന്മകളുടെയും തിരിച്ചടിയേല്ക്കുന്നത് മീരയ്ക്കാണ്. അവളുടെ ജീവിതം ഒരു വലിയ സഹനമാണ്. ഏകമകന്റെ മരണവും മകളുടെ തളർച്ചയുമൊന്നും പക്ഷേ, വക്കച്ചനെ ബാധിക്കുന്നില്ല. അയാൾ തെറ്റുകളിൽനിന്നു തെറ്റുകളിലേക്കു സഞ്ചരിക്കുന്നു. സലോമിയുടെ ചിന്തകളെ മുറിച്ചുകൊണ്ട് റൂമിലേക്ക് ഒരു സന്ദർശകൻ കയറി വന്നു. ഒത്ത ഉയരവും തടിയും നിറവുമുള്ള യോഗ്യനായ ചെറുപ്പക്കാരൻ! കോളജിലെ സഹപാഠി!

“ഹലോ... സുമൻ ബാബു. വെരി വെരി വെൽക്കം.” കളക്ടർ സലോമി എഴുന്നേറ്റ് ഷേക്ക്ഹാൻഡ് നൽകി അവനെ സ്വീകരിച്ചിരുത്തി.

“മേഡം വലിയ തിരക്കിലായിരിക്കും. കളക്ടേറ്റിൽവന്നപ്പോൾ ജസ്റ്റ് ഒന്നു കണ്ടു ഹായ് പറഞ്ഞു പോകാൻ കയറിയതാ.” സുമൻ പറഞ്ഞു.

“സുമനെന്നെ സലോമീന്നു വിളിച്ചുകൂടെ. മേഡമാക്കി പരിഹസിക്കാതെ.”

“എനിക്കും അത ഇഷ്ടം. പഠിച്ചിരുന്ന കാലത്ത് എടീ, പോടീന്നൊക്കെ വിളിച്ചിട്ടുണ്ട്. ഇപ്പം താനാരാ? ജില്ലേടെ കളക്ടർ! ഐ.എ.എസുകാരി! നമ്മുടെ ബാച്ചിൽനിന്നും അദ്ഭുതകരമായി വളർന്ന് സകലരെയും അമ്പരപ്പിച്ചവൾ!”

“എല്ലാം ഓരോ നിയോഗം. അല്ലാതെന്താ പറയുക. സുമനിപ്പോൾ എന്തെടുക്കുന്നു?”

“ഞാനിവിടെ എസ്.ബി.ഐ.യുടെ ബ്രാഞ്ച് മാനേജരാ. ചാർജെടുത്തിട്ട് ഒരാഴ്ചയേ ആയിട്ടുള്ളൂ.”

“കൂട്ടത്തിൽ പഠിച്ച മറ്റുള്ളവരുമായൊക്കെ ബന്ധപ്പെടാറുണ്ടോ?”

“ഇല്ല, സലോമി. നമ്മളൊക്കെ പലവഴി പിരിഞ്ഞു. ഓരോരുത്തർക്കും പുതിയ സാഹചര്യങ്ങൾ. ബന്ധങ്ങൾ, സുഹൃത്തുക്കൾ. പത്രത്തിലൂടെയാണ് സലോമിക്ക് ഐ.എ.എസു കിട്ടിയതും ഇവിടെ കളക്ടറായതുമൊക്കെയറിഞ്ഞത്. പഠിച്ചിരുന്ന കാലത്ത് തനിക്ക് ഫോണില്ലായിരുന്നല്ലോ?”

“ഫോൺ മാത്രമല്ല, പല ഇല്ലായ്മകളും അനുഭവിക്കുകയായിരുന്നു അക്കാലത്ത്. കൂട്ടുകാരില്ലായിരുന്നു. അവഗണനയും പരിഹാസവും ആവശ്യത്തിലധികം കിട്ടി. സുമൻ ബാബുവിന് എന്റെ നോട്ടു വാങ്ങാനും അസൈൻമെന്റുകൾ വാങ്ങാനും മാത്രമുള്ള അടുപ്പമുണ്ടായിരുന്നു. കൂടുതൽ മിണ്ടിയാൽ ഞാൻ കഴുത്തിൽ തൂങ്ങുമോയെന്ന പേടിയുമുണ്ടായിരുന്നെന്നു തോന്നിയിട്ടുണ്ട്.”

“അത്... സലോമിയുടെ വെറും തോന്നലാ. എനിക്ക് സലോമിയെ അന്നും ഇന്നും ഇഷ്ടമാ.” സുമൻ ബാബു പറഞ്ഞു.

“സുമൻ, നമുക്ക് മറ്റെന്തെങ്കിലും വിഷയം സംസാരിക്കാം.”

“ഞാൻ പറഞ്ഞത് സലോമിക്കു വിശ്വാസമില്ലായിരിക്കും. വിശ്വസിക്കണ്ട. ഇപ്പോൾ പദവിയിൽ നമ്മൾ തമ്മിൽ ഒത്തിരി അകലമുണ്ടല്ലോ. സലോമി വളരെ സുന്ദരിയുമാണ്. സ്നേഹിക്കുന്നവരും വിവാഹം കഴിക്കാനാഗ്രഹിക്കുന്നവരുമായി ഏറെപ്പേരുണ്ടായിരിക്കും!

“കാര്യങ്ങൾ സുമൻ പറഞ്ഞതുപോലെയല്ല. എനിക്കിതുവരെ ഒരു വിവാഹാലോചനപോലും വന്നിട്ടില്ല. കളക്ടറായപ്പോൾ ഒരു പത്രത്തിൽവന്നതു കണ്ടുകാണുമല്ലോ. കാലൻ മാത്തന്റെ മകൾ ഇനി ജില്ല ഭരിക്കുമെന്ന്! എന്റപ്പൻ വെട്ടേറ്റു മരിച്ചു കിടക്കുന്ന ചിത്രം കൂടി മറ്റൊരു പത്രത്തിൽ വന്നു. കാലൻ മാത്തൻ എന്ന പേര് ഭയവും പരിഹാസവുമുണ്ടാക്കുന്നതാണ് പലർക്കും. എനിക്കു ജന്മം തന്നത് ആ മനുഷ്യനാണ്. വെള്ളത്തിൽപോയി മരിക്കാറായപ്പോൾ കിണറ്റിൽ ചാടി രക്ഷിച്ചതും മറ്റാരുമല്ല.”

“സലോമീ, കുടുംബമഹത്ത്വം, പാരമ്പര്യം ഇതൊന്നും എനിക്കു പ്രശ്നമില്ല. എന്റെ വീട്ടുകാരും അക്കാര്യത്തിൽ എന്റെയൊപ്പമാണ്. ജോലിയും പദവിയും സലോമിക്കൊപ്പമില്ലേ? സമ്മതമാണെങ്കിൽ നമുക്കൊന്നിച്ചു ജീവിക്കാം.”

സലോമിയുടെ മുഖത്ത് സമ്മിശ്രഭാവങ്ങളുണ്ടായി.

“പെട്ടെന്നു പറയാൻ ബുദ്ധിമുട്ടുണ്ടായിരിക്കും. വേണ്ട. ആലോചിച്ചു പറഞ്ഞാൽ മതി. ഇതാ എന്റെ അഡ്രസ്സ് കാർഡ്.” സുമൻ കാർഡ് നീട്ടിക്കൊണ്ടു പറഞ്ഞു.

അല്പമൊന്നു മടിച്ചെങ്കിലും സലോമി കാർഡ് കൈനീട്ടി വാങ്ങി. കൂടുതലൊന്നും പറയാതെ സുമൻബാബു യാത്ര പറഞ്ഞു പോയി.

സുമൻ ബാബുവിന്റെ വരവും സംസാരവും പെട്ടെന്നുള്ള സ്നേഹം വെളിപ്പെടുത്തലുമൊക്കെ വിചിത്രമായി സലോമിക്കു തോന്നി. കോളജു പഠനകാലത്ത് കാതിൽ കമ്മലില്ലാതെ കഴുത്തിൽ കൊന്ത മാത്രമിട്ടു നടന്നിരുന്ന തന്നെ അല്പമെങ്കിലും പരിഗണിച്ചിരുന്നത് സുമൻ മാത്രമാണ്. ചില നിമിഷങ്ങളിൽ അവനോട് തീവ്രമായ സ്നേഹം തോന്നിയിട്ടുമുണ്ട്. എല്ലാം ഉള്ളിലൊതുക്കിയതേയുള്ളൂ.

അമ്മ തന്റെ വിവാഹക്കാര്യം സൂചിപ്പിച്ച കാര്യം സലോമിയോർത്തു. അമ്മ സ്വന്തം നിസ്സഹായത വ്യക്തമാക്കുകയും ചെയ്തു. ഒരു വിവാഹം, കുടുംബജീവിതം മക്കൾ എല്ലാം ഏതൊരു പെണ്ണിനെയുംപോലെ തന്റെയും സ്വപ്നമാണ്. സുമന്റെ കുടുംബപശ്ചാത്തലമൊന്നും തനിക്കറിയില്ല. എന്തായാലും തന്റേതിനേക്കാൾ മികച്ചതായിരിക്കും. എസ്.ബി.ഐ. മാനേജരും ജില്ല കളക്ടറും തമ്മിലുള്ള ഭേദം സുമൻ എടുത്തു പറഞ്ഞു. ഒരുപക്ഷേ, തന്റെ എല്ലാ അയോഗ്യതകളും അവഗണിക്കാൻ സുമനെ പ്രേരിപ്പിക്കുന്നത് ഇപ്പോഴത്തെ സ്റ്റാറ്റസാണ്. സലോമി, സുമൻ നൽകിയ അഡ്രസ് കാർഡെടുത്ത് താത്പര്യത്തോടെ നോക്കി. അവന്റെ നമ്പറിൽ വിളിച്ചാലോ? തീരുമാനം അറിയിച്ചാലോ? വേണ്ട. മനസ്സു വിലക്കി. അതൊന്നും ഇവിടെവച്ചു വേണ്ട.

അപ്പോൾ സലോമിയുടെ പേഴ്സണൽ ഫോൺ ശബ്ദിച്ചു.

അവൾ ഉദ്വേഗത്തോടെ അതെടുത്തു. പരിചയമില്ലാത്ത നമ്പരാണ്.

“ഹലോ... ആരാണ്?”

“ഞാൻ അഡ്വക്കേറ്റ് സുമിത്രാ മോഹൻ. കഴിഞ്ഞ ദിവസം ഞാൻ മേഡത്തെ വന്നു കണ്ടിരുന്നു.”

“മനസ്സിലായി. പറഞ്ഞോളൂ.”

“പുഴക്കരവക്കച്ചന്റെ വീട് പൊളിച്ചുനീക്കുന്നതിന് സുപ്രീം കോടതിയുടെ അനുമതിയുമായി. ഇനി അതെത്രയും വേഗം നടപ്പാക്കണം. കോർട്ട് ഓർഡർ എത്രയും പെട്ടെന്ന് എത്തിക്കാം.”

“ഓർഡർ കിട്ടിയിട്ട് തീരുമാനമെടുക്കും.” കളക്ടർ സലോമി ദൃഢസ്വരത്തിൽ പറഞ്ഞു.

(തുടരും)

# വളർച്ചയിലേക്ക് എത്ര ദൂരം?

2- ാം പേജ് തുടർച്ച

കാറുകളുടെ വിൽപനയേക്കാൾ താഴോട്ടു പോയത്. ലോക്ക്ഡൗൺ കാലം മുതൽ ഏറ്റവുമധികം വരുമാന നഷ്ടം താഴ്ന്ന വിഭാഗങ്ങൾക്കാണ്. അവരാണ് ഇരുചക്ര - മുച്ചക്രവാഹനങ്ങൾ കൂടുതലായി വാങ്ങുന്നത്. അവരുടെ കൈയിൽ പണമില്ലാത്തതുകൊണ്ട് ടൂ - ത്രീ വീലർ വിൽപന ഇടിഞ്ഞു.

**ചരക്കുനീക്കത്തിലെ ഉണർവ് നിലനിന്നില്ല**

ഉത്സവകാലത്തിനു മുമ്പേ സെപ്റ്റംബറിലും ഒക്ടോബറിലും രാജ്യത്തു ചരക്കുഗതാഗതത്തിൽ നല്ല ഉണർവുണ്ടായി. കൂടുതൽ ഡീസലും പെട്രോളും വിറ്റു. അതിന്റെ കണക്കുകൾ രാജ്യം വളർച്ചയിലായി എന്നു കാണിക്കാൻ ഉദ്ധരിക്കുന്നുണ്ട്. എന്നാൽ നവംബർ ആദ്യ പകുതിയിലെ ഡീസൽ ഉപയോഗകണക്ക് വന്നതോടെ ആയിനത്തിലുള്ള അവകാശവാദങ്ങൾ നിലച്ചു. നവംബർ ആദ്യ പകുതിയിൽ ഡീസൽ ഉപയോഗം കഴിഞ്ഞ നവംബറിനെ അപേക്ഷിച്ച് അഞ്ചു ശതമാനം കുറഞ്ഞു.

ഡീസൽ ഉപയോഗം രാജ്യത്തെ ചരക്കുനീക്കത്തിന്റെ തോതുകാണിക്കുന്നതാണ്. അതു കുറയുമ്പോൾ ചരക്കുനീക്കം കുറവ് എന്നു മനസിലാക്കാം. കോവിഡ് നിയന്ത്രണങ്ങൾ മൂലം ദീർഘദൂര ബസ് സർവീസ് മുടങ്ങിയിരിക്കുന്നതും കണക്കിലെടുക്കണം. ഇതേ നിയന്ത്രണം ഉണ്ടായിട്ടും ഒക്ടോബറിൽ ഡീസൽ ഉപയോഗം വർധിച്ചു. ഉത്സവസീസൺ പ്രമാണിച്ച് വ്യാപാരം കൂടുമെന്ന പ്രതീക്ഷയിൽ ആ മാസം ചരക്കുനീക്കം കൂടി. അതു കഴിഞ്ഞതോടെ ചരക്കുനീക്കം കുറഞ്ഞു.

**വളരുകയാണെന്നു വിശ്വസിപ്പിച്ച് വളർച്ച ഉണ്ടാക്കുന്ന തന്ത്രം**

കരിയർ, പേഴ്സണാലിറ്റി ട്രെയിനർമാർ ആത്മവിശ്വാസം വളർത്താൻ പറഞ്ഞു കൊടുക്കുന്ന ഒരു തന്ത്രമുണ്ട്. ഞാൻ ജയിക്കും എന്നു സ്വയം പലവുരു പറയുക. താൻ തന്നെയാണു പറയുന്നതെങ്കിലും കുറേ തവണ ഇതു കേൾക്കുമ്പോൾ വ്യക്തിയിൽ താൻ ജയിക്കും എന്ന ബോധ്യം വളരും. അതു വിജയത്തിലേക്കു നയിക്കും.



സമ്പദ്ഘടനയിലും ഇങ്ങനെ ആത്മവിശ്വാസം വളർത്താനുള്ള ശ്രമത്തിലാണ് സർക്കാർ. വളർച്ച തുടങ്ങും മുമ്പുതന്നെ വളർച്ചയായി എന്നു പറഞ്ഞു പരത്തുക. ഇങ്ങനെ ചെയ്യുമ്പോൾ ബിസിനസുകൾ തുടങ്ങാനും വളർത്താനും മൂലധനം മുടക്കാനും ഒക്കെ ആൾക്കാർ തയാറാകും. അതു ക്രമേണ യഥാർഥ വളർച്ചയിലേക്കു വഴിതെളിക്കും.

**വേഗം വളരണം, തൊഴിൽ ഉണ്ടാകണം**

ആ തന്ത്രം വിജയിക്കട്ടെ എന്ന് ആശിക്കാം, ആശംസിക്കാം. കാരണം രാജ്യത്തിന് ഇപ്പോൾ അത്യാവശ്യമായത് ഉയർന്ന സാമ്പത്തിക വളർച്ചയാണ്. വളർച്ച എന്നാൽ കൂടുതൽ തൊഴിലും കൂടുതൽ വരുമാനവുമാണ്. കോവിഡിനു മുമ്പു തന്നെ രാജ്യത്തു വളർച്ച മുരടിപ്പിലായിരുന്നു. തൊഴിൽ വർധനയുടെ തോതും ഇടിഞ്ഞിരുന്നു.

കോവിഡും ലോക്ക്ഡൗണും വന്നതോടെ മുരടിപ്പ് തകർച്ചയായി. ഏപ്രിൽ - ജൂൺ പാദത്തിൽ ജിഡിപി (മൊത്ത ആഭ്യന്തര ഉൽപാദനം) 23.9 ശതമാനം കുറഞ്ഞു. തൊഴിൽ നഷ്ടപ്പെട്ടത് കോടിക്കണക്കിനാൾക്കാർക്കാണ്.

ജൂലൈ - സെപ്റ്റംബറിലും ജിഡിപി ചുരുങ്ങുമെന്നാണു നിഗമനം. 12 ശതമാനം കുറവാണ് ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അത്രയും ഇടിവ് ഉണ്ടാകില്ലെന്നു കരുതപ്പെടുന്നു. 8.6 ശതമാനം ഇടിവാണ് റിസർവ് ബാങ്ക് അനുമാനിക്കുന്നത്. റേറ്റിംഗ് ഏജൻസികളും നിക്ഷേപ ബാങ്കർമാരും 9.5 ശതമാനം ഇടിവ് പ്രതീക്ഷിക്കുന്നു.

ഒക്ടോബർ - ഡിസംബർ പാദത്തിലും ജിഡിപി കുറയുമെന്നാണ് ഇതുവരെയുള്ള നിഗമനം. എന്നാൽ പല സൂചകങ്ങളും അനുകൂലമായി കാണുന്നതിനാൽ ഈ പാദത്തിൽ ചെറിയ വളർച്ച ഉണ്ടാകാമെന്നു റിസർവ് ബാങ്ക് ഈയിടെ പറഞ്ഞു. വിലക്കയറ്റമാണു വളർച്ചയ്ക്കു ഭീഷണിയായി റിസർവ് ബാങ്ക് എടുത്തു കാണിച്ചത്. അതിനു ശേഷവും വിലക്കയറ്റം കൂടുകയാണ്. അതായതു വളർച്ച തുടങ്ങി എന്നു കരുതാനാവില്ല.

**ഉത്തേജിപ്പിക്കണം**

വളർച്ചയ്ക്ക് അനിവാര്യമായ രണ്ടു കാര്യങ്ങളാണു മൂലധന നിക്ഷേപവും ബാങ്ക് വായ്പയും. രണ്ടും വർധിച്ചു തുടങ്ങിയിട്ടില്ല. ഉത്സവ സീസണിലെ വ്യാപാരം ഉദ്ദേശിച്ചതോതിൽ വർധിച്ചില്ല. ഇത് സംരംഭകരെ നിക്ഷേപത്തിനോ വായ്പയെടുത്തു സംരംഭം വികസിപ്പിക്കുന്നതിനോ പ്രേരിപ്പിക്കുന്ന സാഹചര്യമല്ല.

ഈ അന്തരീക്ഷം മാറണം. മാറ്റണം. അതിനുതക്ക ഉത്തേജക പദ്ധതി വേണം. ധനമന്ത്രി നിർമല സീതാരാമൻ പലതും പ്രഖ്യാപിച്ചെങ്കിലും ശരിയായ പദ്ധതി മാത്രം വന്നില്ല. ജനങ്ങളുടെ ക്രയശേഷി (വാങ്ങൽ ശേഷി) കൂട്ടുന്ന നടപടിയാണു വേണ്ടത്. പകരം പ്രഖ്യാപിച്ചവ വായ്പാ ഗാരന്റികൾ പോലുള്ളവ.

അമേരിക്കയും ജപ്പാനും പോലുള്ള രാജ്യങ്ങൾ ജനങ്ങൾക്കു നേരിട്ടു പണം നല്കുന്ന ഉത്തേജക പദ്ധതികൾ നടപ്പാക്കി. അതിനു ഫലവുമുണ്ടായി. ഒരു ത്രൈമാസത്തിലെ ഇടിവിനു ശേഷം അവിടങ്ങളിൽ ജിഡിപി വളർന്നു.

വളർച്ച തളർച്ചയായി മാറിയപ്പോൾ നികുതി പിരിവ് കുറഞ്ഞു. വരുമാനം ഇടിഞ്ഞതിനാൽ കൂടുതൽ കടമെടുക്കേണ്ടി വരുന്നു. അത് പരിധി കടന്നു പോകും. അതിനാൽ പണം നൽകി ക്രയശേഷി കൂട്ടുന്ന പരിപാടി ആലോചിക്കാൻ പറ്റില്ലെന്നാണു കേന്ദ്ര സർക്കാർ നിലപാട്.

ഉത്തേജകം ഇല്ലാതെതന്നെ വളർച്ച തിരികെ കൊണ്ടുവന്നു എന്ന് അവകാശപ്പെടാനുള്ള ഒരു ശ്രമവും വളർച്ച തുടങ്ങി എന്ന ആരവത്തിൽ കാണാം. അമർത്യാസെന്നും അഭിജിത് ബാനർജിയും ഗീതാ ഗോപിനാഥും മൻമോഹൻ സിംഗും രഘുറാം രാജനുമെല്ലാം തെറ്റാണെന്നു വരുത്താനുള്ള ഒരു ശ്രമം.

അതിനു വില കൊടുക്കേണ്ടി വരുന്നത് രാജ്യത്തെ യുവാക്കളാണ്. ഓരോ വർഷവും ഒന്നരക്കോടി യുവാക്കളാണ് തൊഴിലാർഥികളായി വരുന്നത്. ഇവർക്കു തൊഴിൽ കിട്ടാൻ ഒൻപതു - പത്ത് ശതമാനം ജി ഡി പി വളർച്ച വേണം. അതിനു പകരം തളർച്ച വന്നാൽ ഉള്ള തൊഴിൽ കൂടി ഇല്ലാതാകും.

■

# ആധുനികപാലായുടെ ആത്മീയതേജസ്സ്

2- ാം പേജ് തുടർച്ച

ഞങ്ങളുടെ വീടിനു മുന്നിലൂടെ കടന്നുപോയിരുന്നപ്പോഴൊക്കെ ഗേറ്റിനു മുന്നിൽ കാർ നിർത്തി ഹോൺ അടിക്കും. ഞങ്ങൾക്കും പിതാവിന്റെ കാറിന്റെ ഹോൺ കേട്ടാലറിയാമായിരുന്നു. ഞങ്ങളെല്ലാം ഓടിച്ചെല്ലും. കാറിലിരുന്നു ഞങ്ങളെയെല്ലാം കൈ മുത്തിക്കും. അമ്മയോടും വിശേഷങ്ങൾ അന്വേഷിക്കും. 1984 ൽ ഞാൻ ആദ്യമായി ഒരു വീട് വയ്ക്കുന്ന സമയത്ത് ആരോഗ്യപരമായ പരിമിതികൾക്കിടയിലും പിതാവുതന്നെ വന്നു പുതിയ വീടിനു കല്ലിട്ടു. പിതാവുതന്നെ വീടുവെഞ്ചരിക്കണമെന്നത് പിതാവിന്റെയും എന്റെയും ആഗ്രഹമായിരുന്നു. പണിപൂർത്തിയാകുന്ന 1986 നവംബറിലെന്നു തീരുമാനിച്ചിരുന്ന ചടങ്ങാണ് പിന്നീട് പിതാവിന്റെ തന്നെ നിർദ്ദേശപ്രകാരം മുഴുവൻ പണിയും പൂർത്തിയാകുംമുൻപേ നേരത്തേയാക്കിയത്. 1986 സെപ്റ്റംബർ 14 ന് ഓണദിവസം പിതാവുതന്നെ വന്നു വീടിന്റെ ആശീർവാദം നിർവഹിച്ചനുഗ്രഹിച്ചു. വയലിൽപിതാവ് ആശീർവദിച്ച അവസാനഭവനമെന്ന അനുഗ്രഹപദവിയും അങ്ങനെ ഞങ്ങളുടെ ഭവനത്തിനായി. നവംബർ 21 ന് പിതാവു കാലം ചെയ്തു. ഇന്നും ഞങ്ങളുടെ സന്ധ്യാപ്രാർത്ഥനയിൽ അഭിവന്ദ്യ വയലിൽ പിതാവിന്റെ പേരു മറക്കാതെ എല്ലാ ദിവസവും ഞങ്ങൾ ഓർമ്മിക്കുന്നുമുണ്ട്.

ഒരുപക്ഷേ, വയലിൽപിതാവിനൊടൊപ്പം പിതാവിന്റെ കാറിൽ ഏറ്റവും കൂടുതൽ ഒന്നിച്ചു സഞ്ചരിച്ചതിന്റെ ബഹുമതിയും എനിക്കാവണം! പലപ്പോഴും മദ്യവർജനസമ്മേളനങ്ങൾക്കും സ്കൂൾ വാർഷികയോഗങ്ങൾക്കും പിതാവുതന്നെ ചെയർമാനായിരുന്ന, എല്ലാ സഭകളും ചേർന്നുണ്ടായിരുന്ന സംയുക്ത ക്രൈസ്തവ മദ്യവർജനസമിതിയോഗങ്ങൾക്കും പിതാവിനോട് ഒന്നിച്ചായിരുന്നു യാത്ര. അത് എനിക്കു ജീവിതത്തിലെ അവിസ്മരണീയമായ ഒരു അനുഭവവും പാഠവുമായിരുന്നുവെന്നതാണ് സത്യം. പാലായുടെ പഴയകാലകഥകൾ പലതും പിതാവിനു മനഃപാഠമായിരുന്നു!

പാലായെയും പാലായിലെ ജനങ്ങളെയും സ്വന്തം ഹൃദയത്തോടു ചേർത്തുവച്ച ആത്മീയാചാര്യനായിരുന്നു അഭിവന്ദ്യ വയലിൽ പിതാവ്. മീനച്ചിൽ കർത്താക്കന്മാരോടും പിതാവ് എന്നും പരിഗണന കാട്ടി. പാലാ വലിയ പള്ളി പുതുക്കിപ്പണിതപ്പോൾ അത് കൂദാശ ചെയ്യുന്ന ദിവസം രാവിലെ വയലിൽ പിതാവ് ഒരു വലിയ നിലവിളക്കുമായിച്ചെന്നു കണ്ട് മീനച്ചിൽ കർത്താവിനെ അതു സമ്മാനിക്കുകയും ആയിരം വർഷംമുൻപ് അദ്ദേഹത്തിന്റെ പൂർവികർ തന്റെ പൂർവികർക്കു പള്ളി വച്ചുതന്നതിലുള്ള നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുകയും ചെയ്തു. നിറകണ്ണുകളോടെയാണ് മീനച്ചിൽ കർത്താവ് നിലവിളക്ക് ഏറ്റുവാങ്ങിയത്. സർവ്വസമുദായങ്ങൾക്കും എക്കാലത്തും ആദരണീയനായിരുന്നു ബിഷപ് വയലിൽ. എല്ലാ സഭകൾക്കും സ്വീകാര്യനും. കക്ഷിഭേദം കൂടാതെ രാഷ്ട്രീയ നേതാക്കളും പാലാ അരമനയിൽ വന്നു വയലിൽ പിതാവിനെ കാണുന്നതായിരുന്നു പതിവ്. പക്ഷേ, രാഷ്ട്രീയകാര്യങ്ങളിൽ എന്നും വയലിൽ പിതാവിനു സുവ്യക്തനിലപാടുകൾ ഉണ്ടായിരുന്നു. നയതന്ത്രങ്ങളൊന്നും പിതാവിന്റെ രീതിയായിരുന്നുമില്ല.


മുപ്പത്തിയൊന്നു വർഷത്തെ മേല്പട്ടദൗത്യം പൂർത്തിയാക്കി ചുമതലയൊഴിഞ്ഞുകൊണ്ട് വയലിൽപ്പിതാവെഴുതിയ യാത്രാവന്ദന ഇടയലേഖനവും വികാരസാന്ദ്രമായിരുന്നു. പള്ളികളിൽ കുർബ്ബാനമധ്യേ അതു വായിച്ച അച്ചന്മാരും വായിച്ചുകേട്ട വിശ്വാസികളും ഒരുപോലെ വിതുമ്പി. തന്റെ വാക്കുകളോ പ്രവൃത്തികളോ അറിഞ്ഞോ അറിയാതെയോ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു പരസ്യമായിത്തന്നെ സ്വന്തം വിശ്വാസികളോടു പിതാവ് മാപ്പപേക്ഷിച്ചു. തന്റെ ബലഹീനതകൾക്കും വീഴ്ചകൾക്കും അയോഗ്യതകൾക്കും താഴ്മയോടെ ദൈവമുൻപാകെയും താൻ ക്ഷമ ചോദിക്കുകയാണെന്ന് പിതാവ് അവസാനത്തെ ഇടയലേഖനത്തിൽ എഴുതി.....

വിശ്രമജീവിതത്തിൽ പ്രവേശിച്ച പിതാവ് പിന്നീടു പൊതുച്ചടങ്ങുകളിൽനിന്നു മിക്കവാറും വിട്ടുനിൽക്കുകയാണുണ്ടായത്. ഹൃദയസംബന്ധമായ ചില ആരോഗ്യപ്രശ്നങ്ങളും ഇടയ്ക്ക് പ്രയാസങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമായി.

എങ്കിലും വയലിൽപിതാവ് തികഞ്ഞ പ്രസാദാത്മകതയോടെയാണ് പ്രാർത്ഥനാപൂർവം തന്റെ അവസാനനാളുകൾ കഴിച്ചുകൂട്ടിയത്. ഒന്നിലും പരാതിയുണ്ടായിരുന്നില്ല. സന്ദർശകരെ എല്ലാം സന്തോഷത്തോടെ സ്വീകരിച്ചു. ഭക്തിയോടെ തന്റെ കൈമുത്തിയവരെയും തനിക്കു മുന്നിൽ അനുഗ്രഹത്തിനായി മുട്ടുകുത്തിയവരെയും സ്നേഹസ്മിതത്തോടെ ആശീർവദിച്ചു. അവർക്കു കൊന്തയും മെഡലുകളും സമ്മാനിച്ചു. ഒരവസരത്തിൽ എനിക്കും പിതാവ്, അദ്ദേഹം മാണിക്കുട്ടിയച്ചനായിരുന്ന കാലംമുതൽ ഉപയോഗിച്ചിരുന്ന 50 വർഷമെങ്കിലും പഴക്കമുള്ള ഒരു കുരിശുരൂപം സമ്മാനിച്ചത് ഇന്നും ഞാൻ ഒരു തിരുശ്ശേഷിപ്പായി സൂക്ഷിക്കുന്നു.

1986 നവംബർ 21 നാണ് വയലിൽപിതാവ് കാലത്തെ കടന്നുപോയത്. അന്നുവരെ മറ്റാർക്കും നൽകാത്തത്ര ഭക്തിപൂർവ്വകവും വികാരനിർഭരവുമായ ഒരു യാത്രാവന്ദനമായിരുന്നു പാലായിലെ ജനങ്ങൾ തങ്ങളുടെ ആദ്യത്തെ ആത്മീയാചാര്യനു നൽകിയത്. അക്ഷരാർത്ഥത്തിൽ ത്തന്നെ ഭാഗ്യസ്മരണാർഹൻ എന്നു പറയുവാൻ വയലിൽപിതാവിനെപ്പോലെ വയലിൽ പിതാവു മാത്രം!

■




**നവംബർ 29**
**മംഗലവാർത്തക്കാലം ഒന്നാം ഞായർ**



**ഉത്പ 17:15 – 22**
**ഏശ43:1 – 7,10 – 11**
**എഫേ 5:21 – 6:4**
**ലൂക്കാ 1: 5 – 25**

**ഫാ. ആന്റണി ഞള്ളംപുഴ CMI**

# സുവിശേഷത്തിന്റെ സന്തോഷം

**മംഗളവാർത്തക്കാലം**

സുറിയാനിഭാഷയിൽ 'സുബാറ' എന്നറിയപ്പെടുന്ന മംഗളവാർത്തക്കാലത്തോടെയാണ് മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമകാലം ആരംഭിക്കുക. മംഗളകരമായ വാർത്തകളുടെയും മംഗളകരമായ സംഭവങ്ങളുടെയും അനുസ്മരണമാണീ ആരാധനക്രമകാലഘട്ടം. മംഗളകരമായ കാര്യങ്ങൾ പറയാനും ചെയ്യാനുമുള്ള കാലം. മംഗളവാർത്തകളുടെ സന്ദേശവാഹകനായ ഗബ്രിയേൽ, സഖറിയ – എലിസബത്ത് ഇവർക്കു നൽകുന്ന സ്നാപകജനനത്തെക്കുറിച്ചുള്ള മംഗളവാർത്തയാണ് ആദ്യത്തേത്. നസ്രസിലെ ഒരു വിനീതകന്യകയായ മറിയത്തിന് ഗബ്രിയേൽ നൽകുന്ന മംഗളവാർത്തയാണ് രണ്ടാമത്. സ്നാപകന്റെ പിറവിയാണ് തുടർന്നുള്ള മംഗളകരമായ സംഭവം. യേശുവിന്റെ തിരുപ്പിറവിയാണ് തുടർന്നുള്ള ഏറ്റവും മനോഹരമായ മംഗളസംഭവം. 'ക്രിസ്തുസംഭവ'ത്തിൽ പ്രഥമം.

**അബ്രാഹമായ 'അബ്രാം'**
**സാറായായ 'സാറായി'**

അബ്രാഹത്തിനും സാറായ്ക്കും ലഭിക്കുന്ന മംഗളവാർത്തയാണ് ഒന്നാംവായന. നവതി കഴിഞ്ഞ് ഒമ്പതു വർഷം കഴിഞ്ഞപ്പോൾ അബ്രാഹത്തിന് കർത്താവ് പ്രത്യക്ഷനായി. കർത്താവ് അബ്രാഹത്തോടു പറഞ്ഞത് രണ്ടു കാര്യങ്ങളാണ്: (1) എന്റെ മുമ്പിൽ വ്യാപരിക്കുക (2) കുറ്റമറ്റവനായി ജീവിക്കുക. ഒരു ഉടമ്പടിയും ഒപ്പം എണ്ണമറ്റ സന്താനസൗഭാഗ്യവും ദൈവം വാഗ്ദാനം ചെയ്തു. അബ്രാഹം ഇതുകേട്ട് കമിഴ്ന്നു വീണു ചിരിച്ചു. സാറായും ചിരിച്ചു. ഇവരുടെ ചിരിയിൽ വിരിഞ്ഞത് ഒരു സംശയമായിരുന്നു: ''നൂറുവയസ്സു തികഞ്ഞവനു കുഞ്ഞു ജനിക്കുമോ? തൊണ്ണൂറ് എത്തിയ സാറാ ഇനി പ്രസവിക്കുമോ?'' നാം ദൈവത്തിനു പ്രിയപ്പെട്ടവരാകുമ്പോൾ പ്രായം പ്രയാസങ്ങളെ മറികടക്കും എന്നുള്ള വലിയ ബോദ്ധ്യം കർത്താവ് തരുന്നു. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്ന വലിയ തിരിച്ചറിവും ദൈവം അവർക്കും നമുക്കും തരുന്നു. Disappointmentന്റെ സമയം ദൈവവുമായുള്ള Appointmentന്റെ സമയമാണ്. അതോടൊപ്പം ദൈവം അവരുടെ പേരിൽ ഒരു പരിഷ്കാരം വരുത്തുകയും ചെയ്തു. ജനതകളുടെ പിതാവും ജനതകളുടെ മാതാവുമായി മാറേണ്ടവരെ ദൈവം എഡിറ്റ് ചെയ്ത് മാറ്റിയെടുക്കുന്ന അപൂർവ്വസുന്ദരമായ കാഴ്ച. കൂടുതൽ ഫലം പുറപ്പെടുവിക്കുവാൻ പ്രൂൺ ചെയ്യുന്നതുപോലെ!



**'ഭയപ്പെടേണ്ട'**

തിരിച്ചുവരുന്ന ഇസ്രായേലിന് കർത്താവ് നൽകുന്ന മംഗളവാർത്തയാണ് രണ്ടാംവായന: ''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്'' (ഏശ. 43:1). കരുണയുടെ വർഷം ഫ്രാൻസീസ് പാപ്പാ എഴുതിയ ഒരു ഗ്രന്ഥത്തിന്റെ പേരുതന്നെ ''നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനും ആയതുകൊണ്ട് നിനക്കു പകരമായി മനുഷ്യരെയും നിന്റെ ജീവനു പകരമായി ജനതകളെയും ഞാൻ നൽകുന്നു'' (ഏശ. 43:4). 'ഭയപ്പെടേണ്ട' എന്ന പദം ബൈബിളിൽ 365 വട്ടം ആവർത്തിക്കുന്നതായി പറയുന്നു. ഒരുവർഷം 365 ദിനങ്ങളാണ്. ഓരോ ദിവസവും തമ്പുരാൻ തന്റെ മക്കൾക്കു തരുന്ന മംഗളവാർത്തയാണ് ഈ പദം – 'ഭയപ്പെടേണ്ട'.

**ഭാര്യാഭർത്താക്കന്മാർക്കും മക്കൾക്കുമുള്ള മംഗളവാർത്ത!**

എഫേസോസ് ലേഖനം അഞ്ചും ആറും അദ്ധ്യായങ്ങൾ ഭാര്യാഭർത്താക്കന്മാർക്കും മക്കൾക്കുമുള്ള മംഗളവാർത്തയാണ്. ഭാര്യാഭർത്താക്കന്മാർക്ക് നല്ല നടപ്പിനുള്ള മംഗളവാർത്ത, മക്കൾക്ക് ദീർഘായുസ്സിനുള്ള മംഗളവാർത്ത.

ദൈവത്തിന് നന്ദി പറഞ്ഞ് ജീവിക്കുക.

പരസ്പരം വിധേയരായിരിക്കുക. ഭാര്യ ഭർത്താവിനു വിധേയയായിരിക്കണം. ഭർത്താവിനെ ബഹുമാനിക്കണം.

ഭർത്താവ് ഭാര്യയെ സ്നേഹിക്കണം, സ്വന്തം ശരീരത്തെ എന്നപോലെ.

മക്കളെ കയറൂരി വിടരുത്. ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണം.

കുട്ടികൾ മാതാപിതാക്കന്മാരെ അനുസരിക്കണം, ജോസഫിനും, മേരിക്കും വിധേയനായി ജീവിച്ച യേശുവിനെപ്പോലെ.

**നീതിനിഷ്ഠരും കുറ്റമറ്റവരും!**

പുരോഹിതനായ സഖറിയായ്ക്കും ഭാര്യ എലിസബത്തിനുമുള്ള മംഗളവാർത്തയാണ് ഇന്നത്തെ സുവിശേഷവായന.

സഖറിയായുടെയും എലിസബത്തിന്റെയും മനോഹരവ്യക്തിത്വം വെളിപ്പെടുത്തുന്ന വചനവുമായാണ് ഇന്നത്തെ സുവിശേഷവായന ആരംഭിക്കുന്നത്: "അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു."

അബ്രാഹത്തിൽനിന്ന് ദൈവം ആവശ്യപ്പെട്ടതും ഇതു രണ്ടുമാണ് (ഒന്നാം വായന).

''ദൈവത്തിന്റെ മുമ്പിൽ നടക്കുക", അതായത് നീതിനിഷ്ഠം. രണ്ടാമത് കുറ്റമറ്റവനായിരിക്കുക. ദൈവാനുഗ്രഹത്തിനുള്ള പുരാതനവും ഒപ്പം നവീനവുമായ രണ്ടു വഴികൾ. നീതിനിഷ്ഠരും കുറ്റമറ്റ ജീവിതം നയിക്കുന്നവരുമായ അപ്പനമ്മമാർക്കാണ് കുറ്റമറ്റവിധം കുഞ്ഞുങ്ങളെ വളർത്താനാവുക, തിരുത്താനാവുക, നയിക്കാനാവുക.

വി. ചാവറയച്ചൻ തന്റെ 'ആത്മാനുതാപം' എന്ന കൃതിയിൽ സ്വന്തം അപ്പനമ്മമാരെപ്പറ്റി ഇപ്രകാരം എഴുതിയിട്ടുണ്ട്:

"വിശ്വാസികളും കാരണവന്മാരിൽ വിശ്വാസിയായി എന്നെയും തീർത്തു നീ."

അമ്മിഞ്ഞപ്പാലിനോടൊപ്പം ആത്മീയസുകൃതങ്ങൾ ചാലിച്ചു നൽകുകയും വടിയെടുക്കാതെ കണ്ണുകൾകൊണ്ട് ശിക്ഷണം നൽകുകയും ചെയ്ത തന്റെ അമ്മയെക്കുറിച്ചും വിശുദ്ധചാവറയച്ചൻ 'ആത്മാനുതാപ'ത്തിൽ എഴുതിയിട്ടുണ്ട്.

'ഞാൻ വായിച്ച ഏറ്റവും നല്ല ഗ്രന്ഥം എന്റെ അമ്മയുടെ ജീവിതമായിരുന്നു' എന്ന അബ്രാഹം ലിങ്കന്റെ വാക്കുകളും സ്മരിക്കേണ്ടതാണ്. പോപ്പായപ്പോൾ മോതിരം മുത്തുവാൻ ചെന്ന തന്റെ അമ്മയുടെ വിവാഹമോതിരം മുത്തിക്കൊണ്ട് വി. പത്താം പീയൂസ് പറഞ്ഞു: ''വർഷങ്ങൾക്കുമുമ്പ് അമ്മ ഈ വിവാഹമോതിരം ധരിച്ചതുകൊണ്ടാണല്ലോ ഇന്ന് ഞാൻ ഈ മോതിരം ധരിക്കാൻ ഇടയായത്."

പിറക്കാൻ പോകുന്ന ശിശുവിന്റെ ഒരു വലിയ പ്രത്യേകത ഇതാണ്: ''അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും."

ഗർഭപാത്രങ്ങൾ അഭിഷേകനിറവിന്റെ അനുഗ്രഹപാത്രങ്ങളാകണം. ശവക്കല്ലറകളാകരുത്! ഗർഭാവസ്ഥയുടെ പരമപ്രാധാന്യം ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അത് സാംസന്റെ ജനനത്തെക്കുറിച്ചുള്ള അവതരണമാണ്. മനോവയുടെ വന്ധ്യയായ ഭാര്യയ്ക്ക് കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി പറഞ്ഞു:

"നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്. അശുദ്ധമായതൊന്നും ഭക്ഷിക്കരുത്. അവൻ ജനനംമുതൽ ദൈവത്തിനു നാസീർവ്രതക്കാരനായിരിക്കും" (ന്യായാ.13: 3–5). പിറക്കാൻ പോകുന്ന ശിശുവിനുവേണ്ടി ഒരുങ്ങുകയും ശിശുവിന്റെ ജീവിതചര്യ എങ്ങനെയായിരിക്കണമെന്ന് ദൈവത്തോട് ആലോചന ചോദിക്കുകയും ചെയ്യുന്നു മനോവയും ഭാര്യയും.

ഗർഭം ധരിച്ച് അഞ്ചുമാസത്തോളം ആരുടെയും മുമ്പിൽ പ്രത്യക്ഷപ്പെടാതെ പ്രാർത്ഥനയുടെയും തപസിന്റെയും സ്വകാര്യതയിൽ കഴിയുകയാണ് സഖറിയായുടെ ഭാര്യയായ എലിസബത്ത് ചെയ്തത്. അതിനുശേഷം അപമാനം വരുത്താത്ത, അപമാനം തുടച്ചുനീക്കുന്ന നല്ല ദൈവത്തിന് നന്ദിയും സ്തുതിയുമായി അവൾ പ്രത്യക്ഷപ്പെട്ടു.

"മനുഷ്യരുടെയിടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇതുചെയ്തുതന്നിരിക്കുന്നു" (ലൂക്കാ. 1:25).

**പേരും പൊരുളും**

'സഖറിയാ' എന്ന പദത്തിന്റെ അർത്ഥം 'ദൈവം എന്നെ സ്മരിച്ചു' എന്നാണ്. 'എലിസബത്ത്' എന്ന വാക്കിന്റെ അർത്ഥം 'എന്റെ ദൈവത്തിന്റെ ഭവനം' എന്നാണ്. 'യോഹന്നാൻ' എന്ന നാമത്തിന്റെ അർത്ഥം 'യഹോവ കരുണ കാണിക്കും' എന്നാണ്. ദൈവം തന്റെ മക്കളെ ഓർക്കുന്നവനും സാന്നിദ്ധ്യംകൊണ്ട് വസതിയാക്കി ഭവനത്തിൽ വസന്തം നിറയ്ക്കുന്നവനും കരുണ നിറഞ്ഞവനുമാണ്. നല്ല ദൈവത്തിന്റെ മൂന്നു നന്മകളായി ഈ പേരുകളെ കാണാം. ബൈബിളിലെ ഈ പേരുകളെല്ലാം അർത്ഥസമ്പുഷ്ടമാണ്. ■

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# തിരഞ്ഞെടുപ്പ്

ജനാധിപത്യഭരണക്രമത്തിൽ തിരഞ്ഞെടുപ്പിനുള്ള സ്ഥാനം എല്ലാർക്കുമറിയാം. ഇലക്ഷൻ കാലമാണെങ്കിൽ പറയാനുമില്ല. എവിടെയും പ്രചാരണകോലാഹലം! അതിന്റെ ഭാഗമായി എഴുതുന്ന ചുവരുകളിലും പോസ്റ്ററുകളിലും മറ്റും തിരഞ്ഞെടുപ്പ് എന്ന പദം പലവിധത്തിൽ കാണാറുണ്ട്. ചിലർക്ക് തിരഞ്ഞെടുപ്പാണെങ്കിൽ വേറേ ചിലർക്ക് തെരഞ്ഞെടുപ്പാണ്. ഇനിയൊരു കൂട്ടർക്കാകട്ടെ തിരിഞ്ഞെടുപ്പും. ഇവയിൽ ഏതാണ് ശുദ്ധരൂപം? ന്യായമായും ഈ സംശയം ഉണ്ടാകാം.

തിര എന്നും തിരി എന്നുമുള്ള രണ്ടു ധാതുക്കളിൽനിന്നു രൂപപ്പെട്ടവയാണ് തിരഞ്ഞെടുപ്പും തിരിഞ്ഞെടുപ്പും. തിര എന്ന ധാതുവിന് അന്വേഷിക്കുക എന്നർത്ഥം. തിരയുന്നു, തിരഞ്ഞു, തിരയും എന്നിങ്ങനെ ക്രിയാരൂപങ്ങളും. ഇവയുടെ അർത്ഥങ്ങൾക്കു തമ്മിൽ നേരിയ വ്യത്യാസമുണ്ട്. തിരഞ്ഞെടുപ്പിന് ഇലക്ഷൻ എന്നും തിരിഞ്ഞെടുപ്പിന് സിലക്ഷൻ എന്നുമാണർത്ഥം. രണ്ടിന്റെയും രൂപഭേദം മാത്രമാണ് തെരഞ്ഞെടുപ്പ്. അതായത് വാമൊഴിയിൽ വരുന്ന മാറ്റം. ഇല–എല, കുട–കൊട, വില–വെല, വിറക്–വെറക് എന്നിങ്ങനെ എഴുത്തിലും ഉച്ചാരണത്തിലും വരുന്ന ഭേദം നമുക്ക് പരിചിതമാണുതാനും. ഉദാസീനതകൊണ്ട് സംഭവിക്കുന്ന വർണ്ണവികാരമായി ഇവയെ കേരളപാണിനി പരിഗണിച്ചിട്ടുമുണ്ട്.

'പത്താം വാർഡിൽനിന്ന് ശ്രീമതി രാജമ്മയെ തിരഞ്ഞെടുത്തു.' 'എനിക്കിഷ്ടപ്പെട്ട രണ്ടു പുസ്തകം തിരിഞ്ഞെടുത്തു' എന്നിങ്ങനെ തിരഞ്ഞെടുപ്പും തിരിഞ്ഞെടുപ്പും തമ്മിലുള്ള രൂപഭേദവും അർത്ഥഭേദവും പ്രഫ. പന്മന രാമചന്ദ്രൻനായർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.* "എഴുത്തിലെ മാനകരൂപം തിര, തിരഞ്ഞെടുപ്പ് എന്നിവയാണ്. അതിനാൽ എഴുതുന്നത് തിരഞ്ഞെടുപ്പ് എന്നുതന്നെ വേണം.'' **തിരഞ്ഞെടുപ്പ് എന്ന പദം ഇലക്ഷൻ എന്നതിന്റെയും സിലക്ഷൻ എന്നതിന്റെയും അർത്ഥം ഉൾക്കൊള്ളുന്നതിനാൽ രണ്ടും സൂചിപ്പിക്കാൻ തിരഞ്ഞെടുപ്പ് എന്ന വാക്ക് സ്വീകരിച്ചാൽ മതിയാകുമെന്നാണ് എന്റെ പക്ഷം. സങ്കീർണ്ണതയിൽനിന്ന് ലാളിത്യത്തിലേക്കു സഞ്ചരിക്കുമ്പോഴാണല്ലോ ജീവൽഭാഷ കൂടുതൽ ജനകീയമാകുന്നത്.

**രാമചന്ദ്രൻ നായർ, പന്മന, പ്രൊഫ., നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം- 462*

***പ്രബോധചന്ദ്രൻ നായർ, വി. ആർ., ഡോ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015 പുറം-73*



# കൊവിഡ് ഭാവിതലമുറയ്ക്ക് ദുരന്തമോ?



ഡോ. ജോസ് ആന്റണി
സി.എം.ഐ.

രാജ്യത്തിന്റെ സമ്പത്തായ കുട്ടികളുടെ അവകാശങ്ങൾ, സുരക്ഷിതത്വം, വിദ്യാഭ്യാസം, പരിചരണം, മെച്ചപ്പെട്ട ഭാവിജീവിതം എന്നിവയുടെ പ്രാധാന്യം അനുസ്മരിപ്പിക്കുന്നതിനും വർദ്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി ഇന്ത്യയിൽ നവംബർ 14 കുട്ടികളുടെ ദിനമായി ആഘോഷിക്കുന്നു. കുട്ടികൾ ഒരു രാജ്യത്തിന്റെ ശക്തിയും അടിത്തറയുമാണെന്നും യഥാകാലം കുട്ടികൾ അറിവിന്റെ ഉന്നതപടവുകൾ കടന്ന് വിദ്യാഭ്യാസം നേടണമെന്നും വാദിച്ച ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയും കുട്ടികളുടെ ചാച്ചാജിയുമായ ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനാഘോഷം ഈ ദിനത്തിൽ നമ്മുടെ രാജ്യത്തിലുടനീളം നടക്കുന്നു.

1959 നവംബർ 20 ന് ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശപ്രഖ്യാപനം യു.എൻ. ജനറൽ അസംബ്ലിയിൽവച്ചു നടത്തി. 1989 നവംബർ 20 ന് യു.എൻ.സി.ആർ.സി.(ദി യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി റൈറ്റ്സ് ഓഫ് ദി ചൈൽഡ്) വിളിച്ചുകൂട്ടുകയും അന്നുമുതൽ കുട്ടികളുടെ അവകാശ ഉടമ്പടി നിലവിൽ വരികയും ചെയ്തു. അന്നുമുതൽ, നവംബർ 20 യൂണിവേഴ്സൽ ചിൽഡ്രൻസ് ഡേ ആയി ആചരിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്ത് നവംബർ 14 ആണ് ശിശുദിനമായി ആഘോഷിക്കുന്നത്.

കുട്ടികളുടെ അവകാശ ഉടമ്പടിയിൽ, കുട്ടികളുമായി ബന്ധപ്പെട്ട 54 ആർട്ടിക്കിൾ ആണുള്ളത്. ഇവ പ്രധാനമായും നാലെണ്ണമായി ക്രോഡീകരിച്ചിരിക്കുന്നു.

1. അതിജീവനത്തിനുള്ള അവകാശം. 2. സംരക്ഷണത്തിനുള്ള അവകാശം. 3. വികസനത്തിനുള്ള അവകാശം. 4. പങ്കാളിത്തത്തിനുള്ള അവകാശം. ഈ അവകാശാധിഷ്ഠിത ഉടമ്പടിപ്രകാരം എല്ലാ കുട്ടികൾക്കും എല്ലാവിധ അവകാശങ്ങളും ലഭ്യമാക്കാൻ ഏവർക്കും കടമയും ഉത്തരവാദിത്വവും ഉണ്ട്. സുരക്ഷിതബാല്യം കുട്ടികളുടെ അവകാശമാണ്.

ഈ ഉടമ്പടിപ്രകാരം ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളും കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഓരോ സർക്കാരും ഭരണഘടനാധിഷ്ഠിതമായ കുട്ടികളുടെ അവകാശങ്ങൾ നടപ്പിലാക്കുന്നതിനും പരമാവധി പരിശ്രമിച്ചുവരുന്നു. ഇതുവരെ ഇവിടെയുണ്ടായിരുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്രനിയമങ്ങളിൽനിന്നു പ്രചോദനം ഉൾക്കൊണ്ടും നമ്മുടെ രാജ്യത്തും 2000 ൽ സമഗ്രമായ ബാലനിയമം ഉണ്ടായി. 2015 ൽ ഇതു പുതുക്കുകയും ചെയ്തു. ഇതുവഴി നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾ എന്നിങ്ങനെ പ്രധാനമായും രണ്ടായി തിരിച്ച് അവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും ആവശ്യമായവയെല്ലാം ഏർപ്പെടുത്തിയിരിക്കുന്നു. ലൈംഗികാക്രമങ്ങളിൽനിന്നു കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമവും (പോക്സോ ആക്ട് 2012) പാസ്സാക്കി.

2011 സെൻസസ് പ്രകാരം 18 വയസ്സിൽ താഴെ 472 ദശലക്ഷം കുട്ടികൾ ഇന്ത്യയിലുണ്ട്. നമ്മുടെ രാജ്യത്ത് 100 കുട്ടികളിൽ 32 പേരാണ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. 4 കുട്ടികളിൽ ഒരാൾ സ്കൂളിനു പുറത്തു പോകുന്നു. 2% സ്കൂളുകൾ മാത്രമാണ് 12 വരെയുള്ള പൂർണ്ണവിദ്യാഭ്യാസം നൽകി വരുന്നത്.

5 വയസ്സുമുതൽ 14 വയസ്സിൽ 10.13 ദശലക്ഷം കുട്ടികൾ ബാലവേല ചെയ്യുന്നു. ഇത് 5–18 വയസ് എന്ന കണക്കിൽ 33 ദശലക്ഷമായി വർധിച്ചു. നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ കണക്കുപ്രകാരം രാജ്യത്ത് ഏകദേശം 150 കുട്ടികളെ ഒരു ദിവസം അവരവരുടെ സ്ഥലത്തുനിന്നു കാണാതാകുന്നുണ്ട്. കുട്ടികളുടെ സുരക്ഷിതത്വം കുറയുകയും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരുകയും ചെയ്യുന്നു. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ അഞ്ചുമടങ്ങു വർദ്ധനവാണ് ഉണ്ടായത്.

ദിവസവും 109 കുട്ടികൾ ലൈംഗികപീഡനത്തിനിരയാകുന്നു എന്ന് എൻ.സി.ആർ.ബി.യുടെ കണക്കുകൾ സൂചിപ്പിക്കുന്നു. അശ്ലീലസാമഗ്രികളുടെ നിർമ്മിതിയിൽ കുട്ടികളെ ഉപയോഗിക്കുന്നതും വർധിക്കുന്നു. ആരോഗ്യപോഷണരംഗത്തും കുട്ടികൾ ഏറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. 6 വയസ്സിനു താഴെ 20 ദശലക്ഷം കുട്ടികൾ പോഷകാഹാരക്കുറവ് നേരിടുന്നു. രണ്ടു വയസ്സിനു താഴെയുള്ള ആകെ കുട്ടികളിൽ ഏകദേശം 10 ശതമാനത്തിനു മാത്രമാണ് പൂർണ്ണ ഭക്ഷണം ലഭിക്കുന്നത്.

ആരോഗ്യവിദ്യാഭ്യാസ വളർച്ചാമേഖലകളിൽ, കേരളം ഇന്ത്യയിൽ ഏറെ മുന്നിലാണ് എന്നത് അഭിമാനാർഹമാണ്. എന്നാൽ, കേരളത്തിലെ കുടുംബങ്ങളിലെ, മാതാപിതാക്കളുടെ പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന വിവാഹമോചനം, മുതിർന്നവരുടെ അമിതമായ മദ്യോപയോഗം തുടങ്ങിയവ ഇന്ന് കുട്ടികളുടെ ഭാവിയെ ഏറെ ദോഷകരമായി ബാധിച്ചുകഴിഞ്ഞു. കുട്ടികളിലെ ലഹരിയുപയോഗവും, കുറ്റവാളികളായ കുട്ടികളുടെ എണ്ണവും വർധിക്കുന്നു. പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടാനാവാതെ മാനസികമായി തകർന്ന കുട്ടികളുടെ എണ്ണം ഉയരുകയും ചെയ്യുന്നു. മാനസിക പ്രശ്നങ്ങളിൽപ്പെട്ടുഴലുന്നതും ചികിത്സ നൽകേണ്ടതുമായ അനേകം കുട്ടികൾ ഇന്നുണ്ട്. ആത്മഹത്യാനിരക്കും അനുദിനം വർധിക്കുന്നുണ്ട്. ലോക്ഡൗൺ കാലത്തുമാത്രം കേരളത്തിൽ 123 കുട്ടികൾ ആത്മഹത്യ ചെയ്തു. ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്.

കൊവിഡ് 19 ന്റെ പരിണതഫലം കൂടുതലും അനുഭവിക്കാൻ പോകുന്നത് ഇന്നത്തെ കുട്ടികളാണ്. അവരുടെ അതിജീവനംതന്നെ വലിയ പ്രതിസന്ധിയായിക്കഴിഞ്ഞു. വിദ്യാഭ്യാസാരോഗ്യമേഖലയിലും ഇത് പ്രതിഫലിച്ചു. ദാരിദ്ര്യം കൂടുകയും പോഷകാഹാരം, പ്രതിരോധമരുന്നുകളുടെ ഉപയോഗം ഇവയിൽ തടസ്സങ്ങൾ വന്നുചേരുകയും ചെയ്തു. ആശുപത്രിയിൽ പോയി ചികിത്സിക്കാൻ സൗകര്യമില്ലാത്തതും, വൈറസ് ഭീതിയിൽ ധൈര്യക്കുറവുമൂലം ചികിത്സിക്കാത്തതും, സമയത്ത് ചികിത്സ കിട്ടാത്തതും, ഓപ്പറേഷൻ പോലെയുള്ള ചികിത്സകൾ ചെയ്യാൻ സാധിക്കാത്തതും വലിയ പ്രശ്നങ്ങളിലേക്കു ചെന്നെത്തുന്നു. കുട്ടികളുടെ ഓൺലൈൻ പഠനം കാര്യക്ഷമമല്ലെന്നു മാത്രമല്ല, പഠനമേഖല വിടുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്നു. ഇന്റർനെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത പഠനമേഖലയെ ബാധിച്ചിട്ടുണ്ട്.

മാതാപിതാക്കൾ ജോലിക്കു പോകുമ്പോൾ ഒറ്റയ്ക്കു വീട്ടിൽ കഴിയേണ്ടിവരുന്ന കുട്ടികളുടെ അവസ്ഥ, വ്യായാമക്കുറവ്, കളിസ്ഥലത്തിന്റെയും സാമൂഹികബന്ധങ്ങളുടെയും അഭാവം, കലാകായികമേഖലയിലെ പരിശീലന – മത്സര – സാഹചര്യങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിവിശേഷം ഇവ കുട്ടികളുടെ സമഗ്രവളർച്ചയെ ദോഷകരമായി ബാധിക്കുന്നു ഇത് ഒരു പുതിയ ജീവിതശൈലി രൂപപ്പെടുത്തി.

ജനനംമുതൽ സംരക്ഷിക്കപ്പെടേണ്ട ഏറ്റവും ദുർബലവിഭാഗമായ കുട്ടികളെ സമഗ്രതയോടെ വളർത്തുമ്പോഴാണ് രാജ്യം വികസിതമാക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്കനുസൃതമായുള്ള ഉന്നമനത്തിലേക്കു കുട്ടികളുടെ വളർച്ച ഇന്നു സാധ്യമാകുന്നില്ല, പ്രത്യേകിച്ചു ഗ്രാമീണമേഖലയിൽ. കൂട്ടായ പരിശ്രമമാണ് ഇതിനാവശ്യം. ശാരീരിക – ബൗദ്ധിക – വളർച്ചപോലെതന്നെ അനുഭവസമ്പത്തുള്ള മനഃശാസ്ത്രകൗൺസലേഴ്സിന്റെ സഹായത്തോടെ മാനസികവളർച്ചയ്ക്ക് ആവശ്യമായതുകൂടി ചെയ്യുമ്പോൾ കുട്ടികളിലൂടെ രാജ്യം വലിയ പുരോഗതിയിൽ എത്തിച്ചേരുമെന്നതിൽ സംശയമില്ല. ■

## സൗഹൃദം

കവിത
സി. ഹരികുമാർ

ഒരുപാടുകാലമായി
നമ്മൾ തമ്മിൽ
ഒരുമിച്ചുകണ്ടിട്ട്
ഓർമ്മയുണ്ടോ...?

ഒരുവേളയെങ്കിലും
ഓർത്തുവോ നീ
ഒരു മാത്രയെന്നെ
വിളിച്ചുവോ നീ?

പണയാഭരണം
പുതുക്കുന്നപോൽ
സൗഹൃദം മെല്ലെ
പുതുക്കിവയ്ക്കാം.

സൗഹൃദപ്പൂക്കളി
റുത്തെടുത്ത്
സ്നേഹമാം നൂലിൽ
കൊരുത്തുവയ്ക്കാം.

കാലം പതുക്കെ
കടന്നുപോകേ
കാലത്തിനൊപ്പം
നടന്നടുക്കാം.

പാഠങ്ങളൊക്കെ
പഠിച്ചെടുക്കാൻ
കാലം നമുക്ക്
കടം തരുന്ന
നേരമതൊക്കെ
കരുതലാക്കാം.

കൂട്ടുകാരൊക്കെ
യകന്നുപോകും
കൂടുകൾ തേടി
പറന്നുപോകും
എങ്കിലും സൗഹൃദ-
മെന്നുമെന്നും
ഓർമ്മച്ചെരാതായി
വിളങ്ങിടുമേ!



# നൈതികതയുടെ സാഹിത്യദർപ്പണം

## ലിയോ ടോൾസ്റ്റോയി ഓർമ്മയായിട്ട് നവംബർ ഇരുപതിന് 110 വർഷം



നയൻതാര സിബി

അനുഭൂതികളുടെ സംക്രമണമാണ് കലയുടെ പരമധർമ്മം. സഹജീവികളുമായുള്ള ബന്ധസംസ്ഥാപനം അതിന്റെ മുഖ്യപ്രയോജനവും. ഒരേ അനുഭൂതിയുടെ ചരടിൽ മനുഷ്യരെ കോർക്കുന്ന കർമ്മിയായി കലാകാരനെ വീക്ഷിച്ച ലിയോ ടോൾസ്റ്റോയി കലാസംബന്ധിയായി സ്വകീയമായ ദർശനവും അതിന്റെ തികവുറ്റ പ്രയോഗരൂപവും ആവിഷ്കരിച്ച മനീഷിയാണ്.


ക്രൈസ്തവദർശനമാണ് ടോൾസ്റ്റോയിയുടെ കലാചിന്തയുടെ അധിഷ്ഠാനം. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്ന വിശുദ്ധഗ്രന്ഥവാക്യമാണ് അദ്ദേഹത്തിന്റെ ദർശനസൗധത്തിന്റെ അസ്തിവാരം. ഇതേ ആശയത്തിന്റെ വികസിതരൂപമാണ് ഫ്രാൻസിസ് മാർപാപ്പായുടെ 'ഏവരും സോദരർ' എന്ന പുതിയ ചാക്രികലേഖനം. കലാനുഭവം മനുഷ്യജനതയെ ഏകോപിപ്പിക്കുകയും ദൈവോന്മുഖമാക്കുകയും ചെയ്യുന്നുവെന്നതാണ് ടോൾസ്റ്റോയിയുടെ തത്ത്വം. അപരരുടെ വികാരങ്ങൾ കലയിലൂടെ സഹൃദയരിലേക്കു പ്രവഹിക്കുന്നു. പരസ്പരസംവേദനത്തിനുള്ള സാധ്യതയാണു കല പ്രദാനം ചെയ്യുന്നത്. കലാകാരനും സ്വീകർത്താവിനും മധ്യേയുള്ള വിഭക്താവസ്ഥയെക്കുറിച്ചുള്ള ബോധം യഥാർത്ഥ കലാസൃഷ്ടിയിൽ തിരോഭവിക്കുന്നു. കലയുടെ അദമ്യമായ ശക്തിവിശേഷം ഏകത്വത്തിലധിഷ്ഠിതമാണ്. തന്റെ സങ്കല്പത്തിലുള്ള ഉത്തമകലയ്ക്ക് 'ക്രൈസ്തവകല' എന്നാണദ്ദേഹം നാമകരണം ചെയ്തിട്ടുള്ളത്. ഏതു മനുഷ്യനെ സംബന്ധിച്ചും ഹൃദയംഗമമായിരിക്കും ക്രൈസ്തവകല സംവേദനം ചെയ്യുന്ന വികാരം. ഏവർക്കും അഭിഗമ്യമായ അനുഭൂതികളെ ആവിഷ്കരിക്കുന്ന ക്രൈസ്തവകല സാർവജനീനമായിരിക്കണം. കല ആനന്ദമോ വിനോദമോ സമാശ്വാസമോ അല്ല. മനുഷ്യസാഹോദര്യബോധത്തെ അനുഭൂതിയാക്കി മാറ്റുകയാണ് അതു ചെയ്യുന്നത്. സ്നേഹസാമ്രാജ്യത്തിന്റെ നിർമ്മിതിയാണ് കലയുടെ മഹാലക്ഷ്യം. ജീവിതംകൊണ്ട് താൻ സ്വരൂപിച്ച സ്നേഹദർശനം ജീവിതത്തെ എഴുത്തായി പകർത്തി സാഹിത്യത്തിൽ ടോൾസ്റ്റോയി വിലയിപ്പിച്ചു.

യാസ്നായ പോളിയാന എന്ന റഷ്യൻദേശം ലോകസാഹിത്യഭൂപടത്തിൽ മുദ്രണം ചെയ്ത് ലിയോ ടോൾസ്റ്റോയി ജനിച്ചത് 1828 സെപ്റ്റംബർ 9 നാണ്. തഥ്യാവാദത്തിന്റെ പ്രയോഗകർത്താവായാണ് അദ്ദേഹം സാഹിത്യത്തിൽ വ്യാപരിച്ചത്. മൂന്നു നോവലുകളും ഏതാനും നോവെല്ലകളും നിരവധി ചെറുകഥകളും അദ്ദേഹത്തിന്റെ സാഹിത്യസഞ്ചയികയെ നിറവുള്ളതാക്കുന്നു. യഥാതഥ സാഹിത്യത്തിന്റെ ഉത്തുംഗഗോപുരങ്ങളായി നിലകൊള്ളുന്നു അദ്ദേഹത്തിന്റെ 'യുദ്ധവും സമാധാനവും', 'അന്ന കരെനിന' എന്നീ നോവലുകൾ. 1910 നവംബർ 20 ന് മരണമടയുന്നതുവരെ വാസ്തവികതയുടെ വെളിപ്പെടലുകളായി തന്റെ കൃതികളെ വിഭാവനം ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ടോൾസ്റ്റോയി.

ക്രിമിയൻ യുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള ടോൾസ്റ്റോയിക്ക് യുദ്ധത്തിന്റെ ഭീകരതയും അതിന്റെ അർത്ഥശൂന്യതയും വ്യക്തമായി ഗ്രാഹ്യമുണ്ടായിരുന്നു. സ്വാനുഭവത്തിൽനിന്നാവർത്തിച്ച ബോധ്യങ്ങൾ ചേർത്തുവച്ച് അദ്ദേഹം തന്റെ പ്രഥമ നോവൽ വിരചിച്ചു: 'യുദ്ധവും സമാധാനവും(1869). പരസ്പര വൈരികളായ രണ്ടു പദങ്ങളെ ഘടിപ്പിച്ച് അദ്ദേഹം സൃഷ്ടിച്ച ശീർഷകം തന്നെ എത്ര അർത്ഥവത്താണ്! സാർ ഭരണകൂടകാലത്തെ റഷ്യൻ ജീവിതം അവതീർണ്ണമാകുന്ന ഈ കൃതിയിൽ രാഷ്ട്രീയപരിതോവസ്ഥകൾ സസൂക്ഷ്മം അനുധാവനം ചെയ്തിട്ടുണ്ട്. ചരിത്രാംശവും താത്ത്വികാവലോകനങ്ങളും കഥാഗാത്രത്തിന് അവയവങ്ങളാക്കി ഘടന ചെയ്തിട്ടുള്ള ഈ ആഖ്യായികയെ നോവൽ എന്നു വിശേഷിപ്പിക്കാൻ നോവലിസ്റ്റ് മടിക്കുന്നുണ്ട്. പക്ഷേ, കാലത്തെ അതിജീവിച്ച രചനാതന്ത്രങ്ങളാൽ പിൻഗാമികൾക്ക് ഒരു മാതൃകയായി 'യുദ്ധവും സമാധാനവും' മാറി.

ചരിത്രത്തിനു ചില പൊതുനിയമങ്ങൾ നിർമ്മിക്കാനുള്ള എല്ലാ ശ്രമങ്ങളെയും 'യുദ്ധവും സമാധാനവും' ശക്തിയുക്തം ചെറുക്കുന്നു. യുദ്ധംപോലെതന്നെ ചരിത്രവും യാദൃച്ഛികതയുടെ സൃഷ്ടിയാണ്. ഒരു ഘടനയ്ക്കും വഴങ്ങാത്ത, നിയതമായ ദിശകളേതുമില്ലാത്ത നിലനില്പാണവയ്ക്കുള്ളത്. മഹാവ്യക്തികളുടെ, ഭരണാധികാരികളുടെയും തത്ത്വചിന്തകരുടെയും വ്യവസായപ്രമുഖരുടെയും മറ്റും, ആശയങ്ങൾക്കും പദ്ധതികൾക്കും അനുസൃതമായാണ് ചരിത്രം രൂപപ്പെടുന്നത് എന്നൊരു പൊതുധാരണയുണ്ട്. എന്നാൽ, സാമാന്യജനങ്ങൾ സ്വീകരിക്കുന്ന അസംഖ്യം ചെറുനിശ്ചയങ്ങളുടെ സാകല്യമാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത്. അവരുടെ ക്രിയകൾ, പക്ഷേ, രേഖപ്പെടുത്തത്തക്ക പ്രാധാന്യമുള്ളവയാവണമെന്നില്ല. നിസ്സാരമായ ദിനവൃത്തികളാണ് ജീവിതത്തിൽ നന്മയെയും തിന്മയെയും നിർണ്ണയിക്കുന്നത് എന്നു വിശ്വസിക്കുന്ന ടോൾസ്റ്റോയി ദർശനഗുരുതയുള്ള കഥാപാത്രങ്ങളായി അവതരിപ്പിച്ചിട്ടുള്ളത് ഒരു സാധാരണ പട്ടാളക്കാരനെയും ദയാലുവായ ഒരു സ്ത്രീയെയും - നിക്കോളായ്യെയും മരിയയെയും - ആണെന്നത് ദർശനത്തിന്റെ പ്രയുക്തതലത്തെ ഭദ്രമാക്കുന്നു.

തന്റെ പ്രഥമയഥാർത്ഥകൃതി എന്ന് ടോൾസ്റ്റോയി വിശേഷിപ്പിച്ച അന്ന കരെനിന (1878)



നൈതികവിചിന്തനത്തിന്റെ ഭിന്നതലസ്പർശിയാണ്. മൂന്ന് അഭിജാത കുടുംബങ്ങളാണ് കഥയുടെ തട്ടകം. ഒബ്ലോൻസ്കി, കരെനിൻ, ലെവിൻ കുടുംബങ്ങൾ, കരെനിന്റെ പത്നി അന്നയും അലക്സി വ്രോൻസ്കിയും തമ്മിൽ ഉടലെടുത്ത അഗമ്യഗമനത്തെ ഭ്രമണം ചെയ്ത് കഥ ചരിക്കുന്നു. യാഥാസ്ഥിതികതയും പരിഷ്കാരവും തമ്മിലുള്ള സംഘർഷത്തെ വ്യംഗ്യമായി സൂചിപ്പിച്ച് ഇവ രണ്ടിനെയും പ്രതിനിധാനം ചെയ്യുന്ന സെന്റ് പീറ്റേഴ്സ്ബർഗ്, മോസ്കോ എന്നീ നഗരങ്ങളെ കഥാപശ്ചാത്തലമാക്കിയിരിക്കുന്നു. കഥയിൽ ആവർത്തിച്ചുവരുന്ന ഒരു രൂപകമാണ് തീവണ്ടി. കഥാസന്ദർഭങ്ങൾ പലതും നടക്കുന്നത് തീവണ്ടിയാത്രകളിലും റെയിൽവേ പ്ലാറ്റ്ഫോമുകളിലുമാണ്. ദ്രുതപരിവർത്തനങ്ങൾ സംഭവിക്കുന്ന റഷ്യൻ സാമൂഹികാവസ്ഥയെ തീവണ്ടി പ്രതിനിധീകരിക്കുന്നു. കഥാന്ത്യത്തിൽ മനഃസാക്ഷിയുടെ ചോദ്യശരങ്ങളിൽ ക്ലേശിതയായി മൃതിയെത്തേടി അന്ന അണയുന്നതും ഓടുന്ന തീവണ്ടിയുടെ ചക്രങ്ങൾക്കു കീഴിലാണ്. വസ്തുവത്കൃതമായ ഒരു സാന്നിധ്യത്തിനപ്പുറം ആശയങ്ങൾ പലതു പകർന്നാണ് തീവണ്ടികൾ ഈ കൃതിയിൽ ഓടിക്കൊണ്ടിരിക്കുന്നത്. പഥസഞ്ചലനം പാപത്തിലേക്കും മരണത്തിലേക്കും നയിച്ച അന്നയുടെ കഥയ്ക്കു സമാന്തരമായി ഉത്തമപ്രണയത്തിലൂടെ മൃത്യുഭീതിയെ അതിജീവിക്കുന്ന ലെവിന്റെ കഥകൂടി അവതരിപ്പിച്ചാണ് ടോൾസ്റ്റോയി 'അന്ന കരെനിന' എന്ന നോവലിനെ നീതിഭദ്രമാക്കുന്നത്. തീവ്രപ്രണയത്തിന്റെ സൗന്ദര്യത്തെ കാലാകാലങ്ങളിൽ വാഴ്ത്തിയിട്ടുള്ള കലാകാരന്മാർ അവഗണിച്ച ഉത്തമകുടുംബങ്ങളുടെ ഗാഢമായ സ്നേഹമാണിവിടെ ആത്യന്തികവിജയം നേടുന്നത്. നൈതികത എന്നാൽ കാലാതീതമായ നിയമങ്ങളെ ഏതു സാഹചര്യത്തിലും നിബന്ധിക്കലല്ല. ഒരു ജീവിതകാലംകൊണ്ടു വികസിതമായ അവബോധത്തെ സമാശ്രയിച്ചാണ് നൈതികതയുടെ അസ്തിത്വം. സന്ദർഭാനുസൃതം മനുഷ്യർ കൈക്കൊള്ളുന്ന കൊച്ചുതീരുമാനങ്ങളുടെ ശരിതെറ്റുകളിൽനിന്നാണ് തിന്മ ആത്യന്തികമായി ആവിർഭവിക്കുന്നത്. ജീവിതനിത്യവൃത്തി അതിപ്രധാനം എന്ന തത്ത്വത്തിലേക്കാണ് അന്ന കരെനിനയും നയിക്കുന്നത്.

ടോൾസ്റ്റോയിയുടെ അവസാനനോവലായ പുനരുത്ഥാന (1899)ത്തിന് മുൻനോവലുകളെപ്പോലെ പ്രചുരപ്രചാരം സിദ്ധിച്ചില്ല. എങ്കിലും മനുഷ്യനിർമ്മിതനിയമങ്ങളുടെ അനീതികളും സ്ഥാപനവത്കൃതമതത്തിന്റെ ഇരട്ടത്താപ്പും വ്യക്തമായി വരച്ചിടാൻ ഈ കൃതിക്കു സാധിച്ചിട്ടുണ്ട്. പൂർവ്വകാലപാപത്തിന്റെ പിഴയൊടുക്കാൻ ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന ദിമിത്രി ഇവാനോവിച്ച് നെഖ്ള്യുദോവിന്റെ കഥാതന്തു വികാരതീവ്രമായിരുന്നെങ്കിലും ആവിഷ്കരണത്തിൽ അത്ര ഫലപ്രദമാകാതെപോയതാണ് ഈ കൃതിയുടെ പ്രചാരലുപ്തിക്കു ഹേതു. സ്വാനുഭൂതികളെ കലയിലൂടെ അന്യരിലേക്കു പ്രക്ഷേപിക്കുക എന്ന ടോൾസ്റ്റോയിയുടെ ആദർശകലാധർമ്മം 'പുനരുത്ഥാന'ത്തിൽ പൂർണ്ണവിജയം പ്രാപിക്കാതെപോയെങ്കിലും കൃതിയിൽ പരാമൃഷ്ടമാകുന്ന വിഷയത്തിന്റെ പ്രസക്തി അവഗണനീയമല്ല. ലോകസാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധമായ നോവെല്ല എന്നു വിശേഷിപ്പിക്കപ്പെടാറുണ്ട്, ഇവാൻ ഇലിയിച്ചിന്റെ മരണം (1886). നിസ്സാരതകളാൽ നിശ്ശൂന്യമായിത്തീർന്ന ഈ ജീവിതം ക്രമികമായി മരണത്തെ പ്രാപിക്കുകയാണെന്ന അത്യന്തം അസ്തിത്വവാദപരമായ ഉൾക്കാഴ്ചയാണ് ഈ നോവെല്ലയുടെ കാതൽ. ടോൾസ്റ്റോയിയുടെ ആത്മസന്ദേഹങ്ങളും ജീവിതവീക്ഷണവും കൃതിയെ മുറുക്കമുള്ളതാക്കുന്നു. 'ദൈവരാജ്യം നിങ്ങളിലാണ്' (1894) എന്ന രചന ലോകചരിത്രത്തിനു മുന്നോട്ടുഗമിക്കാൻ ഗതികോർജ്ജം പകർന്നു. ഹിംസരഹിത പ്രതിരോധം എന്ന ആദർശത്തിന്റെ അവതരണം കൃതിയെ കാലാതീതമാക്കുന്നു. ക്രിസ്തുദർശനത്തിന്റെ അന്തഃസത്തയായി ടോൾസ്റ്റോയി കാണുന്നതിതാണ്. ദൈവപുത്രൻ കുരിശേറി നൽകിയ സഹനപാഠം ടോൾസ്റ്റോയി പൂർണ്ണമായി ഉൾക്കൊണ്ടു. മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിങ് തുടങ്ങിയ മഹത്തുക്കൾക്ക് സമാധാനപാതയിൽ പ്രതിരോധം ചമയ്ക്കാൻ പ്രേരകമാവുക എന്നത് 'ദൈവരാജ്യം നിങ്ങളിലാണ്' അനുഷ്ഠിച്ച ചരിത്രദൗത്യമായിരുന്നു. വിസ്താരഭയത്താൽ അവ കൂടുതൽ വിശദീകരിക്കുന്നില്ല. പഴയനിയമത്തിലെ പ്രതികാരാശയങ്ങളെ തിരസ്കരിച്ച ടോൾസ്റ്റോയ്ക്ക് ബൈബിളിലെ ഏറ്റവും ദീപ്തമായ ഭാഗം മലയിലെ പ്രസംഗമായിരുന്നു. കരുണ ചെയ്യാനും ആലംബഹീനർക്കു തുണയേകാനും നീതിക്കായി സഹിക്കാനുമുള്ള പ്രേരണ സുവിശേഷഭാഗ്യങ്ങൾ അദ്ദേഹത്തിനു പകർന്നു. മനുഷ്യകുലത്തിന് ആത്മീയമായി പുരോഗമിക്കാനുള്ള ശ്രേഷ്ഠദർശനങ്ങൾ തന്റെ സൃഷ്ടികളിൽ സംക്ഷേപിക്കാനുള്ള യത്നത്തിൽ ക്രൈസ്തവദർശനം അദ്ദേഹത്തിനും മാർഗ്ഗമരുളി.

ആധുനിക വിമർശകനായ മിഖായീൽ ബഖ്തീൻ സാഹിത്യത്തിന്റെ അടിസ്ഥാനഗുണമായി വീക്ഷിക്കുന്നത് ബഹുസ്വരതയെയാണ്. ദെസ്തയേവ്സ്കിയുടെ കൃതികളിൽ ഈ ഗുണം നിറഞ്ഞു പ്രസരിക്കുമ്പോൾ ബഹുസ്വരതയുടെ രാഹിത്യമാണ് അദ്ദേഹം ടോൾസ്റ്റോയിയിൽ കാണുന്നത്. എങ്കിലും ലോകസാഹിത്യത്തിൽ സമശീർഷരായി നിലയുറപ്പിച്ചിട്ടുണ്ടെങ്കിൽ ടോൾസ്റ്റോയിയെ ധനാത്മകമായി വ്യതിരിക്തനാക്കുന്ന ഒരു സവിശേഷഗുണം അദ്ദേഹത്തിന്റെ രചനകളിൽ അന്തർഭവിച്ചിട്ടുണ്ടാവണം. നൈതികതയുടെ ശക്തമായ അടിയൊഴുക്കാണത്. ബഹുസ്വരത ലാവണ്യദായകമെങ്കിലും നൈതികതയുടെ ലാവണ്യം ദാർഢ്യമിയന്ന ഏകസ്വരതയാണ്. 'അപരനോടുള്ള ഉത്തരവാദിത്വമാണ് നൈതികത' എന്ന് ഇമ്മാനുവൽ ലെവിനാസ്. അതിന്റെ നിറമാർന്ന നിറവാണ് ടോൾസ്റ്റോയിക്കഥകൾ. ■

Deepanalam Weekly
RNI No : 16998/68
Vol. 53 No. 29 Date of Publication 19 November 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com